
Reg. No. M. 2293

ഒററ പ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കുംഭം 26—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 മാർച്ച് 10 | ലക്കം 28



തിരുസഭാസംരക്ഷകനായ വി. യൗസേപ്പേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

നോമ്പുകാലചിന്ത

# ദൈവകല്പനകൾ

(റവ. ഫാദർ ലിയോ കപ്പൂച്ചിൻ)

കല്പനകൾ എന്നു കേൾക്കുമ്പോൾ ഒരു ഭയം, അല്ലെങ്കിൽ ഒരു പ്രതിഷേധം ചിലരുടെ മനസ്സിൽ ഉണ്ടാകാറുണ്ട്. എന്നാൽ വിദ്യാർത്ഥി അദ്ധ്യാപകനെ അന്വേഷിക്കുന്നതുപോലെയും, വൃദ്ധൻ വടി ആവശ്യപ്പെടുന്നതുപോലെയും വിവേകമുള്ള മനുഷ്യൻ ദൈവകല്പനകൾ ആരായുന്നു. ഭക്തനായ മോശ ജലപാനംപോലും ചെയ്യാതെ നാല്പതുദിവസം സീനായിമലയിൽ തപസ്സുചെയ്തപ്പോൾ നല്ലവനായ ദൈവം പ്രസാദിച്ച് മനുഷ്യരാശിയുടെ പൊതുനന്മയെ ഉദ്ദേശിച്ച് ഒരു സമ്മാനം എന്നവണ്ണം നൽകിയ നിർദ്ദേശങ്ങളാണ് "ദൈവകല്പനകൾ." ശരിയായി ചിന്തിച്ചാൽ അവ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം നമ്മെ സന്തോഷിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്യുന്നു

ആചാര്യന്മാരുടെ പുസ്തകം ഇരുപത്താറാം അദ്ധ്യായത്തിൽ നിന്നും താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധാർഹമാണ്.

"ആരാധിക്കുവാൻവേണ്ടി വിഗ്രഹങ്ങളും ബിംബങ്ങളും നിങ്ങൾ ഉണ്ടാക്കരുത്, തൂണുകൾ നാട്ടരുത്, പ്രത്യേക് കല്ലുകൾ സ്ഥാപിക്കരുത്. നിങ്ങളുടെ ദൈവമായ കർത്താവു ഞാനാകുന്നു. എന്റെ സാബത്തുദിനങ്ങൾ നിങ്ങൾ ആചരിക്കുക, എന്റെ വിശുദ്ധ സ്ഥലത്തെ നിങ്ങൾ ബഹുമാനിക്കുകയും ചെയ്യു. ഞാൻ കർത്താവാകുന്നു. നിങ്ങൾ എന്റെ നിയമങ്ങൾ അനുസരിച്ച് വ്യാപരിക്കുകയും എന്റെ കല്പനകൾ അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്താൽ ഞാൻ നിങ്ങൾക്കു വേണ്ടിയ മഴ അതതിന്റെ സമയത്തു തരികയും, ഭൂമി അതിന്റെ വിളവുകൾ നൽകുകയും പറമ്പിലെ വൃക്ഷം അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയുംചെയ്യും.......... നിങ്ങൾ അപ്പം ഭക്ഷിച്ചു തൃപ്തരാകും. സമാധാനത്തോടുകൂടി നിങ്ങളുടെ നാട്ടിൽ നിങ്ങൾ പാർക്കുകയുംചെയ്യും. ഞാൻ നിങ്ങളുടെ ദേശത്തു സമാധാനം തരും. നിങ്ങൾ ഉറങ്ങും. നിങ്ങളെ ഭയപ്പെടുത്തുവാൻ ആരും ഉണ്ടാകയില്ല. നിങ്ങളുടെ ദേശത്തുനിന്നു ദുഷ്ടമൃഗങ്ങളെ ഞാൻ ഇല്ലാതാക്കും. വാൾ നിങ്ങളുടെ ദേശത്തുകൂടി കടക്കുകയുമില്ല. ......ഞാൻ നിങ്ങളുടെ ദൈവമായിരിക്കും, നിങ്ങൾ എന്റെ ജനവുമായിരിക്കും........ എന്നാൽ നിങ്ങൾ എന്റെ വാക്കുകൾ കേൾക്കാതിരിക്കുകയും ഈ കല്പനകൾ എല്ലാം ആചരിക്കാതിരിക്കുകയും എന്റെ നിയമങ്ങൾ ധിക്കരിക്കുകയും എന്റെ വിധികളെ നിങ്ങളുടെ മനസ്സു വെറുത്ത് എന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കാതിരിക്കുകയും എന്റെ ഉടമ്പടികൾ ഉപേക്ഷിക്കുകയും ചെയ്താൽ ഞാനും നിങ്ങളോട് ഇങ്ങനെ ചെയ്യും. കണ്ണുകളെ ക്ഷയിപ്പിക്കുന്നതും പ്രാണനെ ദ്രവിപ്പിക്കുന്നതുമായ ദാരിദ്ര്യംകൊണ്ടും ദഹിപ്പിക്കുന്ന ഉഷ്ണംകൊണ്ടും അതിവേഗത്തിൽ ഞാൻ നിങ്ങളെ സന്ദർശിക്കും. നിങ്ങൾ വിത്തുകൾ വൃഥാ വിതയ്ക്കും. ശത്രുക്കൾ അതു ഭക്ഷിക്കും. നിങ്ങളുടെമേൽ എന്റെ കോപമുണ്ടാകും, അപ്പോൾ ശത്രുക്കളുടെ മുമ്പാകെ നിങ്ങൾ തകർക്കപ്പെടും. നിങ്ങളെ ദ്വേഷിക്കുന്നവർ നിങ്ങളുടെമേൽ പ്രബലപ്പെടും. ആരും ഓടിക്കാതെ നിങ്ങൾ ഓടും. എന്നാൽ ഇവകൊണ്ടും നിങ്ങൾ എന്നെ അനുസരിക്കാതിരുന്നാൽ, നിങ്ങളുടെ പാപംനിമിത്തം ഏഴുമടങ്ങായി നിങ്ങളെ ഞാൻ വീണ്ടും ശിക്ഷിക്കും. നിങ്ങളുടെ ശക്തിയുടെ പ്രതാപം ഞാൻ തകർക്കും. നിങ്ങളുടെ ആകാശം ഇരുമ്പുപോലെയും നിങ്ങളുടെ ഭൂമി പിച്ചളപോലെയും ഞാൻ ആക്കിത്തീർക്കും.........."

ഇന്നു വളരെ അധികം ആളുകളുടേയും ശ്രദ്ധമുഴുവൻ പതിയുന്നതു് അന്നവസ്ത്രാദികളിലാണ്. ദൈവത്തെ ആരാധിക്കണമെന്നോ, ദൈവപ്രമാണം പാലിക്കണമെന്നോ അവർ ചിന്തിക്കുന്നില്ല. അതിനു അവർക്കു സമയമില്ല. ചിലർ ദൈവാസ്തിക്യത്തെ നിഷേധിക്കുന്നു. ദൈവത്തെ മാററിനിറുത്തിയിട്ട് അധികകാലം മുമ്പോട്ടുപോകുവാൻ സാദ്ധ്യമല്ലെന്നു അവർ വിസ്മരിക്കുന്നു. വിവിധശിക്ഷകൾമൂലം അവരുടെ കുററം ദൈവം അവരെ മനസ്സിലാക്കികൊടുക്കുന്നു.

## ഉപകാരസ്മരണ

പൂവരണിയിൽ പ്രതിഷ്ഠിതമായിരിക്കുന്ന അത്ഭുതപ്രവർത്തകയായ വിശുദ്ധ ഫിലോമിനായുടെ സഹായത്താൽ അസാദ്ധ്യമെന്നു തോന്നിയിരുന്ന കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

വി. എം. എസ്., പൂവരണി.

---

നാം ചെയ്യേണ്ടതു ചെയ്താൽ ദൈവം നമ്മെ അനുഗ്രഹിക്കും. സ്വർഗ്ഗീയമായ സുഖം ആഗ്രഹിച്ചുകൊണ്ട് ദൈവത്തെ സ്നേഹിച്ച് അവിടുത്തെ പ്രമാണം എല്ലാം പാലിച്ചാൽ നാം എല്ലാവിധത്തിലും, ഇഹത്തിലും പരത്തിലും സംതൃപ്തരാകത്തക്കവണ്ണം ദൈവം നമ്മെ സഹായിക്കും. "എന്തുതിന്നും എന്നോ, എന്തുകുടിക്കും എന്നോ, എന്തു ഉടുക്കും എന്നോ നിങ്ങൾ വിചാരിക്കുകയും പറയുകയും വേണ്ട. ലോകത്തിലെ പുറജാതികളാകുന്നു ഇവയെല്ലാം അന്വേഷിക്കുന്നതു്. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു്, ഇവയെല്ലാം നിങ്ങൾക്കും ആവശ്യമായിരിക്കുന്നു എന്നറിയുന്നു. നിങ്ങൾ ആദ്യമായി ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാംകൂടി നിങ്ങൾക്കു തരപ്പെടും." (വി. മ. VI. 31-33)

ഇസ്രായേൽ ജനങ്ങൾ ദൈവപ്രമാണങ്ങൾ ഉപേക്ഷിച്ച് ജീവിച്ചിരുന്നപ്പോഴെല്ലാം ദൈവം അവരെ കഠിനമായി ശിക്ഷിച്ചിരുന്നുവെന്നും, അവർ പരിഹാരം ചെയ്ത് ദൈവപ്രമാണം പാലിക്കുവാൻ ശ്രമിച്ചപ്പോഴെല്ലാം ശിക്ഷകളെ മാററി ദൈവം അവരെ അത്ഭുതകരമാംവണ്ണം അനുഗ്രഹിച്ചിരുന്നുവെന്നും വേദപുസ്തകത്തിന്റെ പല ഭാഗങ്ങളിൽനിന്നും വിശിഷ്യ "വിധികർത്താക്കളുടെ" പുസ്തകത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഇസ്രായേൽ ജനങ്ങളെ കാനാൻദേശംവരെ നയിച്ച ജോഷ്വായുടെ മരണാനന്തരം അവർ ദൈവത്തെ മറന്നു് പലവിധ പാപങ്ങൾ ചെയ്തുജീവിച്ചു ദൈവം അവരെ സിറിയാരാജാവായിരുന്ന കുസാൻ റസത്തായിമിന്റെ അടിമകളാക്കി. എട്ടുകൊല്ലം ഇസ്രായേൽ ജനങ്ങൾ അടിമത്വത്തിൽകിടന്നു് കഷ്ടപ്പെട്ടപ്പോൾ അവർ പാപവഴികളെ ഉപേക്ഷിച്ച് പരിഹാരം ചെയ്യാൻതുടങ്ങി. ഉടനെ ദൈവം ധീരനായ ഒത്തോനിയേലിനെ അയച്ച് കുസാൻ റസത്തായിമിനെ തോല്പിച്ച് ഇസ്രായേലിനെ രക്ഷിച്ചു. പിന്നെ നാല്പതുകൊല്ലം ഇസ്രായേൽ ജനങ്ങൾ ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിച്ച് ജീവിച്ചു. അന്നു് അവർക്ക് സമാധാനമുണ്ടായിരുന്നു. വീണ്ടും അവർ പാപംചെയ്തു ജീവിക്കുവാൻ തുടങ്ങി. ദൈവം അവരെ ശിക്ഷിച്ചു. മോവാബിന്റെ രാജാവായിരുന്ന എഗ്ലോൺ ഇസ്രായേൽക്കാരെ പതിനെട്ടുകൊല്ലം അടിമകളായി വസിപ്പിച്ചു. അവർ പരിഹാരം ചെയ്തപ്പോൾ ദൈവം ആഹോദിനെ അയച്ച് മോവാബുകാരെ തോല്പിച്ച് ഇസ്രായേൽ ജനങ്ങളെ രക്ഷിച്ചു. പിന്നെ എൺപതുകൊല്ലം അവർ നീതിയോടും പരിശുദ്ധിയോടുംകൂടി ജീവിച്ചു സമ്പൽസമൃദ്ധിയും ഹൃദയസമാധാനവും നാടെങ്ങും കളിയാടി. വീണ്ടും ഇസ്രായേൽക്കാർ പാപംചെയ്യാൻ തുടങ്ങി. ദൈവം ഉടനെ അവരെ ശിക്ഷിച്ചു കാനാൻദേശത്തിന്റെ രാജാവായ ജാബിൻ അവരെ ഇരുപതുകൊല്ലം അടിമകളാക്കി വച്ചുകൊണ്ടിരുന്നു ഇസ്രായേൽക്കാർ അവരുടെ പാപങ്ങളെപ്പററി മനസ്താപപ്പെട്ടു പരിഹാരം ചെയ്തു ദബോറായുടേയും ബാറാക്കിന്റെയും നേതൃത്വത്തിൽ ജാബിനെ തോല്പിച്ച് ഇസ്രായേലിനെ ദൈവം രക്ഷിച്ചു. പിന്നെ നാല്പതുകൊല്ലം അവർ ദൈവഭയത്തിൽ ജീവിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. വീണ്ടും അവർ ദൈവത്തെ മറന്നു് അവിടുത്തെ പ്രമാണങ്ങൾ ലംഘിച്ചു. ശിക്ഷ വീണ്ടുംവന്നു. ഏഴുകൊല്ലം മേദിയാക്കാരുടെ അടിമകളായി ഇസ്രായേൽ ജീവിക്കേണ്ടിവന്നു. അവർ പരിഹാരം ചെയ്തപ്പോൾ ദൈവം ഗിദെയോനെ അയച്ച് അവരെ രക്ഷിച്ചു. കേവലം ഒരു കൃഷിക്കാരനായ ഗിദെയോനോട് ഒരു മാലാഖ പറഞ്ഞു, ഇസ്രായേലിനെ രക്ഷിക്കുവാൻ. നിസ്സാരനായ താൻ അതു് എങ്ങനെ സാധിക്കുമെന്നു് വിനയപൂർവ്വം ചോദിച്ചപ്പോൾ മാലാഖ മറുപടി പറഞ്ഞു: "ദൈവം നിന്നോടുകൂടിയുണ്ടു്." വെറും മുന്നൂറു യോദ്ധാക്കളുമായി ഗിദെയോൻ ദൈവസഹായത്തോടുകൂടി ശത്രുപക്ഷത്തിലുള്ള ഒരു ലക്ഷത്തിയിരുപതിനായിരം യോദ്ധാക്കളേയും മേദിയാക്കാരുടെ രാജാക്കന്മാരായ സെബയിയേയും സാൽമനായേയും വധിച്ച് ഇസ്രായേലിനെ രക്ഷിച്ചു. പിന്നെ നാല്പതുകൊല്ലം അവർ ദൈവപ്രമാണങ്ങളെ പാലിച്ചുജീവിച്ചു. ഇങ്ങനെ തുടരുന്നു ഇസ്രായേൽ ജനങ്ങളുടെ ചരിത്രം. അനേകകൊല്ലങ്ങൾക്കുശേഷം സമറിയായിലെ രാജാവായിരുന്ന അക്കാബ്, അയാൾക്കുമുമ്പ് ഭരണം നടത്തിയിരുന്ന മററു ഇസ്രായേൽ രാജാക്കന്മാരെക്കാൾ വലിയ പാപിയായി ജീവിച്ചിരുന്നു. ഇസ്രായേൽ ജനങ്ങളിൽ ഭൂരിപക്ഷവും ദൈവത്തിന്റെ കല്പനകളെ വെടിയുന്നതിനു് ഇടയായി അക്കാലത്തു് ഏലിയാസ് പ്രവാചകൻ അക്കാബ് രാജാവിനോട് നേരിട്ട് ഇപ്രകാരം പറഞ്ഞു: "ഇസ്രായേലിന്റെ കർത്താവായ ദൈവം ജീവിക്കുന്നതിനാൽ ഞാൻ പറയുന്നതുവരെ ഈ വത്സരങ്ങളിൽ മഴ പെയ്യുന്നതല്ല." (III. രാജ. XVII. 1.) മൂന്നു കൊല്ലവും ആറുമാസവും മഴ പെയ്യാതിരുന്നു. തോബിയാസ് പറയുന്നു: "നമ്മുടെ പാപം കാരണം ദൈവം നമ്മെ ശിക്ഷിക്കുന്നു; അവിടുത്തെ കാരുണ്യംകാരണം അവിടുന്നു് നമ്മെ രക്ഷിക്കുന്നു." (തോബി. XIII. 5) നാം പാപവഴികളെ പാടെ ഉപേക്ഷിച്ച്, ചെയ്ത പാപങ്ങൾക്ക് പരിഹാരംചെയ്ത് മേലാൽ ദൈവത്തിന്റെ എല്ലാ പ്രമാണങ്ങളേയും എന്നും പാലിക്കുമെങ്കിൽ ദൈവം കാരുണ്യം വർഷിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. പ്രമാണം പാലിക്കുന്നതിൽ എന്തെങ്കിലും നഷ്ടമോ ലാഭമോ, ദുഃഖമോ സുഖമോ, ആക്ഷേപമോ കീർത്തിയോ നേരിട്ടാലും ദൈവപ്രമാണങ്ങളെ നാം മുറുകെ പിടിക്കണം. "ആയിരം വെള്ളിനാണയത്തിലും, അല്ല, പൊൻനാണയത്തിലും മേലായി, ദൈവമേ അങ്ങേ കല്പന എനിക്ക് ഏററവും നല്ലതാകുന്നു" എന്നു് 118-ാം സങ്കീർത്തനത്തിൽ കാണുന്നു. ദൈവപ്രമാണങ്ങൾ എല്ലാം എന്നും പാലിച്ചാൽ നിത്യസൗഭാഗ്യം തീർച്ചയാണ്. പ്രമാണലംഘനം ഇഹത്തിലും പരത്തിലും പലവിധ നാശങ്ങൾ വരുത്തുന്നു.

ഈശോയുടെ ക്രൂശിതരൂപത്തിൽ നോക്കിയാൽ, ചെയ്ത പാപങ്ങൾക്ക് ഉത്തമപരിഹാരം ചെയ്യാനുള്ള പ്രചോദനം ഉണ്ടാകും. ഈശോ ഇരുകരങ്ങൾ നീട്ടി കുരിശിൽ തൂങ്ങിക്കിടക്കുന്നതു നോക്കി, സ്വന്തം കരങ്ങളും വിരിച്ചുപിടിച്ച് പ്രാർത്ഥിച്ചാൽ, എന്തെല്ലാം പരിഹാരം എങ്ങനെയെല്ലാം ചെയ്യണമെന്നു അവിടുന്നുതന്നെ നമുക്കു തോന്നിക്കും. വി. ഫ്രാൻസിസ് അസ്സീസി കൈകൾ വിരിച്ചുപിടിച്ച് ക്രൂശിതരൂപത്തിൻ മുമ്പാകെ പ്രാർത്ഥിച്ചിരുന്നു. "എന്റെ പാപങ്ങൾക്ക് പരിഹാരമായി ദൈവം മനുഷ്യരൂപമെടുത്ത് ഇത്രയും കഷ്ടപ്പെട്ടുവെങ്കിൽ ഞാനും ഈ ലോകത്തിൽ കുറെയൊക്കെ കഷ്ടപ്പെട്ടേ മതിയാവൂ. ഞാൻ പരമാനന്ദം അനുഭവിക്കുവാനുള്ള സ്ഥലം സ്വർഗ്ഗമാണ്. നിത്യസൗഭാഗ്യത്തിലേക്ക് എന്നെ നയിക്കുവാൻ ത്രിലോകരാജൻ ഇങ്ങനെ കഷ്ടപ്പെടുമ്പോൾ, അതു് എനിക്ക് നഷ്ടപ്പെടുവാൻ തക്കവണ്ണം ഈ ലോകത്തിലെ നശ്വരങ്ങളായ സ്വത്ത്, സുഖം, കീർത്തി എന്നിവകൾക്കുവേണ്ടി ദൈവപ്രമാണങ്ങളെ ലംഘിക്കുന്നതു് എത്രയോ തെററായ സംഗതിയാണ്. ഈ അപരാധത്തെപ്പററി എനിക്ക് ബോധമുണ്ടാകുവാനായി ദൈവം ചിലപ്പോഴൊക്കെ എന്നെ ശിക്ഷിക്കുന്നതു് എന്റെ നന്മയ്ക്കുവേണ്ടിത്തന്നെ. ഞാൻ ധാരാളം പരിഹാരം ചെയ്യണം; ദൈവപ്രമാണങ്ങളെ എല്ലാം എന്നും പാലിക്കണം" എന്നിപ്രകാരം താനേ തോന്നും; അതെ, ദൈവം തോന്നിക്കും. സമാധാനവും സമൃദ്ധിയും കൈവരും.

—o—

## ഫ്രഞ്ചുമിഷനറിയുടെ ജാപ്പ്നിഘണ്ടു

പാരിസിലെ ഫോറിൻ മിഷൻ സെമിനാറിയിലെ ഒരംഗമായ ഫാദർ ജീൻമാർട്ടിൻ എന്നദ്ദേഹം ദുഷ്കരമായ ഒരു ജോലി സമാപിച്ചിരിക്കുന്നു. ഒരു ഫ്രഞ്ച്-ജാപ്പ് അകാരാദി നിർമ്മിക്കുന്നതിനുള്ള ചുമതല 15 കൊല്ലംമുമ്പ് അദ്ദേഹത്തെ ഏല്പിച്ചതാണ്. മൂന്നു വലിയ വാല്യങ്ങളായി പ്രസ്തുത നിഘണ്ടു ഇപ്പോൾ ടോക്കിയോയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ജാപ്പ് ഭാഷാഭിജ്ഞന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് ഈ കൃതി വിഷയീഭവിച്ചിരിക്കയാണ്.

—o—

Book Review

## We Catholics

(By Robert Nash S. J. M. H. Gill and Son Ltd. 50 Upper O'Connel Street, Dublin. 1953. Pages 136. Price 5s.)

This book is a collection of spiritual essays 'on the cares and trivialities of everyday life'. It closely follows the pattern of an earlier work by the same author, "This Is Christianity", which we had occasion to review in these columns. Death, prayer, sickness, Bl. Virgin Mary, Purgatory and such other subjects having a practical bearing on Christian life are treated in this volume. The author's approach to them is quite original and interesting. "A Letter from Hell" and "Statement by Satan" are particularly worthy of mention. The beautiful little anecdotes that one comes across in every chapter are like sweet-smelling flowers thrown along the reader's path. Let us hope that "We Catholics" will be followed not only by a third volume but many more of the kind.

(P. I. J.)

## Pius X

(The New Italian Life of Pius X by Fr. Hieronymo Dal-Gal. Translated and adapted by F. Murray M. A. Published by M. H. Gill and Son Ltd. 50 Upper O'Connel Street, Dublin 1953. Pages xv+246. Price 15s.)

This is a well-documented, beautifully illustrated and up-to-date life of Pope Pius X, who was beatified on the 3rd June, 1951, and whose canonisation will take place on the 29th of May, 1954. The author of the original Italian work, Fr. Dal-Gal, was one of the chief defenders of the cause of Beatification and Canonisation of this illustrious successor of St. Peter. He has made copious use of several authentic documents such as the private and pastoral letters written by the saintly Pontiff at the various stages of his life and the Acts of the process of Beatification and Canonisation, including the testimonies of many eye-witnesses who knew him from early boyhood. Hence this is a critical and most reliable biography, surpassing in merit all the previous works on the subject. Not only the author but also the translator and publishers are to be congratulated on presenting to the public such an opportune and monumental volume.

(P. I. J.)

സഭാചരിത്രപംക്തി 20

# സെപ്ററിമിയസ് സെവെറസിന്റെ കാലത്തെ ക്രൈസ്തവപീഡനം

(പ്രഫസർ പി. ററി. തോമസ് എം. എ.)

സെവെറസ് ചക്രവർത്തി ആഫ്റിക്കൻ വംശജനായിരുന്നു. ആദ്യം ക്രിസ്ത്യാനികളോടു് അനുഭാവപൂർവ്വമായ ഒരു നയമാണ് അദ്ദേഹം സ്വീകരിച്ചതു്. എന്നാൽ ക്രിസ്ത്യാനികളുടെ വർദ്ധിച്ചുവരുന്ന സംഖ്യാബലം ചക്രവർത്തിയെ അസ്വസ്ഥനാക്കി. ഔദ്യോഗിക റോമൻ മതത്തിനും, അതിനോടു് ഉററബന്ധം പുലർത്തിയിരുന്ന സാമ്രാജ്യശക്തിക്കും നാശകാരണമായേക്കാവുന്ന ഒരു സംഘടനയുടെ വളർച്ചയെ പ്രതിരോധിക്കണമെന്നു് അദ്ദേഹം തീർച്ചയാക്കി. യഹൂദമതത്തേയും ക്രിസ്തുമതത്തേയും നിർമ്മാജ്ജനം ചെയ്യുവാൻ പര്യാപ്തമായ ഒരു കല്പന A. D. 202-ൽ സെവെറസ് പുറപ്പെടുവിച്ചു. മതാന്തരത്തേയും ജ്ഞാനസ്നാനത്തേയും കർശനമായി നിരോധിക്കുന്നതായിരുന്നു ആ കല്പന. പുതിയതായി ക്രിസ്തുമതം സ്വീകരിക്കുന്നവരെ വേട്ടയാടി നശിപ്പിക്കുവാനുള്ള ഒരു ആഹ്വാനമായിരുന്നു പ്രസ്തുത രാജശാസനം. ക്രിസ്ത്യാനികളുടെ മേൽ വീണ്ടും പീഡകന്മാരുടെ ക്രൂരഹസ്തങ്ങൾ പതിക്കുവാൻ തുടങ്ങി. ഈജിപ്തിലും ആഫ്റിക്കയിലും ആണു് പീഡനം ഏററം രൂക്ഷമായിത്തീർന്നതു്. ഈ കാലഘട്ടത്തിലെ രക്തസാക്ഷികളിൽ അധികവും പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ ഗണത്തിൽപ്പെട്ടവരായിരുന്നു.

മഹാനായ ഒറിജന്റെ (Origen) പിതാവായ വി. ലിയോണിദാസ് (St. Leonidas) ഈജിപ്തിലെ ഒരു പ്രസിദ്ധനഗരമായ അലക്സാണ്ഡ്റിയായിൽവച്ചു് കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും കഠിനമായ മർദ്ദനങ്ങൾ സഹിച്ചശേഷം ശിരച്ഛേദം ചെയ്യപ്പെടുകയുംചെയ്തു. ലിയോണിദാസ് ജയിലിൽ കിടന്നു് പീഡനങ്ങൾ സഹിക്കുമ്പോൾ ബാലനായ ഒറിജൻ പിതാവോടൊന്നിച്ചു രക്തസാക്ഷിത്വം വരിക്കുവാൻവേണ്ടി ആവേശം പ്രകടിപ്പിച്ചിരുന്നു. മകനെ മരണവക്ത്രത്തിൽനിന്നും രക്ഷിക്കുവാൻ അമ്മ വളരെ ബദ്ധപ്പെടേണ്ടിവന്നു. വീട്ടിൽനിന്നും വെളിയിലേക്കു് വിടാതിരിക്കുവാൻവേണ്ടി അമ്മ ബാലന്റെ വസ്ത്രങ്ങൾ അവൻ കാണാതെ ഒളിച്ചുവയ്ക്കുകപോലും ചെയ്തു. ഭഗ്നാശനായിത്തീർന്ന ഒറിജൻ പിതാവിന്റെ പക്കലേക്കു് ഒരു കത്തയച്ചു. പുത്രകളത്രാദികളോടുള്ള സ്നേഹംകാരണത്താൽ അഭികാമ്യമായ രക്തസാക്ഷിമകുടം നഷ്ടപ്പെടുത്താൻ ഒരിക്കലും ഇടയാകരുതെന്നു് സ്വപിതാവിനെ അനുസ്മരിപ്പിക്കുന്ന ഒരു സന്ദേശമായിരുന്നു പ്രസ്തുത കത്തു്.

രണ്ടാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തോടടുത്തു് ആഫ്റിക്ക വീണ്ടും കഠിനമായ ക്രൈസ്തവപീഡനത്തിന്റെ രംഗമായിത്തീർന്നു. കാരാഗൃഹത്തിൽ അടയ്ക്കുക, ഇരുമ്പുദണ്ഡുകൾകൊണ്ടു ശരീരം കീറിമുറിക്കുക, ദേഹാവയവങ്ങൾ കരിയാക്കുക, ശിരച്ഛേദംചെയ്യുക, ജീവനോടെ ദഹിപ്പിക്കുക, കുരിശിൽ തറച്ചു കൊല്ലുക തുടങ്ങിയ മർദ്ദനപരിപാടികൾക്കു് അസംഖ്യം ക്രിസ്ത്യാനികൾ വിധേയരാക്കപ്പെട്ടു. ഈ സംഭവങ്ങൾക്കു ദൃക്സാക്ഷികളായിരുന്നവരുടെ കൂട്ടത്തിൽ പുരാതനക്രൈസ്തവസഭാചരിത്രത്തിൽ പ്രശസ്തമായ സ്ഥാനം അലങ്കരിക്കുന്ന ഒരു വ്യക്തിയും ഉൾപ്പെട്ടിരുന്നു. തെർത്തുല്ല്യൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. A. D. 160-ാമാണ്ടോടടുത്തു് ഒരു ശതാധിപന്റെ മകനായി കാർത്തേജിൽ അദ്ദേഹം ജനിച്ചു. ചെറുപ്പത്തിൽത്തന്നെ ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷകളിൽ അനിതരസാധാരണമായ പ്രാവീണ്യം സമ്പാദിച്ചശേഷം അദ്ദേഹം ഒരു അഭിഭാഷകനായിത്തീരുകയും ദീർഘനാൾ റോമയിൽ വ്യവഹരിക്കയുംചെയ്തു. A. D. 193-ാമാണ്ടോടടുത്തു് തെർത്തുല്ല്യൻ ക്രിസ്തുമതം സ്വീകരിക്കയും കാർത്തേജിൽ സ്ഥിരതാമസമാക്കുകയുംചെയ്തു. സ്വകീയമായ ചിന്താപ്രാഗത്ഭ്യംകൊണ്ടും ഗ്രന്ഥങ്ങളുടെ വൈപുല്യംകൊണ്ടും പുരാതന ലത്തീൻഗ്രന്ഥകാരന്മാരിൽ ഏററം പ്രമുഖനാണു് തെർത്തുല്ല്യൻ. "ക്രൈസ്തവ ലത്തീൻസാഹിത്യത്തിന്റെ ജനയിതാവെന്നു" അദ്ദേഹം വിളിക്കപ്പെടുന്നു. മററു മതങ്ങളേയും തത്വസംഹിതകളേയും അപേക്ഷിച്ചു് ക്രിസ്തുമതത്തിനുള്ള വൈശിഷ്ട്യത്തെ സ്ഥാപിച്ചും, ക്രിസ്ത്യാനികൾക്കെതിരായി ശത്രുക്കൾ ഉന്നയിച്ചിരുന്ന ആരോപണങ്ങളുടെ പൊള്ളത്തരം പ്രസ്പഷ്ടമാക്കിയും അദ്ദേഹം അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. നിർഭാഗ്യവശാൽ A. D. 203-ാമാണ്ടോടടുത്തു് തെർത്തുല്ല്യൻ മോൺടാനിസ്റ്റു് (Montanists) എന്ന സർവ്വപരിത്യാഗവാദികളുടെ ചിന്താഗതിക്കു വിധേയനായിത്തീരുകയും A. D 213-ൽ പരിപൂർണ്ണമായി ആ അബദ്ധസിദ്ധാന്തങ്ങളെ ആശ്ലേഷിക്കയും ചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ ബുദ്ധിപരവും സാഹിത്യപരവുമായ കഴിവുകളെല്ലാം പ്രസ്തുത സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിനുവേണ്ടി പ്രയോഗിക്കപ്പെട്ടു. വിശ്വാസനിഷേധം, വ്യഭിചാരം തുടങ്ങിയ ഗൗരവമേറിയ പാപങ്ങൾക്കു മോചനം നൽകുവാൻ സഭയ്ക്കു അധികാരമില്ലെന്നും, മതപീഡനത്തിൽനിന്നും ഓടി രക്ഷപെടുവാൻ ഒരു ക്രിസ്ത്യാനിക്കു് സ്വാതന്ത്ര്യമില്ലെന്നും, പുനർവിവാഹം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വ്യഭിചാരത്തോടു തുല്യമാണെന്നും എല്ലാത്തരം വിനോദങ്ങളും പാപകരമാണെന്നും, തിരുസ്സഭയിൽ ഭരണം നടത്തുവാനുള്ള അധികാരം പൗരോഹിത്യമുദ്രയിൽ നിന്നല്ല പ്രത്യുത വ്യക്തികൾക്കു സ്വായത്തമായുള്ള ആത്മീയ പ്രഭാവത്തിൽനിന്നാണു് ലഭിക്കുന്നതെന്നും മററുമുള്ള അബദ്ധസിദ്ധാന്തങ്ങളെയാണു് തെർത്തുല്ല്യൻ പഠിപ്പിച്ചതും പ്രചരിപ്പിച്ചതും.

മോൺടാനിസ്സത്തെ ആശ്ലേഷിക്കുന്നതിനു മുൻപുതന്നെയും തെർത്തുല്ല്യൻ കർശനമായ സന്മാർഗ്ഗനിഷ്ഠയ്ക്കുവേണ്ടിയാണു് നിലകൊണ്ടിരുന്നതു്. ക്രിസ്ത്യാനികളും പുറജാതിയരും തമ്മിലുള്ള സാമൂഹ്യസമ്പർക്കത്തിൽ നിന്നു് ഉൽഭൂതമായ ശിക്ഷണപരവും സാന്മാർഗ്ഗികവുമായ പ്രശ്നങ്ങൾക്കു് സുവ്യക്തമായ പരിഹാരങ്ങൾ പ്രയോഗത്തിൽ വരുത്തുവാനാണു് അദ്ദേഹം ഉദ്യമിച്ചതു്. ഈ പ്രശ്നങ്ങളുടെ അതിസൂക്ഷ്മങ്ങളായ വിശദാംശങ്ങളിൽപ്പോലും അദ്ദേഹം ശ്രദ്ധ ചെലുത്താതിരുന്നില്ല. സ്ത്രീകളുടെ വസ്ത്രധാരണരീതിയെ സംബന്ധിച്ചുപോലും അദ്ദേഹം ചില നിർദ്ദേശങ്ങൾ നൽകി. നാടകശാല, സർക്കസ്, തുടങ്ങിയ യാതൊരു പൊതുവിനോദരംഗങ്ങളിലും ക്രിസ്ത്യാനികൾ പോയ്ക്കൂടെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. കച്ചവടം, അദ്ധ്യാപകവൃത്തി, സൈനികസേവനം, സർക്കാരുദ്യോഗം തുടങ്ങിയ ജീവിതസരണികളെല്ലാം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം നിഷിദ്ധങ്ങളും വർജ്ജ്യങ്ങളുമാണെന്നു് തെർത്തുല്ല്യൻ വിധിച്ചു. മോൺടാനിസ്സത്തെ സ്വീകരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സന്മാർഗ്ഗസിദ്ധാന്തങ്ങൾ കൂടുതൽ കർക്കശങ്ങളായി എന്നു മാത്രമല്ല അവയിൽ വിശ്വാസസംബന്ധമായ പല അബദ്ധങ്ങൾ കടന്നുകൂടുകയും ചെയ്തു. എന്നിരുന്നാലും പുരാതനക്രിസ്തീയ പാരമ്പര്യത്തേയും, അക്കാലത്തെ ക്രൈസ്തവരുടെ രഹസ്യവും പരസ്യവുമായ ജീവിതരീതി, ക്രൈസ്തവദൈവശാസ്ത്രം, ശിക്ഷണക്രമം ഇവസംബന്ധിച്ചും തെർത്തുല്ല്യന്റെ ലിഖിതങ്ങൾ സുപ്രധാനങ്ങളായ പ്രാമാണികരേഖകളാണു്.

മൂന്നാം ശതാബ്ദത്തിന്റെ ആരംഭത്തിൽ രക്തസാക്ഷിത്വം കൈവരിച്ചവരിൽ വി. ഇറേനിയൂസിന്റെയും (St. Irenaeus) വി. പെർപെച്ച്വ, (St. Perpetua) യുടെയും നാമങ്ങൾ പ്രത്യേകം പ്രസ്താവ്യങ്ങളാണു്. വേദസാക്ഷിയായി മരിച്ച വി. പോത്തിനസിന്റെ പിൻഗാമിയായി ലയൺസിലെ മെത്രാസനത്തിൽ ഉപവിഷ്ടനായതു് വി. ഇറേനിയൂസാണു്. ഗാളിലെ സഭയിലെ ആദ്യഭരണകർത്താക്കളിൽ പാണ്ഡിത്യത്തിലും വിവേകത്തിലും പ്രശസ്തിയിലും ഏററം മികച്ചുനില്ക്കുന്നതു് ഇദ്ദേഹമാണു്. ആധുനിക ഫ്റാൻസ് ഉൾപ്പെടുന്ന പ്രദേശത്തിന്റെ പഴയ പേരാണു് ഗാൾ (Gaul). ഏഷ്യാമൈനറിൽപ്പെട്ട സ്മേർണാ (Smyrna) യിലാണു് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യഘട്ടം കഴിച്ചുകൂട്ടിയതു്. അവിടെവച്ചു അദ്ദേഹം വി. പോളിക്കാർപ്പിന്റെ (St. Polycarp) ശിഷ്യനായിത്തീർന്നു. ഗാളിൽ ക്രൈസ്തവസഭ സ്ഥാപിച്ചു് അധികനാൾ കഴിയുന്നതിനുമുമ്പു് അദ്ദേഹം അവിടെ എത്തിച്ചേരുകയും ലയൺസിൽ താമസമുറപ്പിക്കയും ചെയ്തു. അവിടത്തെ മെത്രാനായി ഭരണംനടത്തിയ ഇരുപത്തിയഞ്ചു സംവത്സരം (177-202) മുഴുവനും വിശ്വാസം പ്രചരിപ്പിക്കുന്നതിലും ക്രിസ്തുമതതത്വങ്ങളെ അധികരിച്ചുള്ള ഗ്രന്ഥങ്ങൾ രചിക്കുന്നതിലും പൗരസ്ത്യദേശങ്ങളിൽനിന്നു പാശ്ചാത്യദിക്കിലേക്കു വ്യാപിച്ചുകൊണ്ടിരുന്ന ശീശ്മകളോടു സമരംചെയ്യുന്നതിലും അദ്ദേഹം ചെലവഴിച്ചു. പുരാതനസഭാചരിത്രത്തേയും സഭയുടെ ഉൽബോധനങ്ങളേയും സംബന്ധിക്കുന്ന വിലയേറിയ രേഖകളാണു് അദ്ദേഹത്തിന്റെ കൃതികൾ. A. D. 202-ൽ സെപ്ററിമിയസ് സെവെറസ് ചക്രവർത്തിയുടെ ഭരണകാലത്തെ മതപീഡനത്തിൽ അദ്ദേഹം രക്തസാക്ഷിയായി മരിച്ചു എന്നാണു് പാരമ്പര്യം ഉൽഘോഷിക്കുന്നതു്.



പ്രവർത്തനമൂലധനം 1 കോടി രൂപായിൽ കൂടുതൽ

A. D. 203, മാർച്ച് 7-ാംതു ഉൽകൃഷ്ടകുലജാതയായ വി. പെർപ്പെച്ച്വാ, അവരുടെ അടിമയായ ഫെലിസിററാസ് (Filicitas) മുതലായ കുറേ കൂട്ടുകാരോടുകൂടി കാർത്തേജിൽവച്ചു് രക്തസാക്ഷികളായി മരിച്ചു. പെർപെച്ച്വാ അവരുടെ കുടുംബാംഗങ്ങളോടുകൂടി ക്രിസ്തുമതബോധനം സ്വീകരിക്കുന്നു എന്നറിയുവാനിടയായ അധികാരികൾ, ആയുധപാണികളായ ഒരു സംഘം സൈനികരെ അവരുടെ വീട്ടിലേക്കയക്കുകയും ക്രിസ്തീയവിശ്വാസം ഏററുപറഞ്ഞവരെയെല്ലാം ബന്ധനസ്ഥരാക്കുകയുംചെയ്തു. പെർപെച്ച്വായെ തടങ്കലിലാക്കിയ സമയം മുതൽ രക്തസാക്ഷിയായി മരിക്കുന്നതുവരെയുള്ള അവരുടെ അനുഭവങ്ങൾ അവർതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. കണ്ണീരോടുകൂടിയല്ലാതെ അതു വായിക്കുവാൻ ഒരു ശിലാഹൃദയനുപോലും സാദ്ധ്യമല്ല. പ്രസ്തുത കഥയിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

"ഞാൻ പീഡകന്മാരുടെ കൈയിലായിരുന്നപ്പോൾ അവിശ്വാസിയായിരുന്ന എന്റെ പിതാവു് സ്നേഹമസൃണമായ ഔത്സുക്യത്തോടുകൂടി എന്നെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ആവുന്നത്ര ശ്രമിച്ചു. ഞാൻ പറഞ്ഞു: "അച്ഛാ, ഈ മൺപാത്രം കാണുക. അതിനെ മറെറന്തെങ്കിലും പേരുകൊണ്ടു് വിളിക്കുവാൻ നമുക്കു കഴിയുമോ. അതുപോലെതന്നെ ക്രിസ്ത്യാനി എന്ന പേരല്ലാതെ മറെറാന്നുകൊണ്ടും എനിക്കു് എന്നെ വിളിക്കുവാൻ സാദ്ധ്യമല്ല."

പിതാവു് വീണ്ടും ഇപ്രകാരം കേണപേക്ഷിച്ചു: "മകളേ, എന്റെ നരച്ചമുടിയോടു് നിനക്കു് അനുകമ്പയില്ലേ. എന്റെമേൽ അവമാനം കെട്ടിവയ്ക്കരുതു്. നിന്റെ സഹോദരനെയും, മാതാവിനെയും, മാതൃസഹോദരിയെയും, നിന്റെ പിഞ്ചുകുഞ്ഞിനെയും ഒന്നുനോക്കൂ. നിന്നെക്കൂടാതെ ആ കുഞ്ഞെങ്ങനെ ജീവിക്കും. ഞങ്ങളെല്ലാവരെയും നീ നശിപ്പിക്കരുതു്." എന്റെ കരങ്ങൾ ചുംബിച്ചുകൊണ്ടും എന്റെ പാദത്തിൽ വീണുകൊണ്ടും അച്ഛൻ ഇങ്ങനെ അഭ്യർത്ഥിച്ചു. അച്ഛനെ ഓർത്തു് ഞാൻ കരഞ്ഞു. എന്തുകൊണ്ടെന്നാൽ എന്റെ കുടുംബാംഗങ്ങളിൽ അദ്ദേഹം മാത്രമേ എന്റെ രക്തസാക്ഷിത്വത്തിൽ ആനന്ദിക്കാതിരുന്നുള്ളു. ഞാൻ അദ്ദേഹത്തെ ആശ്വസിപ്പിക്കുവാൻവേണ്ടി പറഞ്ഞു: "അച്ഛാ, ഈ പരീക്ഷണത്തിൽ ദൈവനിശ്ചയം നിറവേറും. നാം അവിടുത്തെ കരങ്ങളിലാണു്." അതിനുശേഷം അദ്ദേഹം ഹൃദയംപൊട്ടിക്കരഞ്ഞുകൊണ്ടു് എന്റെ പക്കൽനിന്നും പോയി."

പെർപെച്ച്വായുടെ ഓമനക്കുമാരനെ തന്റെകൂടെ ജയിലിൽ താമസിപ്പിക്കുവാൻ അധികാരികൾ അനുവദിച്ചു. മരണാഭിമുഖിയായിരുന്ന ആ മാതാവു് കുഞ്ഞിനോടുകാണിച്ച വാത്സല്യാതിരേകം ജയിൽസൂക്ഷിപ്പുകാരന്റെ ഹൃദയത്തെ സ്പർശിച്ചു. അയാൾ അവരുടെ തടങ്കൽ ജീവിതം കഴിയുന്നത്ര സുഖപ്രദമാക്കിത്തീർത്തു. കൂട്ടുതടവുകാരിയായിരുന്ന ഫെലിസിററാസ് എന്ന അടിമ വധദിവസത്തിനു് മൂന്നുനാൾമുൻപു് ജയിലിൽവച്ചു് ഒരു കുട്ടിയെ പ്രസവിച്ചു. കഠിനമായ പ്രസവവേദനമൂലം അവൾ വാവിട്ടുകരഞ്ഞു. അപ്പോൾ അവിടെയുണ്ടായിരുന്ന ഒരു പാറാവുകാരൻ അവളോടുപറഞ്ഞു: "ഇപ്പോൾ നീ ഇത്രമാത്രം കരയുന്നുവെങ്കിൽ വന്യമൃഗങ്ങൾ നിന്നെ കടിച്ചുകീറുമ്പോൾ നീ അതെങ്ങനെ സഹിക്കും." ഫെലിസിററാസ് പ്രതിവചിച്ചു: "ഇപ്പോൾ ഞാൻ ഏകാകിനിയായി വേദന അനുഭവിക്കുന്നു. എന്നാൽ അപ്പോൾ എന്നോടുകൂടി പീഡനങ്ങൾ ഏല്ക്കുവാൻ മറെറാരാൾകൂടി ഉണ്ടായിരിക്കും. അവിടുന്നു് എനിക്കുവേണ്ടി വേദനകൾ സഹിക്കും എന്തുകൊണ്ടെന്നാൽ ഞാൻ അവിടുത്തേക്കുവേണ്ടിയാണു് എല്ലാം സഹിക്കുന്നതു്."

ഒടുവിൽ വധദിവസം വന്നു

ചന്തം. ആ ചെറുക്രിസ്തീയസംഘം കൊലക്കളത്തിലേക്കാനയിക്കപ്പെട്ടു. പെർപെച്ചുവാ ഒരു ഭക്തഗാനം ആലപിച്ചുകൊണ്ട് ആ രംഗത്തു പ്രവേശിച്ചു. കൂടെയുണ്ടായിരുന്ന പുരുഷന്മാർ വരാനിരിക്കുന്ന ദൈവവിധിയെപ്പററി കാണികളോട് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ദണ്ഡനപരിപാടിയിൽ ആദ്യത്തേത് ചമ്മട്ടികൊണ്ടുള്ള പ്രഹരമായിരുന്നു. അതിനുശേഷം അവരുടെനേരെ പുലി, കരടി, കാട്ടുപന്നി തുടങ്ങിയ ഹിംസ്രജന്തുക്കളെ അഴിച്ചുവിട്ടു. പെർപെച്ചുവായേയും ഫെലിസിററാസിനേയും ഒരു കാട്ടുപശു കൊമ്പുകൊണ്ട് കുത്തിക്കീറി. എന്നിട്ടും അവർ മരിച്ചില്ല. താമസംവിനാ അവരെയെല്ലാം കൊലയാളികൾ ആയുധങ്ങൾകൊണ്ട് കുത്തിക്കൊല്ലുകയാണുണ്ടായത്. പെർപെച്ചുവായെ സമീപിച്ച യുവാവായ കൊലയാളിയുടെ കരങ്ങൾ വിറയ്ക്കുന്നതുകണ്ട് അവൾതന്നെ അവന്റെ കൈകൾ പിടിച്ച് അതു വഹിച്ചിരുന്ന മാരകായുധത്തെ അവളുടെ കണ്ഠനാളത്തിലേല്പിക്കുവാൻ അവനെ സഹായിച്ചു.

A. D. 203 നുശേഷം അരശതാബ്ദകാലത്തേക്ക് തിരുസ്സഭയ്ക്കു സമാധാനം അനുഭവിക്കുവാൻ സാധിച്ചു. ക്രൂരനായ മാക്സിമിനസ് ത്രാക്സ് (Maximinus Thrax 235—238) എന്ന ചക്രവർത്തിമാത്രമാണ് ഇക്കാലത്ത് സഭയെ പീഡിപ്പിച്ചത്. ഇക്കാലത്ത് സാമ്രാജ്യഭരണം നിർവ്വഹിച്ചിരുന്ന ചക്രവർത്തിമാർ അധികപങ്കും സിറിയാക്കാരായിരുന്നു. അവർ റോമായുടെ മതകാര്യങ്ങളിൽ ഒട്ടും ശ്രദ്ധ പതിച്ചിരുന്നില്ല. A. D. 222 മുതൽ 235 വരെ ഭരണം നടത്തിയ അലക്സാണ്ടർ സെവെറസ് (Alexander Severus) ക്രിസ്ത്യാനികൾക്ക് വസ്തുവകകൾ സമ്പാദിക്കുന്നതിനും ആരാധനസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അനുവാദം നൽകി. അദ്ദേഹം കൊട്ടാരത്തിൽ പ്രതിഷ്ഠിച്ചിരുന്ന ദേവപ്രതിമകളുടെ കൂട്ടത്തിൽ ക്രിസ്തുവിന്റെ ഒരു പ്രതിമകൂടി ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ മാതാവായ ജൂലിയാ മാമേയ (Julia Mamaea) ക്രിസ്തീയപ്രബോധനങ്ങളിൽ വലിയ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അവർ ഓറിജനെ അന്ത്യോക്യയിലേക്ക് ക്ഷണിച്ചുവരുത്തി. അദ്ദേഹത്തിന്റെ ക്രിസ്തുമതപ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചു.

ദീർഘകാലം നീണ്ടുനിന്ന ഈ സമാധാനം തിരുസ്സഭയ്ക്ക് ഗുണത്തെക്കാൾ കൂടുതൽ ദോഷമാണ് ചെയ്തതു്. കാലക്രമേണ വിശ്വാസികളുടെ ഇടയിൽമാത്രമല്ല വൈദികരുടെ ഇടയിൽപോലും ലൗകികവാസനകൾ പ്രബലപ്പെടുകയും ഭക്തിതീക്ഷ്ണതയ്ക്കു ലോപം സംഭവിക്കുകയും ചെയ്തു. എന്നാൽ അധികം കഴിയുന്നതിനുമുമ്പ് പൂർവ്വാധികം രൂക്ഷതയോടുകൂടി വീണ്ടും മതപീഡനം പൊട്ടിപ്പുറപ്പെടുകയുണ്ടായി.

“ആററംബോമ്പുകളേയും ഹൈഡ്രജൻബോമ്പുകളേയും ഓർത്തു ജനത ഭയവിഹ്വലരാകുന്നു; എന്നാൽ ക്രിസ്തീയവിശ്വാസത്തെ അവഗണിക്കുകയും അനാദരിക്കുകയും, നിരാകരിക്കുകയും ചെയ്യുന്നതുകൊണ്ടു ലോകത്തിനു വന്നുചേരുന്ന വിപുലതരമായ അപകടത്തെപ്പററി അവർ സ്മരിക്കുന്നതേയില്ല”

—ബിഷപ്പ് പെററിററ്—

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

## ഓസ്സാനാം കൊളുത്തിയ ദീപം

(ഡേവിഡ് മഹാപിള്ള)

സെ. വി. ഡി പോൾ സഖ്യത്തെപ്പററി ശരിയായി ഗ്രഹിക്കുന്നതിന്, ഇതിന്റെ ഉത്ഭവത്തേയും സ്ഥാപകരുടെ ആദർശരൂപികളേയുംപററി അറിയുന്നതു് സഹായകരമായിരിക്കുമെന്നു കരുതുന്നു. അതിനാൽ ഏതൽ കാര്യങ്ങളെപ്പററി ഏറെറ സമഗ്രമായി ഇവിടെ വിവരിച്ചുകൊള്ളട്ടെ.

ക്രിസ്തീയപരസ്നേഹം ആർക്കും അനായാസേന അനുഷ്ഠിക്കാമെന്നു് തെളിയിച്ച വി. വിൻസെൻറ് ഡി പോൾ 1600-ാം വത്സരത്തിൽ ഉജ്ജ്വലിപ്പിച്ച പരസ്നേഹദീപം രണ്ടു ശതവത്സരങ്ങളോളം ഫ്രാൻസിലെന്നല്ല പാരിൽ പരക്കെ പ്രശോഭിച്ചു. ക്രമേണ അതു എണ്ണയില്ലാതെ മങ്ങിമങ്ങി കത്തിയണഞ്ഞു. ലോകായതികത്വമാകുന്ന ഘോരാന്ധകാരം വീണ്ടും ഫ്രാൻസിലെങ്ങും വന്നടിഞ്ഞു. തുടർന്ന് ദുർഭരണവും ദുർവ്യസനങ്ങളും വർദ്ധിച്ചു. പാരീസുപട്ടണം വിപ്ലവങ്ങളുടെ കേളീരംഗവുമായി. ലൗകികവും വൈദികവുമായ സർവ്വവും അവിടെനിന്നു ബഹിഷ്കൃതമായി. അവിടത്തെ ദേവാലയങ്ങൾ പലതും പതിതക്ഷേത്രങ്ങളാക്കി പകർത്തപ്പെട്ടു. ഈ സാഹചര്യങ്ങളിലാണ് മതതീക്ഷ്ണതയിലും പരസ്നേഹചൈതന്യത്തിലും വളർന്നുവന്ന ഫ്രെഡറിക് ഓസ്സാനാം മിലാനിൽനിന്നു ഉപരിപഠനത്തിനായി പാരീസ് സർവ്വകലാശാലയത്തിൽ വന്നുചേർന്നതു്.

ദൈവത്തേയും മതത്തേയും ധിക്കരിക്കുന്നതും അധികാരികളെ അപലപിക്കുന്നതും അന്നു പാരീസിലെവിടെയും ഒരു “ഫാഷ”നായിരുന്നു. അന്നു അതെല്ലാം ഇന്നത്തെപ്പോലെ പുരോഗമനലക്ഷണങ്ങളായി കരുതപ്പെട്ടുവന്നു. വിദ്യാലയങ്ങളിൽ പ്രൊഫസ്സർമാർപോലും സഭയേയും ദൈവത്തേയും അപഹസിച്ച് പ്രസംഗിക്കുന്നതു് സാധാരണമായിരുന്നു. മതതീക്ഷ്ണനായ ഓസ്സാനാമിന് ഇതെല്ലാം ദുസ്സഹമായിത്തോന്നി. ആ യുവാവിന്റെ ഗുരുഭക്തി ദൈവഭക്തിക്ക് വഴിമാറിക്കൊടുത്തു; പ്രൊഫസ്സർമാരുടെ സഭയ്ക്കെതിരായുള്ള പ്രസ്താവനകളെ ഓസ്സാനാം വിവേകപൂർവ്വം എതിർത്തു. തന്മൂലം ആ പ്രൊഫസ്സർമാർ അവരുടെ വഴിപിഴച്ച സമ്പ്രദായങ്ങൾക്ക് വിരാമമിടുവാൻ നിർബന്ധിതരുമായി.

ഇതിൽ ഉത്സാഹഭരിതരായിത്തീർന്ന ഓസ്സാനാമും മററു ചില അംഗങ്ങളും മതകാര്യങ്ങളെപ്പററി ചർച്ചചെയ്യുന്നതിനും മററുമായി ചരിത്രകോൺഫറൻസ് എന്ന പേരിൽ ഒരു സംഘമേർപ്പെടുത്തി. മതതത്വങ്ങളെപ്പററിയുള്ള പ്രസംഗങ്ങളും വാദപ്രതിവാദങ്ങളുംവഴി മതദ്വേഷികളായവരെ മനംതിരിക്കാമെന്നവർ വിചാരിച്ചിരുന്നു. പക്ഷെ അതു വെറും വ്യാമോഹമെന്നനുഭവപ്പെട്ടു. പ്രസ്തുത ചരിത്രകോൺഫറൻസുയോഗങ്ങൾ ക്രമേണ, ഉപര്യുപരി പ്രക്ഷുബ്ധരംഗങ്ങളായി പരിണമിക്കുകയാണുണ്ടായതു്. ഒടുവിൽ ഒരു യോഗത്തിൽ ഓസ്സാനാം അതിസമർത്ഥമായി പ്രസംഗിക്കവേ ഒരാൾ ചോദിച്ചു: “കഷ്ടപ്പെടുന്ന സാധുക്കൾക്കുവേണ്ടി ഇന്നത്തെ ക്രൈസ്തവർ എന്തുചെയ്യുന്നുണ്ട്? നിങ്ങളുടെ വിശ്വാസത്തിനനുസരണമാണോ നിങ്ങളുടെ ജീവിതം? പ്രസംഗമല്ല പ്രവൃത്തിയാണു് ഞങ്ങൾക്കു കാണേണ്ടതു്.” ആ ചോദ്യങ്ങൾക്ക് സത്യസന്ധനായ ഓസ്സാനാം തലകുനിച്ചുകൊടുത്തു.

ഓസ്സാനാമും കൂട്ടുകാരും എതിരാളികളുടെ ആ വെല്ലുവിളിക്ക് —പ്രസ്താവിതചോദ്യങ്ങൾക്ക്— പ്രാവൃത്തികമായിത്തന്നെ ഉത്തരം കൊടുക്കുവാൻ ആലോചിച്ചു. നിർദ്ദേശങ്ങൾക്കും നേതൃത്വത്തിനുമായി, എല്ലാ കാര്യങ്ങൾക്കും സഹായിയും പ്രോത്സാഹകനുമായിരുന്ന പ്രൊഫസ്സർ ജോസഫ് ബെയിലിയെ തന്നെ അവർ സമീപിച്ചു. കത്തോലിക്കാസഭയ്ക്കുവേണ്ടി പോരാടിയിരുന്ന “കാത്തലിക് ട്രിബ്യൂൺ” എന്ന പത്രത്തിന്റെ അധിപരായിരുന്ന ബെയിലി അവിടത്തെ സകല കത്തോലിക്കാപ്രവർത്തനങ്ങളുടെയും നടുനായകനായിരുന്നു. പണ്ഡിതനും പക്വമതിയുമായിരുന്ന 41 വയസ്സുകാരൻ ബെയിലിയെ, “പപ്പാ ബെയിലി” എന്ന അപരനാമത്താലാണ് യുവജനങ്ങൾ അഭിസംബോധനം ചെയ്തിരുന്നതു്. തികഞ്ഞ മതതീക്ഷ്ണനും യഥാർത്ഥഭക്തനുമായിരുന്ന ബെയിലി ക്രിസ്തുവിന്റെ പരസ്നേഹം പ്രാവൃത്തികമാക്കുവാൻ ഓസ്സാനാമിനേയും കൂട്ടുകാരേയും ഉപദേശിക്കുകയും അവരോടൊത്തൊരുമിച്ച് പ്രവൃത്തിക്കുവാൻ സന്നദ്ധനാകുകയും ചെയ്തു.

അങ്ങനെ 1833 മേയ് മാസാന്ത്യം ഒരു രാത്രി 8 മണിക്ക്, (തീയതി അറിയുന്നതിനുള്ള രേഖകളൊന്നുമില്ല) ആറു യുവാക്കന്മാർ. [ഓസ്സാനാം (20 വയസ്സ്), ക്ലാവെ (22 വ.), ഡേവാം (21 വ.), ലാമച്ചിയർ (19 വ.), ലമാഷെ (22 വ.), ലെ ടെയിലാൻഡിയർ (22 വ.)] മുൻവിവരിച്ച ചരിത്രകോൺഫറൻസുയോഗത്തിൽവച്ചുണ്ടായ വെല്ലുവിളിക്കുത്തരം കൊടുക്കുവാൻ “പപ്പാ ബെയിലി”യുടെ അദ്ധ്യക്ഷതയിൽ യോഗമായി ചേർന്നു. അവർ ചരിത്രം സൃഷ്ടിക്കുകയാണെന്നു് —വിശ്വവ്യാപകമായി മഹൽസേവനമനുഷ്ഠിക്കുവാനുള്ള മഹത്തായ ഒരു സംഘടന കരുപ്പിടിക്കുകയാണെന്നു്— അവരാരും ലേശവും ചിന്തിച്ചില്ല. മതതീക്ഷ്ണരായ അവർ പരിശുദ്ധാരൂപിയുടെ സഹായമപേക്ഷിച്ചുകൊണ്ടാണ് യോഗമാരംഭിച്ചതു്. തുടർന്ന് ക്രിസ്ത്വാനുകരണത്തിൽനിന്നു് ഒരു ഭാഗം വായിച്ചു. അവർ ക്രിസ്തീയഐക്യത്തിലും സ്നേഹത്തിലും ദൃഢബദ്ധിതരായി സംഘടിച്ചു പ്രവർത്തിക്കുവാൻ ഉറച്ചു. ആ ചെറുകൂട്ടത്തിനു്, ക്രിസ്തീയഐക്യത്തെ പ്രദ്യോതിപ്പിക്കുന്നതിനും ചരിത്രകോൺഫറൻസിൽനിന്നുള്ള ഉത്ഭവത്തെ അനുസ്മരിപ്പിക്കുന്നതിനുമായി, “കോൺഫറൻസ് ഓഫ് ചാരിററി” എന്നു പേർകൊടുത്തു.

അനന്തരം അവർ പ്രവർത്തനപരിപാടികളെപ്പററി പര്യാലോചിച്ചു. ബെയിലി നിർദ്ദേശിച്ചു: “നിങ്ങൾ തന്നെത്തന്നേയും സാധുക്കളേയും സഹായിക്കുവാനാഗ്രഹിക്കുന്നെങ്കിൽ സാധുക്കളിൽ കഷ്ടതയനുഭവിക്കുന്ന ക്രിസ്തുവിനെ ദർശിച്ചു അവരിൽക്കൂടി ക്രിസ്തുവിനെ സേവിച്ച് സ്വയം വിശുദ്ധീകരിക്കുക” എന്നു്. (History of the Society P. 29) തദനുസരണം, “നിങ്ങളുടെ വിശുദ്ധീകരണം, ഇതത്രെ ദൈവഹിതം,” എന്ന വി. പൗലോസിന്റെ ഉൽബോധനം കോൺഫറൻസ് ഓഫ് ചാരിററിയുടെ ലക്ഷ്യമാക്കി ക്രിസ്തുവിന്റെ സുവിശേഷപ്രബോധനങ്ങളെ ആധാരമാക്കി “സാധുക്കളിൽ ക്രിസ്തുവിനെ ദർശിച്ചു് സാധുക്കളിൽക്കൂടി ക്രിസ്തുവിനെ സേവിക്കുക” എന്നതു പ്രായോഗികാദർശമായും സ്വീകരിച്ചു. ഇതിനു് സാധുക്കളെ അവരുടെ വസതികളിൽപോയി സന്ദർശിക്കുന്നതായിരിക്കണം തങ്ങളുടെ മുഖ്യമായ പ്രവർത്തനമെന്നും അവർ നിശ്ചയിച്ചു. സാധുക്കളെ സന്ദർശിക്കുന്നതു് കേവലം സന്ദർശനമായാൽ പോരാ, അവർക്കു ഭൗതികമായ സഹായങ്ങൾ ചെയ്തുകൊണ്ടു് അവരുടെ സ്നേഹസന്തോഷങ്ങൾ നേടിയശേഷം, മാതൃകകൊണ്ടും ഉപദേശംകൊണ്ടും ആദ്ധ്യാത്മികമായും സാന്മാർഗ്ഗികമായും സാമൂഹ്യമായും അവരെ ഉയർത്തുന്നതിനു് പരിശ്രമിക്കണം എന്നും അവർ നിശ്ചയിച്ചു. ഈ പ്രവർത്തനങ്ങളുടെ വിജയത്തിനും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കും വിനയവും സ്വാർത്ഥപരിത്യാഗവും അനിവാര്യമാണെന്നു് അവർ കണ്ടു. അതിനാൽ അവർ നിശ്ചയിച്ചു. സാധുക്കൾക്ക് സഹായം നൽകുന്നതു് സാധനങ്ങളായിട്ടുവേണമെന്നും, ആയതു് അവർതന്നെ നേരിട്ടുകൊണ്ടുപോയി കൊടുക്കണമെന്നും, ഇതിനു വേണ്ടിവരുന്ന ചിലവുകൾ തങ്ങൾതന്നെ വഹിക്കണമെന്നും, അങ്ങനെ തങ്ങളുടെ സമയവും ശാരീരികകഴിവുകളും മാത്രമല്ല, ധനപരമായ കഴിവുകളും സാധുക്കൾവഴി ക്രിസ്തുവിനുവേണ്ടി അർപ്പിക്കണമെന്നും. എന്നാൽ കൂടുതൽ പണം എടുക്കുന്നവർ അതിൽ അഹങ്കരിക്കാതിരിക്കുന്നതിനും, കഴിവുകുറഞ്ഞവർ അവരുടെ സംഭാവനയുടെ നിസ്സാരതയിൽ ലജ്ജിതരാകാതിരിക്കുന്നതിനും മററുമായി ചിലവിനുള്ള വക “രഹസ്യപ്പിരിവു”മൂലം എടുക്കണമെന്നുള്ള ശ്രേഷ്ഠമായ പാരമ്പര്യവും അവർ ആ യോഗത്തിൽവച്ചു് സൃഷ്ടിച്ചു. മാത്രമല്ല കലപ്പയിൽ കൈവയ്ക്കാതെ പിരിയരുതെന്നുള്ള മറെറാരു പാരമ്പര്യവും അവർ ഏർപ്പെടുത്തി. അതിനായി ഒരു പാവപ്പെട്ട കുടുംബത്തെ —ഈ സഖ്യവുമായി അഭേദ്യമാംവിധം ബന്ധിച്ചിട്ടുള്ള “ഉപവിയുടെ സഹോദരികളു”ടെ സഭയിലെ ഒരംഗമായ സിസ്റ്റർ റൊസാലിയാ നിർദ്ദേശിച്ചതാണു് ആ കുടുംബം— അവർ അന്നുതന്നെ തെരഞ്ഞെടുത്തു. ആ കുടുംബത്തെ സന്ദർശിക്കുന്നതിനും സഹായം കൊണ്ടുപോയിക്കൊടുക്കുന്നതിനും മററുമുള്ള ചുമതല ഓസ്സാനാമും ലെ ടെയിലാൻഡിയറുംകൂടി ഏറെറടുത്തു. സന്ദർശനത്തിനും മററും പോകുമ്പോൾ ഇരണ്ടുപേർവീതം ഉണ്ടായിരിക്കണമെന്നുള്ള പാരമ്പര്യവും ഇതുമൂലം അന്നുതന്നെ അവർ സൃഷ്ടിച്ചു. അവസാനം പ്രാർത്ഥനയോടുകൂടി, മഹത്തും ബൃഹത്തുമായ ഇന്നു പാരിലെങ്ങും വിരാജിക്കുന്ന സെ. വി. ഡി പോൾ സഖ്യത്തിനു് അസ്ഥിവാരമിട്ട ആ ചെറുയോഗം അങ്ങനെ പര്യവസാനിച്ചു.

യോഗാനന്തരം ഓസ്സാനാമും കൂട്ടുകാരനുംകൂടി കുറെ വിറകുമായി അവരുടെ കുടുംബത്തെ—ദത്തെടുക്കപ്പെടുന്ന കുടുംബങ്ങളുടെ ചുമതല ഏല്ക്കുന്നവർ ‘ഞങ്ങളുടെ കുടുംബം’ എന്നാണു പറയുന്നതു്—പോയി സന്ദർശിച്ചു. അവർ ആ വിറക് അവിടെ കൊണ്ടുപോയി കൊടുത്തിട്ടുപോരുകയല്ല ചെയ്തതു്. അവിടെത്തന്നെ കിടന്ന അടുപ്പിൽ അവർ രണ്ടുപേരുംകൂടി വിറകുപാകി തീകത്തിച്ചു ആ കുടുംബാംഗങ്ങളുമായി തീകാഞ്ഞിരുന്നു നന്മസംഭാഷണത്തിൽ കുറേ സമയം കഴിച്ചു. ഈ ശ്രേഷ്ഠമായ മറെറാരു മാതൃകയും പാരമ്പര്യവും. ആ യുവസഹോദരന്മാർ അങ്ങനെ അന്നവിടെ കൊളുത്തിയ പരസ്നേഹാഗ്നി അടുപ്പിൽനിന്നു അടുപ്പിലേക്കും, ആ യുവകേസരികളുടെ ഹൃദയങ്ങളിൽനിന്നു അനേകമനേകം ഹൃദയങ്ങളിലേക്കും പടർന്നുപിടിച്ചു ജ്വലിച്ചെരിയുന്നു.

ഇങ്ങനെ ഈ സഖ്യത്തിന്റെ സ്ഥാപകർ അവരുടെ വിശ്വാസം പരസ്നേഹത്തിനു വിധേയമാക്കാൻ— പരസ്നേഹത്തിൽക്കൂടി ദൈവസ്നേഹം പ്രാവൃത്തികമാക്കാൻ.— അതേ ജീവിതം വിശ്വാസത്തിനനുസരണമാക്കാൻ —ദൃഢനിശ്ചയമെടുത്തു; അതിനുവേണ്ട പരിപാടികളും അവർ കരുപ്പിടിപ്പിച്ചു. അവർ സാധുക്കളിൽ സാധുക്കളെയല്ല, രക്ഷകനായ ക്രിസ്തുവിനെയാണന്വേഷിച്ചതു്. വെറും പുണ്യാഭ്യാസങ്ങളല്ല, അവയുടെ കാതലും അരൂപിയുമാണവർ കാര്യമാക്കിയതു്. ആർഭാടങ്ങളും, പ്രകടനങ്ങളുമല്ല കാര്യക്ഷമതയും ഫലസിദ്ധിയുമാണവരന്വേഷിച്ചതു്. കീർത്തിയും സ്വാർത്ഥവുമല്ല വിനയവും പരിത്യാഗവുമാണവർ അസ്ഥിവാരമാക്കിയതു്. നിസ്വാർത്ഥരായി, അഹംകാരരഹിതരായി, ബഹുമതിയും പ്രശസ്തിയും ആഗ്രഹിക്കാതെ, സ്വയം വിശുദ്ധീകരണത്തിനും ദൈവമഹത്വത്തിനുമായി ക്രിസ്തീയഐക്യത്തിലും പരസ്നേഹത്തിലും പ്രവർത്തിക്കുന്നവരുടെ— വിശ്വാസത്തിനനുസരിച്ചു ജീവിക്കുന്നവരുടെ—ഒരു കോൺഫറൻസിനെയാണു ബെയിലിയും ആ ആറുയുവാക്കന്മാരും വിഭാവനംചെയ്തതു. സാധുക്കളുടെ ശാരീരികാവശ്യങ്ങളിൽ സഹായിക്കുന്നതിലോ, സാധുജനോദ്ധാരണത്തിന്റെയും അവരുടെ ജീവിതാവശ്യങ്ങളുടെയും പേരിൽ പ്രസംഗിക്കുന്നതിലോ, അവർക്കുവേണ്ടി വലിയ വലിയ പദ്ധതികളെ ആസൂത്രണം ചെയ്യുന്നതിലോ ഉള്ള പ്രശസ്തിയോ മററു മാനുഷികസംതൃപ്തിയോ അല്ല അവർ ലക്ഷ്യമാക്കിയതു്. പ്രത്യുത, സാധുക്കളിലുള്ള ക്രമക്കേടുകളെ പരിഹരിച്ചു അവരുടെ

(ശേഷം 9-ാം പേജിൽ)

ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.

ലോയൽ സ്റ്റുഡിയോ

തൊടുപുഴ (T. C. State)

# വോട്ടിങ്ങിന്റെ സ്ഥിതി

| | |
|---|---|
| മൊത്തം സീറ്റ് | 117 |
| മത്സരിച്ച സ്ഥാനാർത്ഥികൾ | 261 |
| ആകെ വോട്ടർമാർ | 4410958 |
| പോൾചെയ്ത വോട്ടുകൾ | 3906151 |

# വിവിധപാർട്ടികളുടെ നില

| പാർട്ടികൾ | വിജയികൾ | ആകെകിട്ടിയ വോട്ട് |
|---|---|---|
| കോൺഗ്രസ്സ് | 45 | 1768481 |
| തമിഴ്നാട് കോൺ. | 12 | 245836 |
| പി എസ്. പി. | 19 | 645578 |
| കമ്മ്യൂണിസ്റ്റ് | 23 | 8.0694 |
| ആർ. എസ്. പി. | 9 | 218297 |
| കെ. എസ്. പി. | 3 | 13:80. |
| സ്വതന്ത്രർ | 6 | 278524 |
| ആർ. സി. പി. | — | 5772 |
| ജനസംഘം | — | 403 |

## തിരുകൊച്ചിവാർത്തകൾ

### തിരഞ്ഞെടുപ്പുഫലങ്ങൾ

(കഴിഞ്ഞലക്കത്തിൽനിന്നു തുടർച്ച)

### കോൺഗ്രസ്

32 തൊടുപുഴ— എ. സി. ചാക്കോ
33 ഞാറയ്ക്കൽ— കെ. സി എബ്രഹാം
34 കടുത്തുരുത്തി (ജന)— കെ എം. ജോർജ്ജ്
35 കടുത്തുരുത്തി (റിസ)— ടി ടി. കേശവൻശാസ്ത്രി
36 കല്ലൂപ്പാറ— എം എം. മത്തായി
37 ആലങ്ങാട്— കെ പി. ഗോപാലമേനോൻ
38 കുമാരമംഗലം— സി എ. മാത്യു
39 ഏഴുമാറ്റൂർ— ടി. എം. വറുഗീസ്
40 തിരുവല്ല— ചന്ദ്രശേഖരപ്പിള്ള
41 നെയ്യാറ്റിൻകര— എം. ഭാസ്കരൻനായർ
42 ചിറ്റൂർ— ഡോ എ. ആർ മേനോൻ
43 കുന്നത്തുനാട് (ജന)— കെ. എം. ചാക്കോ
44 കുന്നത്തുനാട് (റിസ)— കെ. കൊച്ചുകുട്ടൻ
45 ഇരിങ്ങാലക്കുട (ജന)— കെ. കെ ബാലകൃഷ്ണൻ

### കമ്മ്യൂണിസ്റ്റ്

18 ഇരിങ്ങാലക്കുട (റിസ)— ചാത്തൻ മാസ്റ്റർ
19 ആറന്മുള— ആർ. പ്രകാശം
20 ചെങ്ങന്നൂർ (റിസ)— കെ കുഞ്ഞച്ചൻ
21 മണിക്കാവ് (ജന)— തോപ്പിൽ ഭാസി
22 മണിക്കാവ് (റിസ)— കുട്ടപ്പൻ കോയിക്കൽ
23 ഉള്ളൂർ (ജന)— വി. ശ്രീധരൻ

### പി. എസ്. പി.

15 ചെങ്ങന്നൂർ (ജന)— സി. കെ. രാമചന്ദ്രൻനായർ
16 ദ ..മം— പി. വിശ്വംഭരൻ
17 നെന്മാറ— കെ. എ ശിവരാമഭാരതി
18 ഉള്ളൂർ (റിസ)— പി. കുഞ്ഞൻ
19 വക്കം (റിസ)— കൊച്ചുകുഞ്ഞു

### തമിഴ്നാടുകോൺഗ്രസ്

10 പത്മനാഭപുരം— നൂർമുഹമ്മദ്
11 ദേവികുളം (ജന)— ശേഷാദ്രിഅമ്മ
2 ദേവികുളം (റിസ)— രംഗയ്യ

### ആർ. എസ്. പി.

9 പന്മന— യശോധരൻ

### കെ. എസ്. പി.

3 ചിറയിൻകീഴ്— ശ്രീ നീലകണ്ഠൻ

### സ്വതന്ത്രർ

5 ചെങ്കോട്ട— ചട്ടനാഥ കരയാളർ
6 വക്കം (ജന)— ടി എ. മജീദ്

### നോമിനേഷൻ

ഒരു ന്യൂനപക്ഷമായ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിനു പ്രാതിനിധ്യം നൽകുന്നതിനായി മി. എ എ. ഡി ലൂയിസിനെ നിയമസഭയിലെ ആംഗ്ലോ ഇൻഡ്യൻ പ്രതിനിധിയായി രാജപ്രമുഖൻ തിരുമേനി നോമിനേറ്റു ചെയ്തിരിക്കുന്നു. ഇതോടെ നിയമസഭാംഗങ്ങളുടെ ആകെ എണ്ണം 118 ആയിരിക്കുന്നു.

### നിയമസഭാസമ്മേളനം

പുതിയ നിയമസഭയുടെ പ്രഥമയോഗം മാർച്ച് 22-ാം നു കൂടുന്നതാണെന്നറിയുന്നു. അന്നു രാജപ്രമുഖന്റെ ഉൽഘാടനപ്രസംഗവും അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കറുടെ തിരഞ്ഞെടുപ്പും നടക്കുന്നതായിരിക്കും.

### ശ്രീ പനമ്പിള്ളി കോൺ. പാർട്ടി ലീഡർ

സംസ്ഥാനനിയമസഭയിലേക്കു പുതുതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കോൺഗ്രസ്സ് മെമ്പർമാരുടെ സമ്മേളനം ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനെ പാർട്ടിലീഡറായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു. ശ്രീ എ. ജെ. ജോണാണു ലീഡർസ്ഥാനത്തേക്കു ശ്രീ പനമ്പിള്ളിയുടെ പേർ നിർദ്ദേശിച്ചതു്.

### ശ്രീ പട്ടം ഇടതുപക്ഷനേതാവ്

ഇടതുപക്ഷ പാർട്ടികളുടെയും സ്വതന്ത്രന്മാരുടെയും 59 നിയമസഭാംഗങ്ങളുടെ നേതാവായി താൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നു ശ്രീ പട്ടംതാണുപിള്ള രാജപ്രമുഖൻ തിരുമനസ്സിനെ അറിയിച്ചിരിക്കുന്നതായറിയുന്നു.

### ജോൺ മന്ത്രിസഭ രാജിവച്ചു

സംസ്ഥാനത്തെ തിരഞ്ഞെടുപ്പു പൂർത്തിയായ ദിവസത്തിനു് മാർച്ച് 3-ാം നു രാവിലെ മുഖ്യമന്ത്രി ശ്രീ എ ജെ ജോൺ തന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ രാജി രാജപ്രമുഖൻ തിരുമനസ്സിലേക്കു സമർപ്പിക്കുകയുണ്ടായി. എന്നാൽ ഒരു പുതിയ മന്ത്രിസഭ രൂപം പ്രാപിക്കുന്നതുവരെ ഇപ്പോഴത്തെ മന്ത്രിസഭതന്നെ കെയർടേക്കർ ഗവമെന്റായി തുടരുവാൻ രാജപ്രമുഖൻ ആവശ്യപ്പെട്ടിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### നെഹ്റുവിന്റെ മറുപടി

പാക്കിസ്ഥാനു് സൈനികസഹായം നൽകാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഔദ്യോഗികമായി അറിയിച്ചുകൊണ്ടു് അമേരിക്കൻ പ്രസിഡന്റ് ഐസനോവർ അയച്ചിരുന്ന കത്തിനു ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു മറുപടി നൽകിയിരിക്കുന്നു. പാക്ക്-യു എസ്. സൈനികസഖ്യം ഇൻഡ്യക്കും ഏഷ്യക്കും അപകടമാണെന്നുള്ള തന്റെ വിശ്വാസം ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടു്, ആവശ്യമെങ്കിൽ ഇൻഡ്യക്കും സൈനികസഹായം നൽകാമെന്നുള്ള ഐസനോവറുടെ വാഗ്ദാനത്തെ പ്രസ്തുത മറുപടിയിൽ നെഹ്റു നിരാകരിച്ചിരിക്കുന്നു. ജമ്മുകാഷ്മീരിൽ ഐക്യരാഷ്ട്രസംഘത്തോടൊത്തു് പ്രവർത്തിച്ചുവരുന്ന അമേരിക്കൻ സൈനികനിരീക്ഷകരെ മേലിൽ നിഷ്പക്ഷരായി കരുതാൻ നിവൃത്തിയില്ലെന്നു് മി. നെഹ്റു ഏതൽസംബന്ധമായി കേന്ദ്രജനസഭയിൽ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രസ്താവന ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിലിൽ ഒരു വിവാദവിഷയമായിത്തീരാനിടയുണ്ടെന്നു പറയപ്പെടുന്നു.

### കൈത്തറിത്തുണിക്കു് വില്പനനികുതിവേണ്ട

കൈത്തറിത്തുണിയെ വില്പനനികുതിയിൽനിന്നും ഒഴിവാക്കാൻ എല്ലാ സ്റ്റേറ്റുഗവമെന്റുകൾക്കും കേന്ദ്രത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ടെന്നു് കേന്ദ്രവാണിജ്യവ്യവസായമന്ത്രി ടി. ടി. കൃഷ്ണമാചാരി ജനസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

### ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച പുതിയ നിയമങ്ങൾ

ഭാരതത്തിലാകെയുള്ള ഗവർമെന്റുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ചില സാങ്കേതികനിയമങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ആഭ്യന്തരമന്ത്രി ഡോ. കഡ്ജു വെളിപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ചു എല്ലാ ഉദ്യോഗസ്ഥന്മാരുടെയും വരവുചെലവു കണക്കുകളും സ്ഥാവരജംഗമവസ്തുക്കളുടെ വിവരങ്ങളും ഗവർമെന്റിനു് നൽകേണ്ടിവരുമെന്നും ആവശ്യമെന്നു തോന്നുന്നപക്ഷം ബാങ്കുകണക്കുകളും മറ്റു വിവരങ്ങളും ആവശ്യപ്പെടുവാൻ ഗവമെന്റിനവകാശമുണ്ടായിരിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. അഴിമതി, കൈക്കൂലി മുതലായവയുടെ നിരോധനമാണു് പുതിയ നിയമങ്ങളുടെ ഉദ്ദേശം.

### പെപ്സുവിൽ കോൺഗ്രസിനു ഭൂരിപക്ഷം

പെപ്സുസ്റ്റേറ്റിലെ തിരഞ്ഞെടുപ്പു മാർച്ച് 5-ാംനു മായകരമായി അവസാനിച്ചിരിക്കുന്നു. നിയമസഭയിൽ ആകെയുള്ള 60 സ്ഥാനങ്ങളിൽ 37-ാം കോൺഗ്രസ്സ് പാർട്ടിക്കാണു ലഭിച്ചിരിക്കുന്നതു്. വലതുപക്ഷ അകാലികൾക്കു് 10-ഉം ഇടതുപക്ഷ അകാലികൾക്കു് 2-ഉം സ്വതന്ത്രർക്കു് 7-ഉം കമ്മ്യൂണിസ്റ്റുകാർക്കു് 4-ഉം സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടു്.

പെപ്സു പി സി സി പ്രസിഡണ്ടു് കേണൽ രഘുബീർസിങ്ങ് അവിടത്തെ കോൺ. നിയമസഭാകക്ഷിനേതാവായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### ഇന്റർനൺഷിയോ സിലുവൈഗിരിയിൽ

അഭിവന്ദ്യ ഇന്റർനൺഷിയോ തിരുമേനി സേലം ബിഷപ്പ് ഡോക്ടർ സെൽവനാഥർ തിരുമേനിയുമൊന്നിച്ചു് മാർച്ച് 1-ാംനു തിങ്കളാഴ്ച സേലത്തുള്ള സിലുവൈഗിരി ബനഡിക്റ്റൻ ആശ്രമം സന്ദർശിക്കുകയുണ്ടായി. ഇദ്ദേഹം ആദ്യമായി സിലുവൈഗിരി സന്ദർശിക്കുന്ന പ്രശസ്തിയാൽ ഭക്തർക്ക് ഏറ്റം ഹാർദ്ദമായ ഒരു സ്വീകരണം നൽകപ്പെട്ടു. പിറ്റേദിവസം ദിവ്യപൂജാനന്തരം നടന്ന കോൺഫറൻസിൽ, തിരുമേനിയും ബനഡിക്റ്റൻ ഭിക്ഷുക്കളായി ചെറുപ്പം മുതൽ പ്രത്യേകബന്ധമുണ്ടെന്നും ഇപ്പോഴത്തെ പ്രസ്തുത സഭയുടെ ഒരു വിഭാഗം ഭാരതഭൂമിയിലും മുളയെടുത്തുകാണുന്നതു് ഏറ്റവും പ്രത്യാശാജനകമാണെന്നു പ്രസ്താവിക്കുകയുണ്ടായി. സിലുവൈഗിരിയുടെ ആദർശമായ ധ്യാനപരമായ ജീവിതത്തിൽ അധിഷ്ഠിതമായ പ്രേഷിതവേലയാണു് ഇന്നു് ഭാരതമാനസാന്തരത്തിനു അത്യന്താപേക്ഷിതമെന്നു് തിരുമേനി സമർത്ഥിച്ചു. പാശ്ചാത്യസംസ്കാരത്തെ ക്രൈസ്തവമാക്കാൻ മുന്നിട്ടുനിന്നു് പ്രവർത്തിച്ച ബനഡിക്റ്റൻസഭ, നൂറ്റാണ്ടുകളായുള്ള പഴക്കമുള്ള ഭാരതസംസ്കാരത്തെയും, വിശിഷ്യ തത്വശാസ്ത്രസംഹിതയെയും ക്രൈസ്തവമാക്കി പകർത്താൻ ഇടവരട്ടെ എന്നു് തിരുമേനി ആശംസിച്ചു.

## വിദേശവാർത്തകൾ

### റോമിലെ മരിയൻ വത്സരപരിപാടികൾ

"നിസ്സ്വതസഭ" എന്ന പരിശുദ്ധപിതാവു് നാമകരണം ചെയ്തിരിക്കുന്ന ഇരുമ്പുകർട്ടൻ രാജ്യങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഈ വത്സരത്തിനിടയ്ക്കു് നിരന്തരമായി റോമിൽ നടക്കുന്നതാണു്. മേരിമേജർ ദേവാലയത്തിൽ അഷ്ടമാറും തന്മേം ആഘോഷമായ ഒരു ദിവ്യപൂജ അർപ്പിക്കപ്പെടുന്നു. ഇരുമ്പുമറയ്ക്കുള്ളിൽനിന്നു റോമിൽ അഭയംതേടിയിട്ടുള്ള മർദ്ദിതരാജ്യക്കാരായ പുരോഹിതരായിരിക്കും മാറിമാറി പ്രസ്തുത ദിവ്യബലി സമർപ്പിക്കുന്നതു. "ക്രിസ്ത്യാനികളുടെ സഹായമായ മാതാവു്" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു പ്രസംഗപരമ്പര ഇടർച്ചയായുണ്ടാകും. ക്രിസ്ത്യാനികളുടെ ആദ്യ 13 ശതകങ്ങളിൽ കന്യകയെ സംബന്ധിച്ചു് നിർമ്മിതമായിട്ടുള്ള കലാവേലകളുടെ ഒരു പ്രദർശനം ഈസ്റ്റർദിനം മുതൽ ലാറ്ററൻ മ്യൂസിയത്തിൽ ആരംഭിക്കുന്നതാണു്. സുപ്രസിദ്ധങ്ങളായ 1500 ൽപരം ചിത്രങ്ങളും കവനങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരിക്കും. "കൃപ നിറഞ്ഞ" പ്രത്യാശയുടെ ... ... ... തലയിൽ പ്രദർശനം ... ... ഒരു കമ്മിറ്റിയെ നിയമിച്ചിരിക്കയാണു്. ... തിരുമനസ്സിലെ ... വാർഷികമായ ... മാർച്ച് 7 ... ആഘോഷമായ വലിയ കുർബാന മേരിമേജർ പള്ളിയിൽ നടത്തപ്പെട്ട റോമാനഗരത്തിലുള്ള കന്യാസ്ത്രീകൾ മാറിമാറി ഓരോ ദിവസവും ഈ ബസ്സിലിക്കായിൽ സന്ദർശനം നടത്തുന്നതിനും ഏർപ്പാടുചെയ്തിട്ടുണ്ടു്.

### കർദ്ദിനാൾ മസ്സീനി നിര്യാതനായി

റോമൻ ക്യൂരിയായിലെ അംഗങ്ങളിൽ ഒരാളായ കർദ്ദിനാൾ മസ്സീനി മാർച്ച് 6-ാംനു നിര്യാതനായിരിക്കുന്നു. ഇദ്ദേഹത്തിനു് 76 വയസ്സു പ്രായമുണ്ടായിരുന്നു.

### മാർപ്പാപ്പാ തിരുമനസ്സിലെ ആരോഗ്യനില

ആറു് ആഴ്ചകൾ ദീർഘിച്ച ഗുരുതരമായ ഉദരരോഗത്തിനു ശേഷം മാർപ്പാപ്പാ തിരുമേനി ഇപ്പോൾ ഭക്ഷണം കഴിച്ചുതുടങ്ങിയിരിക്കുന്നു. എന്നാൽ മുമ്പു നിർവ്വഹിച്ചിരുന്ന ജോലികളെല്ലാം ഇനിയും തുടങ്ങുവാനുള്ള ആരോഗ്യം അദ്ദേഹത്തിനു ലഭിക്കുന്നതല്ലെന്നാണു ഡോക്ടർമാരുടെ അഭിപ്രായം. ഇതിന്റെ അടിസ്ഥാനത്തിൽ തിരുമനസ്സിലെ സാധാരണജോലികളിൽ തന്നെ സഹായിക്കുവാൻ ഒരു സെക്രട്ടറിയെ കൂട്ടി തിരുമേനി നിയമിക്കുന്നതാണെന്നു് ഊഹിക്കപ്പെടുന്നു.

### വിദ്യാഭ്യാസപ്രവർത്തകന്റെ നിർദ്ദേശം

ബ്രിട്ടനിലെ കത്തോലിക്കാ അദ്ധ്യാപകസംഘടനയുടെ വാർഷികസമ്മേളനത്തിൽ അതിന്റെ അദ്ധ്യക്ഷൻ സംഘാംഗങ്ങൾക്കു നൽകിയ പ്രായോഗികമായ പല നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ പറഞ്ഞു: "വിദ്യാർത്ഥിയുടെ പിതാവു ബാങ്കുമാനേജരെ കൂടെക്കൂടെ സന്ദർശിക്കുന്നുണ്ടു, വക്കീലന്മാരോടു് ആലോചിക്കാറുണ്ടു, ഡോക്ടറെ പോയി കാണുന്നുണ്ടു്. എന്നാൽ സർവ്വപ്രധാനമായ ഒരു സംഗതി വിട്ടുകളയുന്നു. തന്റെ കുഞ്ഞിനെ പഠിപ്പിക്കുന്ന അദ്ധ്യാപകനെ ഒന്നു കണ്ടു സംസാരിക്കുവാൻ അത്ര മനസ്സുവയ്ക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ കുടുംബത്തലവന്മാർ കൂടെക്കൂടെ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ എല്ലാവർക്കും, വിശിഷ്യ കുട്ടികൾക്കും എത്രവലിയ പ്രയോജനം സിദ്ധിച്ചേനെ. ആകയാൽ നിങ്ങളെങ്കിലും അവരോടു് സമ്പർക്കം പാലിക്കാൻ ശ്രമിക്കണം. സൗകര്യപ്രദമായ അവസരങ്ങളിൽ രക്ഷാകർത്തൃദിനങ്ങൾ വിളിച്ചുകൂട്ടികൊണ്ടു് അവരുമായി പരിചയം സമ്പാദിക്കുവാൻ പരിശ്രമിക്കുക."

### ചരമം

എറണാകുളം: ശ്രീ കരിശ്ശേരി ഉലഹന്നാൻ ഔസേപ്പു് അവർകൾ മാർച്ച് 7-ാംനു കാലത്തു് 11.30-നു് നിര്യാതനായി. ശവസംസ്കാരം പിറ്റേദിവസം എറണാകുളം മെത്രാപ്പോലീത്തൻ പള്ളി സിമിത്തേരിയിൽ എറണാകുളം അതിരൂപതാ സഹായമെത്രാൻ കൊറായി. ഡോ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വികാരി ജനറാൾ മോൺ. ജോ പോത്തനാമൂഴി മോൺ. ജോസഫ് കരിപ്പാശ്ശേരി, മോൺ. വറുഗീസ് പുളിക്കേരി തുടങ്ങിയ പല വൈദികപ്രമുഖരുടെ സാന്നിധ്യത്തിലും യഥാവിധി നടത്തപ്പെട്ടു. മലബാർമെയിൽ, സത്യദീപം എന്നീ പത്രങ്ങളുടെ പ്രിന്ററും പബ്ലീഷറുമായ ശ്രീ കെ. എൽ വർക്കി പരേതന്റെ ഏക സഹോദരനാണു്. R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM, MARCH 10, 1954 || No. 28


## മാതാപിതാക്കളുടെ വിദ്യാഭ്യാസാവകാശത്തെപ്പററി ഹൈക്കോടതിവിധി

മക്കളുടെ വിദ്യാഭ്യാസം മാതാപിതാക്കളുടെ അവകാശത്തിലും കർത്തവ്യത്തിലും സ്വാഭാവികന്യായത്താൽതന്നെ ഉൾപ്പെട്ടതാണെന്നും, ആ വിഷയത്തിൽ മാതാപിതാക്കളെ സഹായിക്കുവാനല്ലാതെ അവരെ മാററിനിർത്തുവാൻ രാഷ്ട്രത്തിനു അധികാരമില്ലെന്നുമുള്ള തത്വത്തിനുവേണ്ടി കത്തോലിക്കർ എന്നും എവിടെയും നിലകൊണ്ടിട്ടുള്ളതാണ്. ആധുനികകാലത്തു് പ്രാബല്യത്തിൽ വന്നുതുടങ്ങിയ ഫാസിസ്റ്റ്, നാസി, കമ്മ്യൂണിസ്റ്റ് മുതലായ സർവ്വാധിപത്യരാഷ്ട്രങ്ങൾ പ്രത്യേകിച്ചും ഈ മൗലികതത്വത്തെ ആദർശത്തിലും പ്രയോഗത്തിലും നിഷേധിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം ആ രാഷ്ട്രങ്ങളുടെ ഭരണത്തിലിരിക്കുന്ന കത്തോലിക്കർക്ക് വിദ്യാഭ്യാസവിഷയത്തിൽ അവരുടെ രാഷ്ട്രീയാധികാരികളുമായി ഇടവിടാതെ ധർമ്മസമരങ്ങൾ നടത്തേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ആദർശത്തിൽ പ്രജായത്തഭരണം സ്വീകരിക്കുന്ന ചില രാഷ്ട്രങ്ങളിൽത്തന്നെയും വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാക്കാനും മാതാപിതാക്കൾക്കുള്ള അവകാശങ്ങളിൽ കൈകടത്തുവാനും പ്രയോഗത്തെ സംബന്ധിച്ചിടത്തോളം ശ്രമങ്ങൾ നടക്കുന്നുണ്ടു്. സർ സി. പിയുടെ കാലത്തും കോൺഗ്രസ്സ് ഭരണം ആരംഭിച്ചതിനുശേഷവും തിരുവിതാംകൂറിൽ നടന്ന വിദ്യാഭ്യാസപ്രക്ഷോഭണം ഇതിനു ഉദാഹരണമാണല്ലോ. എങ്കിലും പ്രജായത്താദർശങ്ങൾ രാഷ്ട്രത്തിന്റെ ഇത്തരം കൈകടത്തലുകൾ അനുവദിക്കുന്നതല്ലെന്നു പ്രജായത്തരാജ്യങ്ങളിലെ ഭരണഘടന ഉറപ്പു നൽകിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ള മൗലികാവകാശവ്യവസ്ഥകൾ മാതാപിതാക്കളുടെ വിദ്യാഭ്യാസാവകാശങ്ങളെ പരിരക്ഷിക്കുവാൻ തികച്ചും പര്യാപ്തങ്ങളാകുന്നു. നമ്മുടെ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളും, സർവ്വോപരി കേന്ദ്രത്തിലെ സുപ്രീംകോടതിയും പൗരന്മാരുടെ കാവൽഭടന്മാരായി നില്ക്കുന്നതുകൊണ്ടു് അവരുടെ പ്രസ്തുതാവകാശങ്ങളെ സർക്കാരിന്റെ ഇടപെടലുകളിൽനിന്നു് സംരക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. അങ്ങനെ ഒരു സംരക്ഷണം ബോംബെ ഗവമ്മെൻറിനെതിരായി അവിടത്തെ ഹൈക്കോടതി ഈയിടെ നൽകി. അതിന്റെ സംഗതമായ വിവരങ്ങളാണ് താഴെ ചേർക്കുന്നതു്.

### ബോംബെ ഗവർമ്മെൻറിന്റെ നിരോധനോത്തരവും അതിനെതിരായ ഹർജികളും

ഇംഗ്ലീഷ് ഭാഷയിൽ ബോധനങ്ങൾ നടത്തുന്ന സ്കൂളുകളിൽ ഏഷ്യക്കാരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നിരോധിച്ചുകൊണ്ടു് ബോംബെ ഗവമ്മെൻറു് കഴിഞ്ഞ ജനുവരി 6-ാംനു ഉത്തരവു പുറപ്പെടുവിച്ചു. ഇൻഡ്യയിലെ ആംഗ്ലോഇൻഡ്യന്മാർ അവരുടെ ഗൃഹങ്ങളിൽ ഇംഗ്ലീഷ് ഭാഷ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ അവർ നടത്തുന്ന സ്കൂളിൽ ഇംഗ്ലീഷ് ആണ് ബോധനഭാഷ. ഈ ഉത്തരവിനുമുൻപായി ഗവർമ്മെൻറു് പുറപ്പെടുവിച്ച സർക്കുലറുകളിൽ ആംഗ്ലോഇൻഡ്യൻ സ്കൂളുകൾക്കുപദേശം നൽകി, ഹിന്ദിയിലോ മറേറതെങ്കിലും ഇൻഡ്യൻ ഭാഷയിലോ ബോധനം നടത്തുന്ന ഡിവിഷനുകൾ ഒന്നാംസ്റ്റാൻഡേർഡുമുതൽ മേലോട്ടു് ക്രമേണ ക്രമേണ ഉണ്ടാക്കുവാൻ. ബോംബെ സംസ്ഥാനത്തു് ഇംഗ്ലീഷ് ബോധനഭാഷയായ 30 ആംഗ്ലോഇൻഡ്യൻ സ്കൂളുകളുണ്ടു്. അവയിൽ ഒന്നാണ് ഡെയോലാലി എന്ന സ്ഥലത്തു് ബോംബെ എഡ്യൂക്കേഷൻ സൊസൈററി നടത്തുന്ന ബാൺസ് ഹൈസ്കൂൾ. അതിൽ 212 ആംഗ്ലോഇൻഡ്യൻ വിദ്യാർത്ഥികളും 203 ആംഗ്ലോഇൻഡ്യരല്ലാത്ത വിദ്യാർത്ഥികളും 1953 ഡിസമ്പറിൽ ഉണ്ടായിരുന്നു. ഗവർമ്മെൻറിന്റെ നിരോധനോത്തരവു് ആ സ്കൂളിൽ കിട്ടിയപ്പോൾ അതിനെതിരായി മൂന്നു ഹർജികൾ ഹൈക്കോർട്ടിൽ ബോധിപ്പിച്ചു. ഒന്നു ആ സ്കൂൾ നടത്തുന്ന സൊസൈററിയുടേതു്; രണ്ടാമത്തേതു് മേജർ പിൻഡോയുടേയും അദ്ദേഹത്തിന്റെ പുത്രി ബ്രേൻഡയുടേയും, മൂന്നാമത്തേതു് ഡോക്ടർ ഗജ്ജാറുടേയും അദ്ദേഹത്തിന്റെ പുത്രന്റേയും. രണ്ടും മൂന്നും ഹർജിക്കാരായ രക്ഷാകർത്താക്കൾ ബോധിപ്പിച്ചതു്, തങ്ങൾ ആംഗ്ലോഇൻഡ്യന്മാർ അല്ലെന്നുള്ള കാരണത്താൽ തങ്ങളുടെ മക്കൾക്കു് പ്രസ്തുത സ്കൂളിൽ പ്രവേശനം നൽകാൻ അധികാരികൾ വിസമ്മതിക്കുന്നു എന്നാണ്. പ്രസ്തുത ഉത്തരവു് ഭരണഘടനയിലെ വ്യവസ്ഥകൾക്കു് വിപരീതമാണെന്നും ആകയാൽ അതു് പ്രയോഗത്തിൽ വരുത്തുവാൻ പാടില്ലെന്നു് കോടതി ഒരു റിററ് പുറപ്പെടുവിക്കണമെന്നുമായിരുന്നു ഹർജിക്കാരുടെ അഭ്യർത്ഥന. വിചാരണകൾക്കുശേഷം ഫെബ്രുവരി 15-ാംനു ചീഫ് ജസ്റ്റിസും വേറൊരു ജസ്റ്റിസുംകൂടി വിധിനൽകി, ഗവർമ്മെൻറുത്തരവു് നിയമവിരുദ്ധമാണെന്നു പ്രസ്താവിച്ചും ഹർജിക്കാർക്കു 1000 രൂപാ ചിലവുകൊടുക്കുവാനാവശ്യപ്പെട്ടും.

### മാതാപിതാക്കളുടെ വിദ്യാഭ്യാസാവകാശത്തെപ്പററി വിധിവാക്യങ്ങൾ

മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കൾക്കുള്ള അവകാശത്തെ ചീഫ് ജസ്റ്റിസ് ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു:—

ഈ സർക്കുലറിനെ സംബന്ധിച്ചു് ഞങ്ങൾ വിധിപ്രസ്താവിക്കേണ്ടിയിരിക്കുന്നു, മാതാപിതാക്കൾക്കു് സ്വാതന്ത്ര്യം മക്കളുടെ വിദ്യാഭ്യാസത്തിലുള്ള അവകാശമെന്തെന്നും കുട്ടികളുടെ വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിൽ രാഷ്ട്രത്തിനുള്ള അവകാശമെന്തെന്നുമാണ്. ഒരു പ്രജായത്തരാജ്യത്തു് പൗരൻ സന്തോഷപൂർവ്വം അനുഭവിക്കുന്നതു് ചിന്താസ്വാതന്ത്ര്യമാകുന്നു; ചിന്തയെ നിയന്ത്രിക്കുവാൻ ലളിതവും എളുപ്പവുമായ മാർഗ്ഗം വിദ്യാഭ്യാസത്തിന്റെ നിയന്ത്രണമാണെന്നുള്ളതു് അവിതർക്കിതവുമാണ്. മാതാപിതാക്കളാണ് തങ്ങളുടെ മക്കളെ പഠിപ്പിക്കേണ്ടതെന്നുള്ളതു് പ്രമാണമായി കരുതപ്പെട്ടിരുന്ന ആ കാലങ്ങൾ വിട്ടു് വളരെയധികം ദൂരം നാം പോന്നുകഴിഞ്ഞു. ഇന്നാകട്ടെ വലിയൊരു തോതിൽ മാതാപിതാക്കളുടെ കർത്തവ്യങ്ങളെ രാഷ്ട്രം പിടിയിൽ വച്ചിരിക്കുകയാണ്. എന്നുവരികിലും തങ്ങളുടെ കുട്ടികൾക്കു് യാതൊരു വിദ്യാഭ്യാസവും തങ്ങൾ നൽകുകയില്ലെന്നു് പറയുവാൻ മാതാപിതാക്കന്മാരെ രാഷ്ട്രത്തിനു് അനുവദിച്ചുകൂടാ. വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നാണ് രാഷ്ട്രത്തിന്റെ പ്രതീക്ഷയെന്നു തീർച്ചതന്നെ. കരിക്കുലം എന്തായിരിക്കണം, ബോധനഭാഷ ഏതായിരിക്കണം, ഏതെല്ലാം വിഷയങ്ങൾ പഠിപ്പിക്കണമെന്നൊക്കെ ഹിതാനുസാരം നിശ്ചയിക്കുവാനും രാഷ്ട്രത്തിനു പാടുണ്ടു്.

പ്രധാനമായ പ്രശ്നങ്ങളിൽ ഒന്നു്, തങ്ങളുടെ അഭിപ്രായത്തിൽ തങ്ങളുടെ മക്കൾക്കു യോജിച്ചതരം വിദ്യാഭ്യാസം നൽകുന്ന വിഷയത്തിൽ മാതാപിതാക്കന്മാരെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനു പാടുണ്ടോ എന്നാണ്. അങ്ങനെയൊരവകാശം ഒരിക്കൽ സമ്മതിച്ചുകൊടുത്താൽ, വിദ്യാഭ്യാസം നിശ്ചിതതോതിൽ ഒതുക്കിനിർത്തുവാനും (സ്റ്റാൻഡേർഡൈസ്) കുട്ടികളെ സ്വന്തം അച്ചിൽ വാർത്തെടുക്കുവാനും രാഷ്ട്രത്തിനു കഴിവുണ്ടാകും. ആകയാൽ യഥാർത്ഥമായ ചിന്താസ്വാതന്ത്ര്യമുണ്ടാകേണ്ടിയിരിക്കുന്നു. തങ്ങളുടെ കുട്ടികൾക്കു ലഭിക്കേണ്ട വിദ്യാഭ്യാസം ഏതുതരമെന്നു തീരുമാനിക്കുവാനുള്ള അവകാശം മാതാപിതാക്കൾക്കുണ്ടായേ കഴിയൂ. പ്രജായത്തഭരണം സ്ഥിതിചെയ്യുന്നതു് സകല ജീവനും വേരോടെ പറിച്ചുകളയുവാനെന്നു് സങ്കല്പിക്കുന്നതു തെററാണ്. തീരുമാനിക്കാനുള്ള അവകാശത്തിൽ തൊടുചെയ്യുവാനുള്ള അവകാശം ഉൾപ്പെട്ടിരിക്കുക അനിവാര്യമാകുന്നു. ആ തെററു് രാഷ്ട്രത്തിന്റെ താല്പര്യത്തിനു എതിരായിരിക്കുകയോ രാഷ്ട്രത്തിന്റെ ഭദ്രതയെ അട്ടിമറിക്കുകയോ ചെയ്യരുതെന്ന വ്യവസ്ഥ പാലിക്കപ്പെടണമെന്നേയുള്ളൂ. പ്രസ്തുതാവകാശം മാതാപിതാക്കൾക്കു് സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല.

### യു. എൻ. ഒ. യുടെ മനുഷ്യാവകാശപത്രിക

സർവ്വരാജ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ഒരു പ്രത്യേക സമിതി മനുഷ്യാവകാശങ്ങളെ ക്രോഡീകരിച്ചുകൊണ്ടു ഒരു പത്രിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടല്ലോ. മാതാപിതാക്കന്മാർക്കു് മക്കളുടെ വിദ്യാഭ്യാസത്തിലുള്ള അവകാശം ആ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ ജഡ്ജ്മെൻറിൽ അക്കാര്യം എടുത്തുപറയുന്നതിങ്ങനെയാണു്:-

തങ്ങളുടെ കുട്ടികൾക്കു ഏതു വിദ്യാഭ്യാസം ലഭിക്കണമെന്നു തീരുമാനിക്കാൻ മാതാപിതാക്കന്മാർക്കു അവകാശമുണ്ടെന്നുള്ള കാര്യം മനുഷ്യാവകാശപ്രഖ്യാപനപത്രികയിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ടു്. ആ പ്രഖ്യാപനത്തിനു് ഇൻഡ്യാ ഒപ്പുവച്ചിട്ടുമുണ്ടു്. ആ പ്രഖ്യാപനത്തിലെ 216-ാം ആർട്ടിക്കിൾ പറയുന്നു, മക്കൾക്കു യോജിച്ചതെന്നു തങ്ങൾക്കു തോന്നുന്ന വിദ്യാഭ്യാസം അവർക്കു കൊടുക്കുവാൻ മാതാപിതാക്കന്മാർക്കു അവകാശമുണ്ടായിരിക്കണമെന്നു്. രാഷ്ട്രത്തിന്റെ അവകാശമാണ് വിദ്യാഭ്യാസം നിർബന്ധിതമാക്കുക, വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യങ്ങൾ നൽകുക, കരിക്കുലം നിശ്ചയിക്കുക എന്നൊക്കെ; അതേസമയം തന്നെ മാതാപിതാക്കന്മാരുടെ അവകാശമാണ് ഒരു കുട്ടി ഒരു പ്രത്യേക സ്കൂളിലേക്കോ, ഏതെങ്കിലും സ്കൂളിലേയ്ക്കോ പോകണമോ എന്നും, കുട്ടിക്കു ഏതു വിദ്യാഭ്യാസമാണു ലഭിക്കേണ്ടതെന്നും തീരുമാനിക്കുന്നതും ഒരു പ്രത്യേക വിധത്തിൽ കുട്ടിയെ വിദ്യ അഭ്യസിപ്പിക്കുന്നതും. 216-ാം ആർട്ടിക്കിൾ മാതാപിതാക്കന്മാരുടെ അവകാശത്തിനു് പ്രാധാന്യം കല്പിക്കുന്നു. ആ അവകാശത്തിനു രാഷ്ട്രത്തിന്റെ അവകാശത്തേക്കാൾ മുൻഗണന ലഭിക്കുകയും ചെയ്യുന്നു. മനുഷ്യാവകാശപ്രഖ്യാപനത്തിലെ 216-ാം ആർട്ടിക്കിളിനു് വിപരീതമായ യാതൊരു വ്യവസ്ഥയും നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടില്ല. മനുഷ്യാവകാശപ്രഖ്യാപനത്തിലെ മിക്ക ആർട്ടിക്കിളും നമ്മുടെ ഭരണഘടന ഉൾക്കൊള്ളുന്നുണ്ടു്. ഈ വസ്തുത അതിന്റെ മഹത്വത്തിനു് നിദാനമായിരിക്കുകയും ചെയ്യുന്നു.

ജഡ്ജ്മെൻറിൽനിന്നു ഞങ്ങൾ മുകളിലുദ്ധരിച്ച ഭാഗങ്ങൾ ഏററവും പ്രധാനപ്പെട്ടവയാണ്. വിദ്യാഭ്യാസവിഷയത്തിൽ രാഷ്ട്രത്തിന്റെ അധികാരാവകാശങ്ങളും മാതാപിതാക്കളുടെ അധികാരാവകാശങ്ങളും ഏതേതു പരിധികളിലൊതുങ്ങിനില്ക്കുന്നെന്നു് ഏററവും വ്യക്തമായും ഖണ്ഡിതമായും ജഡ്ജ്മെൻറിൽ വിവരിച്ചിരിക്കുന്നു. കുട്ടികൾ രാഷ്ട്രത്തിന്റെ വകകളല്ലെന്നും, അവരെ ജനിപ്പിച്ചു വളർത്തിക്കൊണ്ടുവരുന്നവർക്കു അവരുടെ വിദ്യാഭ്യാസം നയിക്കുവാൻ അവകാശമുണ്ടെന്നുമുള്ള തത്വം പ്രഖ്യാപിച്ച അമേരിക്കൻ സുപ്രീംകോടതിയിലെ രണ്ടു വിധികളും ഈ ജഡ്ജ്മെൻറിൽ ഉദ്ധരിച്ചിരിക്കുന്നു. ഹിയറിംഗ് നടക്കുമ്പോൾ ഗവമ്മെൻറുഭാഗത്തേക്കു വാദം നടത്തിക്കൊണ്ടിരുന്ന അഡ്വക്കേററ് ജനറലിനോടു് ചീഫ് ജസ്റ്റിസ് ചോദിച്ചു:- "ഈ ഉത്തരവുവഴിയായി നിങ്ങൾ സകല മാതാപിതാക്കളേയും നിർബന്ധിക്കുന്നില്ലയോ, അവരുടെ കുട്ടികളെ അവർക്കിഷ്ടമുള്ള സ്കൂളിലല്ലാ പിന്നെയോ രാഷ്ട്രത്തിനിഷ്ടമുള്ള സ്കൂളിൽ വേണം പഠിപ്പിക്കുവാനെന്നു്? മാതാപിതാക്കൾക്കു് ഇഷ്ടമുള്ള സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ അയക്കുവാൻ പാടില്ലെന്നു വിലക്കുന്ന ഏതെങ്കിലു നിയമം ലോകത്തിൽ എവിടെയെങ്കിലുമുള്ളതായി നിങ്ങൾക്കറിയാമോ?" ഈ ചോദ്യങ്ങൾക്കു് മറുപടിയുണ്ടായില്ല.

സംസ്ഥാനങ്ങളിലും കേന്ദ്രത്തിലുമുള്ള ഹൈക്കോടതികൾ പൗരന്മാരുടെ ന്യായമായ അവകാശങ്ങളെ ഭരണകർത്താക്കളുടെ ന്യായരഹിതമായ കൈകടത്തലുകളിൽനിന്നു രക്ഷിച്ചുകൊണ്ടിരിക്കുന്നതു് എത്രയോ ആശ്വാസകരം. ഇൻഡ്യയിലേയും മററു പ്രജായത്തരാജ്യങ്ങളിലേയും കോടതികളുടെ സ്വാതന്ത്ര്യമായ ഈ പ്രവർത്തനം കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകളുടെ കീഴിലുള്ള രാജ്യങ്ങളിലെ കോടതികളുടേതിൽനിന്നു എത്രയോ വ്യത്യസ്തം! ആ കോടതികൾ ഭരണകർത്താക്കളുടെ ഉപകരണങ്ങളായി നിന്നുകൊണ്ടു് അവരുടെ ഹിതാഹിതമനുസരിച്ചു് വിധിപ്രസ്താവിക്കുന്നു. അവിടങ്ങളിൽ പൗരന്മാർക്കു സുപ്രീംകോടതിപോലും അവസാനത്തെ അഭയസ്ഥാനമായിരിക്കുവാൻ സാദ്ധ്യമല്ല. എന്നിട്ടും കമ്മ്യൂണിസ്റ്റു ഭരണമാണ് ഈ നാട്ടിൽ വരേണ്ടതെന്നു് ആഗ്രഹിക്കുകയും അതിനുവേണ്ടി കൂട്ടുനിൽക്കുവാൻ തയ്യാറാകുകയും ചെയ്യുന്ന ആളുകളുണ്ടല്ലോ! അവരുടെ അജ്ഞതയേയും ആത്മവഞ്ചനയേയും കുറിച്ചു് എത്ര പരിതപിച്ചാലും മതിയാവുമോ?

## പ്രസാധകക്കുറിപ്പുകൾ

### ഇൻഡ്യൻ പ്രസിഡൻറിന്റെ ആശയം ഞങ്ങളെപ്പോലെ മുസ്ലിംപത്രത്തിനും ദുർഗ്രാഹ്യം

ക്രിസ്ത്യൻ മിഷനറിമാർക്കു് അവരുടെ മതം പ്രസംഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നും, എന്നാൽ അതു് മതപരിവർത്തനത്തിനുവേണ്ടിയായിരിക്കരുതെന്നും ഇൻഡ്യൻ പ്രസിഡണ്ടു് പ്രസ്താവിച്ചതു് ദുർഗ്രാഹ്യമാണെന്നു് കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പറഞ്ഞിരുന്നതുതന്നെ കോഴിക്കോട്ടുനിന്നു് പുറപ്പെടുന്ന മുസ്ലിംപത്രമായ "ചന്ദ്രിക" അതിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞുകാണുന്നതു ശ്രദ്ധേയമാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ മതപ്രചരണത്തിനുള്ള അവകാശത്തിനുവേണ്ടി ഈ സഹജീവി ഇതിനുമുൻപും അവസരോചിതം വാദിച്ചിട്ടുണ്ടു്. പ്രസ്തുതാവകാശം ഇൻഡ്യൻ പ്രസിഡൻറു് തന്റെ പ്രസ്താവത്തിൽ സമ്മതിക്കുന്നതിനെ അഭിനന്ദിച്ചശേഷം, മിഷനറിമാർ മതപ്രചാരണം നടത്തുന്നതു മതപരിവർത്തനോദ്ദേശത്തോടുകൂടിയായിരിക്കരുതെന്ന പ്രസിഡൻറിന്റെ ഉപദേശത്തെ സഹജീവി ഇങ്ങനെ വിമർശിക്കുന്നു:-

"ഈ ഉപദേശം അദ്ദേഹംതന്നെ വെളിപ്പെടുത്തിയ ആദർശത്തിനും തത്വത്തിനും നിരക്കാത്ത ഒരഭിപ്രായമാണ്. എന്തെന്നാൽ ജനങ്ങളോടുള്ള സ്നേഹത്തെ മുൻനിർത്തിവേണം മിഷനറിപ്രവർത്തനം നടത്താനെന്നാണ് അദ്ദേഹം ഉപദേശിക്കുന്നതു്. ജനങ്ങളോടു സ്നേഹമില്ലാത്തതുകൊണ്ടാണോ മിഷനറിമാർ ജനങ്ങളെ മതപരിവർത്തനം ചെയ്യിക്കുന്നതു്? ജനങ്ങളുടെ ലൗകികമായ അവശതകൾ പരിഹരിക്കാൻ മിഷനറിമാർ അവരുടെ കഴിവനുസരിച്ചു പ്രവർത്തിക്കുന്നുണ്ടു്. അവരുടെ സേവനത്തെ സകലരും അഭിനന്ദിക്കുന്നുണ്ടു്. പ്രസിഡൻറും അതിനെ അഭിനന്ദിച്ചിരിക്കുന്നു. ലൗകികമായ അവശതകൾ പരിഹരിക്കുവാൻ ശ്രമിക്കുന്നതു സ്നേഹംകൊണ്ടല്ലെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിൽ ആദ്ധ്യാത്മികമായ അവശതകൾ പരിഹരിക്കുവാൻ ചെയ്യുന്ന ശ്രമത്തെപ്പററിയും അങ്ങനെ പറയുക സാദ്ധ്യമല്ല. ദൈവസാമീപ്യത്തിനും ആദ്ധ്യാത്മികാഭിവൃദ്ധിക്കും എളുപ്പമായതെന്നു് താൻ വിശ്വസിക്കുന്ന മാർഗ്ഗം മററുള്ളവർക്കു കാണിച്ചുകൊടുക്കുന്നതും ആ മാർഗ്ഗം സ്വീകരിക്കുവാൻ അവരോടുപദേശിക്കുന്നതും ഒരിക്കലും ഒരാളുടെ തെററാകുകയില്ല. ക്രിസ്ത്യാനിക്കായാലും ഹിന്ദുവിനായാലും മുസ്ലിമിനായാലും അതു അവന്റെ ജന്മാവകാശമാ

കുന്നു. താൻ നല്ലതെന്നു കരുതുന്നതു് മററുള്ളവർ സ്വീകരിക്കണമെന്നു ആഗ്രഹിക്കുന്നതു എങ്ങനെ സ്നേഹത്തിനെതിരാകും?"

* * *

## മിഷനറിമാർക്കെതിരായ ആരോപണം കള്ളമെന്നു കോടതി

പശ്ചിമബംഗാളിലെ ഒരു ഗ്രാമത്തിൽ ഒരു ജസ്വിറ്റുമിഷനറിയും സഹകാരികളായ ചില ക്രിസ്ത്യാനികളുംകൂടി ഒരാളെ മതപരിവർത്തനം ചെയ്യിക്കുവാൻ ഭീഷണികളും കൈയേററങ്ങളും നടത്തിയെന്നുംമററും കാണിച്ചു കോടതിയിൽ ഒരു കേസ് ഫയലായി. വാദിഭാഗം ഹാജരാക്കിയ തെളിവുകളെല്ലാം പരിശോധിച്ചശേഷം (പ്രതിഭാഗം സാക്ഷികളെ ഹാജരാക്കിയില്ല) ജഡ്ജി പ്രസ്താവിച്ച വിധിയിൽ പറഞ്ഞതിങ്ങനെയാണു: "പ്രതികളുടെ മൊഴികൾ യഥാർത്ഥവും, വാദികളുടേതു് സത്യവിരുദ്ധവുമാണു്. പരാതിയിൽ ആ ഗ്രാമത്തിൽ ക്രിസ്തുമതം പ്രസംഗിക്കുന്നതു ചില തല്പരകക്ഷികൾക്കിഷ്ടമായില്ല. പുറത്തുനിന്നുള്ള ആ തല്പരകക്ഷികൾ മിഷനറിമാരെ ആ ഗ്രാമത്തിൽനിന്നു ബഹിഷ്കരിക്കുവാനും ക്രിസ്തുമതം സ്വീകരിച്ചവരെ വീണ്ടും ഹിന്ദുമതത്തിലേക്കു തിരിക്കുവാനും സകല ശ്രമങ്ങളും ചെയ്തു." പ്രതികളിൽനിന്നു നല്ലനടപ്പിനു ജാമ്യം വാങ്ങണമെന്ന വാദിയുടെ ന്യായവും കാണുന്നില്ലായ്കയാൽ ജഡ്ജി ഇപ്രകാരം പ്രസ്താവിച്ചുകൊണ്ടു് അവരെ വിട്ടയച്ചു: "രേഖകളിൽനിന്നു സ്പഷ്ടമായി തെളിയുന്നു, ഈ പ്രതികൾ കുററം ചെയ്തിട്ടില്ലെന്നു്, അവർക്കെതിരായി കുററം ചെയ്യപ്പെട്ടിരുന്നു; 107-ാം വകുപ്പനുസരിച്ചു അവരുടെമേൽ കുററമാരോപിക്കുവാൻ ന്യായമൊന്നുമില്ലെന്നു; എന്തുകൊണ്ടെന്നാൽ സമാധാനപരമായി മതം പ്രസംഗിക്കുന്നതും പ്രചരിപ്പിക്കുന്നതും ഇൻഡ്യൻ ഭരണഘടനയിൽ വിലക്കിയിട്ടില്ല."

* * *

## മിഷനറിമാരോടു ഗ്രാമക്കാർക്കു സന്തോഷം

പ്രസ്തുത ഗ്രാമത്തിൽ ഒരു സ്കൂൾ പണിയുവാൻ സ്ഥലം വാങ്ങുന്നതിനു മിഷനറിമാർ ശ്രമിച്ചപ്പോൾ ഗ്രാമക്കാർക്കു് വളരെ സന്തോഷമായിരുന്നു സ്ഥലം മിഷനറിമാർക്കു വിലയ്ക്കു കൊടുക്കുവാൻ. എന്നാൽ ഹിന്ദുമഹാസഭാനേതാക്കന്മാരുടെ ആഗ്രഹം യാതൊരു സ്ഥലവും മിഷനറിമാർക്കു കൊടുക്കരുതെന്നും മിഷൻ പ്രവർത്തനം നശിക്കണമെന്നുമായിരുന്നു. മിഷനറിമാരുടെനേരെ ഗ്രാമക്കാർക്കുള്ള മനോഭാവത്തെപ്പററി ജഡ്ജ്മെൻറിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്: "മിഷനറിമാർ ആ ഗ്രാമത്തിലെ കുട്ടികളെ സമാധാനപരമായി പഠിപ്പിച്ചിരുന്നു. അവരുടെ പ്രവർത്തനങ്ങൾ ഗ്രാമജനങ്ങളിൽനിന്നു വിരോധമുണ്ടാക്കുവാൻ ഇടയില്ലാത്തവയായിരുന്നു. പ്രതികൾ സമാധാനപരമായി പെരുമാറുവാനും അവരുടെ സ്കൂളിൽ വരുന്ന ഗ്രാമക്കാരെ ഏററവും സമാധാനപരമായ രീതിയിൽ പഠിപ്പിക്കുന്നതിനും എപ്പോഴും ശ്രമിച്ചിരുന്നുവെന്നു് വേണ്ടതിലധികം ന്യായങ്ങളാൽ തെളിഞ്ഞിട്ടുണ്ടു്. വാസ്തവത്തിൽ പ്രതികളുടെ പെരുമാററം ഗ്രാമക്കാർക്കു സഹായകമല്ലായിരുന്നെങ്കിൽ ഗ്രാമക്കാർ ഉത്സുകരായി അവരുടെ അടുക്കൽ ചെന്നു് അവരുടെ പ്രസംഗങ്ങൾ കേൾക്കുക ഇല്ലായിരുന്നു; അവരിൽനിന്നു ഉപദേശം സ്വീകരിക്കുവാൻ അവരുടെ ചുററും പററിക്കൂടുന്നതിനു് തങ്ങളുടെ മക്കളെ അവർ അനുവദിക്കുകയുമില്ലായിരുന്നു." വാദിയും അയാളുടെ മക്കളും വളരെമുമ്പു ക്രിസ്ത്യാനികളായിരുന്നുവെന്നും "ചില വർഗ്ഗീയസംഘടനകളുടെ സ്വാധീനശക്തിയാൽ അയാളും പുത്രന്മാരും വീണ്ടും ഹിന്ദുക്കളായിത്തീർന്നതാണെന്നും" ജഡ്ജി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

മിഷനറിമാരോടുള്ള വിരോധത്തിൻെറ യഥാർത്ഥമായ കാരണം അവരുടെ മതപ്രചാരണത്തിൽ ഹിന്ദുനേതാക്കന്മാർക്കുള്ള പ്രതിഷേധമാണല്ലോ. ആ വസ്തുത ഇന്നു പാലിക്കാൻ നീതിയും ന്യായവും അനുവദിക്കായ്കയാൽ ഇല്ലാക്കുററങ്ങൾ ആരോപിച്ചു അവർ ഉദ്ദിഷ്ടം സാധിക്കുവാൻ ശ്രമിക്കുകയാണെന്നു കോടതിതന്നെ സാക്ഷീകരിക്കുന്നു.

* * *

## മദ്രാസിലെ കത്തോലിക്കാതൊഴിലാളികളുടെ സംഘടന

മദ്രാസിലെ കത്തോലിക്കാ തൊഴിലാളികൾ അവരുടെ സംഘടനയുടെ 14-ാമത്തെ വാർഷികം ഈയിടെ ആഘോഷിച്ചു. സംഘടനയുടെ ഔദ്യോഗികചടങ്ങുകൾക്കും വൈദികകർമ്മങ്ങൾക്കും ശേഷം മൈലാപ്പൂർ മദ്രാസ് സഹായമെത്രാനെറ അദ്ധ്യക്ഷതയിൽ യോഗംകൂടി. പ്രാർത്ഥനാനന്തരം സംഘടനയുടെ പ്രസിഡൻറു് ചെയ്ത സ്വാഗതപ്രസംഗത്തിൽ, തൊഴിലാളികൾ അവരുടെ അവകാശങ്ങൾമാത്രമല്ല, അവരുടെ കർത്തവ്യങ്ങളും അറിയണമെന്നു് ഉദ്ബോധിപ്പിച്ചു; തങ്ങളുടെ അവകാശങ്ങൾ വ്യവസ്ഥാപിതരീതിയിൽ പ്രയോഗിക്കുവാനും മുതലാളിയോടുള്ള തങ്ങളുടെ കർത്തവ്യം സ്നേഹത്തോടും വിശ്വസ്തതയോടും നിർവഹിക്കുവാനും ആഹ്വാനം ചെയ്തു. സംഘടനയുടെ രക്ഷാധികാരിയായ മെത്രാപ്പോലീത്താ സ്ഥലത്തില്ലായിരുന്നതിനാൽ യോഗത്തിൽ സന്നിഹിതനായിരുന്നില്ലെങ്കിലും ഒരു സന്ദേശം അയച്ചുകൊടുത്തു. അതിൽ മൂന്നു കാര്യങ്ങളുണ്ടു അംഗങ്ങളുടെ ശ്രദ്ധയിൽ തിരുമേനി പ്രധാനമായി പെടുത്തിയതു്. (1) ബുദ്ധിയിലും ഹൃദയത്തിലും പ്രവൃത്തിയിലും അവർ പരിപൂർണ്ണമായി കത്തോലിക്കരായിരിക്കണം. (2) തൊഴിലാളികളായിരിക്കുന്നതിൽ അവർ അഭിമാനംകൊള്ളണം. ക്രിസ്തു തൊഴിലാളിയായിരുന്നതുപോലെ, യൗസേപ്പുപിതാവു് തൊഴിലാളിയായിരുന്നതുപോലെ, തങ്ങളുടെ തൊഴിലിൽ നേരും വിശ്വസ്തതയും സാമർത്ഥ്യവുമുള്ളവരായിരിക്കണം. ദൈവം അതാണവരിൽനിന്നു ആഗ്രഹിക്കുന്നതു്. (3) കത്തോലിക്കർ എന്ന നിലയിൽ അവർ യോജിച്ചുനില്ക്കണം; അവരുടെ യോജിപ്പു എത്ര ശക്തമായിരിക്കുമോ അത്രയും അവർ കത്തോലിക്കരും തൊഴിലാളികളുമെന്ന നിലയിൽ ശക്തരായിരിക്കുമെന്നു് ബോദ്ധ്യമുണ്ടായിരിക്കണം. കത്തോലിക്കാ തൊഴിലാളികളുടെ ഇത്തരം യോഗത്തിനു അദ്ധ്യക്ഷതവഹിക്കുവാനും, യഥാർത്ഥകത്തോലിക്കരായി ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള അവരുടെ ശ്രമങ്ങളിൽ അവരെ പ്രോത്സാഹിപ്പിക്കുവാനും ഒരവസരം ലഭിച്ചതിൽ സന്തോഷമുണ്ടെന്നു സഹായമെത്രാൻ പ്രസ്താവിച്ചു. [illegible] പക്ഷപാതപരവുമായ സംഘടനക[illegible]ത്തിനായി തിരുമേനി അഭ്യർത്ഥിക്കുകയും ചെയ്തു.

തൊഴിലാളികളായ കത്തോലിക്കരെ അവരുടെ മതപരവും സാംസ്കാരികവും സാമ്പത്തികവും മററുമായ ജീവിതത്തിൻെറ നിർവ്വഹണത്തിനും പരിഷ്കരണത്തിനും സഹായകമായിത്തീരത്തക്കവിധം സംഘടിപ്പിക്കുകയും ആ സംഘടനയെ എല്ലാവിധത്തിലും പോററി വളർത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണു കത്തോലിക്കാതൊഴിലാളികളുടെ ജീവിതം വിജയകരമാക്കാൻ ഇന്നത്തെ ഏററവും വലിയ മാർഗ്ഗം. കത്തോലിക്കരായ തൊഴിലാളികൾ എല്ലായിടത്തും ന്യൂനപക്ഷമായിരിക്കുന്നതുകൊണ്ടും വർഗ്ഗീയമായ തൊഴിലാളിയൂണിയനുകൾക്കു് ഇന്നു സ്ഥാനമില്ലാത്തതുകൊണ്ടും കത്തോലിക്കാതൊഴിലാളികൾ മാത്രം ഉൾപ്പെടുന്ന തൊഴിലാളിയൂണിയനുകൾ ഏർപ്പെടുത്തുകയും നടത്തുകയും ഇന്നു സാദ്ധ്യമല്ല. എന്നാൽ ഏതുതൊഴിലാളിയൂണിയനുകളിലും ഉൾപ്പെട്ടിരിക്കുന്നതും ഒരു യൂണിയനിലും ഉൾപ്പെടാത്തതുമായ കത്തോലിക്കാതൊഴിലാളികളെ ഒരു സംഘടനയായി കൂട്ടിച്ചേർക്കുകയും അവരുടെ സകലവിധക്ഷേമത്തിനും മാർഗ്ഗദർശനങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുക പ്രയാസമുള്ളതല്ല. അതു ഇന്നു് അത്യാവശ്യകവുമാണു്. ആ സംഗതിയിൽ നാം വേണ്ടതു ചെയ്യാത്തതുകൊണ്ടാണു നമ്മുടെ കത്തോലിക്കാതൊഴിലാളി സഹോദരങ്ങൾ വഴിതെററിപ്പോകുവാൻ പലപ്പോഴും ഇടവരുന്നതു്.

* * *

## റഷ്യൻ കലാപ്രകടനങ്ങൾ

### മാർക്സിസം പ്രചരിപ്പിക്കുവാൻ

റഷ്യയിൽനിന്നുള്ള ഒരു സാംസ്കാരികപ്രതിനിധിസംഘം രണ്ടു മാസത്തിൽ പരമായി ഇൻഡ്യയിൽ വരികയും അവരുടെ കലാപ്രകടനങ്ങൾ പല പ്രധാനകേന്ദ്രങ്ങളിലും നടത്തുകയും ചെയ്തല്ലോ. എല്ലാ സ്ഥലങ്ങളിലും അവർക്കു് ആഘോഷപൂർവ്വവും സന്തോഷകരവുമായ സ്വീകരണമാണു് നൽകപ്പെട്ടതു്. റഷ്യയിലും വിദേശത്തും നടത്തുന്ന ഈ കലാപരിപാടികളുടെ ഉദ്ദേശം റഷ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടി സ്വീകരിച്ചിരിക്കുന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയാണു്. സാംസ്കാരികവകുപ്പിൻെറ മേധാവിപദം വഹിക്കുന്ന റഷ്യയിലെ മന്ത്രി ഏററവും സമർത്ഥരായ കലാകാരന്മാരെ തിരഞ്ഞെടുത്തു വിദേശങ്ങളിൽ അയക്കുന്നു. അവരുടെ പ്രകടനങ്ങൾ കാണുന്ന പശ്ചിമരാജ്യങ്ങളിലെ വിദേശികൾ അവയാൽ ആകർഷിക്കപ്പെടുകയും അവരറിയാതെതന്നെ അവ ഉള്ളിൽ കുടികൊള്ളുന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റുവിഷം വിഴുങ്ങുകയും ചെയ്യുന്നു. ഈ കാണികളിൽ ഇൻഡ്യയിലെ പല ഭരണകർത്താക്കളും നേതാക്കന്മാരും ഉൾപ്പെട്ടുകാണുന്നതാണു് ആശ്ചര്യകരം. ആ കലാപ്രകടനങ്ങളിൽ ആക്ഷേപകരമായി യാതൊന്നുമില്ലെന്നു പരസ്യമായി പ്രസ്താവിച്ചു് അവർ സാധാരണക്കാരായ ജനലക്ഷങ്ങളെ ആ വിഷം കുടിക്കുവാൻ ഇടവരുത്തുന്നതു് ഏററവും ശോചനീയം തന്നെ.

## റഷ്യൻ അധികാരികൾ

### ഇതു സമ്മതിക്കുന്നു

സോവ്യററു് ചലച്ചിത്രസമ്പ്രദായത്തിനു വിശേഷമായ ഒരു കലാകാരന്മാർ അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ രണ്ടു കൊല്ലം മുൻപു് ഇൻഡ്യയിൽ സഞ്ചരിച്ചിരുന്നു. അവരിലൊരാളായ വി. പുഡോവ്കിൻ സോവ്യററു് ചലച്ചിത്രപ്രദർശനത്തിൻെറ ഉദ്ദേശവും സ്വഭാവവും ആയിടെ മദ്രാസിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം വിശദീകരിച്ചു: "ഞങ്ങളുടെ സോവ്യററു ചലച്ചിത്രം പൂർണ്ണമാക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും ഉദ്ദേശിക്കുന്ന ലക്ഷ്യത്തെ "സോഷ്യലിസ്റ്റ് റിയലിസം" എന്നാണു് ഞങ്ങൾ വിളിക്കുന്നതു്. കലാകാരനെ സോവ്യററു് രാഷ്ട്രത്തെ സൃഷ്ടിക്കുന്നതിൽ പങ്കെടുക്കുന്ന ഉത്സാഹശീലനും വിലയുള്ളവനുമായ പ്രവർത്തകനാക്കിത്തീർക്കുന്ന സമ്പ്രദായമാണിതു്. "റിയലിസം" എന്നു വിളിക്കുന്നതിൻെറ കാരണം ഞങ്ങളുടെ കല ജീവിതത്തെ അതിൻെറ പൂർണ്ണതയിലും അതുൾക്കൊള്ളുന്ന എല്ലാ വശങ്ങളോടുംകൂടിയും പ്രതിഫലിപ്പിക്കുന്നു എന്നതാണു്. "സോഷ്യലിസ്റ്റ്" എന്നു വിളിക്കുന്നതു ജീവിതത്തിൻെറ വീക്ഷണത്തിനും പ്രതിഫലനത്തിനുംവേണ്ടിയുള്ള സൃഷ്ടിപരമായ പ്രവർത്തനം സോവ്യററു് രാഷ്ട്രത്തെ വികസിപ്പിക്കുക എന്ന ഉൽകൃഷ്ട ലക്ഷ്യങ്ങൾക്കു് വിധേയമാക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണു്. ഒക്ടോബറിലെ ആ മഹത്തായ സോഷ്യലിസ്റ്റുവിപ്ലവംസൃഷ്ടിച്ചതും ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ ഞങ്ങളുടെ ജനങ്ങൾ അധികാരത്തിൽ വരികയും പഴയ വ്യവസ്ഥിതി തച്ചുടച്ചു് പുതിയ സമുദായവ്യവസ്ഥിതി സൃഷ്ടിക്കുവാൻ തങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ വിനിയോഗിക്കുന്നതിനു് ഇടയാക്കിയതുമായ സാഹചര്യങ്ങളിൽ മാത്രമേ കലാവിദ്യയുടെ പ്രസ്തുത ലക്ഷ്യം കാണപ്പെടുകയുള്ളുവെന്നതു് സ്വാഭാവികമാണല്ലോ."

കുറേനാൾ മുൻപു് റഷ്യയിലെ ഔദ്യോഗികകമ്മ്യൂണിസ്റ്റ് പത്രമായ പ്രവ്ദാ ആക്ഷേപിച്ചു, അവിടെ പുറപ്പെടുത്തുന്ന അനേകം ഗ്രന്ഥങ്ങളും, നാടകങ്ങളും, ചിത്രങ്ങളും ചൈതന്യമോ ലക്ഷ്യമോ ഇല്ലാതെ പണം സമ്പാദിക്കുവാനുള്ള വിദ്യകൾ മാത്രമാണെന്നു്. ആ പ്രസ്താവനയെ മോസ്കോ റേഡിയോ ഇങ്ങനെ വിവരിച്ചു: "അവയുടെ പ്രത്യക്ഷീകരണം തെളിയിക്കുന്നതു ജീവിതത്തിൻെറ മോശവും ഉപരിപ്ലവവുമായ ധാരണയാണു് അവയുടെ കർത്താക്കൾക്കുള്ളതെന്നും, അവർക്കു് ഉയർന്നതോതിലുള്ള കലാപാടവവും ആവശ്യത്തിനുവേണ്ട ഉത്തരവാദബോധവും ഇല്ലെന്നുമാണു്. ഗ്രന്ഥകർത്താക്കളും കലാകാരന്മാരും നാടകകൃത്തുകളും സൃഷ്ടിപരമായ വേലകൾ പുരോഗമിപ്പിക്കുന്നതു് മാർക്സിസ്റ്റ് മനോഭാവത്തോടുകൂടിയായിരിക്കണം."

മുകളിലുദ്ധരിച്ച രണ്ടു സാക്ഷ്യങ്ങളുടേയും അർത്ഥം സുവ്യക്തമാണല്ലോ. റഷ്യൻ സാംസ്കാരികസംഘം ഈ രാജ്യത്തു വരുന്നതും പ്രകടനങ്ങൾ നടത്തുന്നതും ആ ലോകകമ്മ്യൂണിസത്തിൻെറ പ്രചരണത്തിനായുള്ള ദൂതന്മാരായിട്ടാണു്. അവ കണ്ടു് തൃപ്തിയടയുകയും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജീവിതസ്വാതന്ത്ര്യത്തെ അഭിനന്ദിച്ചു് പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഇന്നാട്ടുകാർ ആ ദൂതന്മാരുടെ പ്രചരണങ്ങൾക്കു് മനസ്സറിയാതെ സഹായിക്കുകയാണു് ചെയ്യുന്നതു്.

—o—

## അടുത്ത ആഴ്ചയിൽ

മാർച്ച്

14 ഞാ: നോമ്പ് 2-ാം ഞായർ
15 തി: സക്കറിയാ
16 ചൊ: വനവാസി അബ്രഹാം
17 ബു: പാട്രിക്ക്
18 വ്യാ: ഗബ്രിയേൽ മാലാഖ
19 വെ: യൗസേപ്പു പിതാവിൻെറ മരണം
20 ശ: കുത്ത്ബർട്ട്

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ „ 8—12—0

## കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

അമേരിക്കൻഐക്യനാടുകളിൽ ഇപ്പോൾ 350-ൽ പരം കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യപ്പെടുന്നുണ്ടു്. അവയിൽ 100 എണ്ണം ആഴ്ചപ്പതിപ്പുകളാണു്. ഇവയിൽ മിക്കവയും ഏതെങ്കിലും മെത്രാൻെറയോ സന്യാസസമൂഹത്തിൻെറയോ നിയന്ത്രണത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്.

കത്തോലിക്കാ പത്രങ്ങളുടേയും മാസികകളുടേയും ഒട്ടാകെയുള്ള പ്രതികൾ ഉദ്ദേശം 190 ലക്ഷമാണു്. അവിടത്തെ കത്തോലിക്കാജനസംഖ്യ ഉദ്ദേശം 300 ലക്ഷമാണു്. ഇതിൽനിന്നു കാണാം അമേരിക്കാക്കാരിൽ 60 ശതമാനം ആളുകളും കത്തോലിക്കാ പത്രമാസികകൾ വരുത്തി വായിക്കുന്നവരാണെന്നു്.

മതപരമല്ലാത്ത പത്രമാസികകളുടെ വിതരണം ഇതിലും അധികമാണു്. 15,000 പ്രസിദ്ധീകരണങ്ങളാണു് ആകെയുള്ളതു്. അവയുടെ 50 കോടി പ്രതികൾ ചിലവാകുന്നു. ഇതു ആകെ ജനസംഖ്യയിൽ 3 ഇരട്ടിയാണു്. അവിടത്തെ ജനങ്ങളുടെ പത്രപാരായണത്തിലുള്ള അഭിരുചി എത്ര വർദ്ധമാനമായിരിക്കുന്നു.

നമ്മുടെ നാട്ടിലെ പത്രമാസികകളുടേയും വായനക്കാരുടേയും ഒരു ശരിയായ കണക്കു കിട്ടിയിരുന്നെങ്കിൽ ഇതുമായി തട്ടിച്ചുനോക്കാമായിരുന്നു. ഏതായാലും അതു വളരെ ആക്ഷേപാർഹമായ ഒരു നിലവാരമേ കാണിക്കുകയുള്ളു എന്നു തീർച്ചയാണു്. പ്രത്യേകിച്ചു കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടേയും വായനക്കാരുടേയും സംഖ്യ വിലപനീയമായിരിക്കും. പള്ളിയിലെ സുവിശേഷപ്രഭാഷണങ്ങളൊഴിച്ചാൽ സാധാരണയായി ഒരു കത്തോലിക്കനു് അവൻെറ മതതത്വങ്ങളെക്കുറിച്ചു കാലോചിതമായ അറിവു സമ്പാദിക്കുന്നതിനു കത്തോലിക്കാ പ്രസിദ്ധീകരണങ്ങളല്ലാതെ വേറെ മാർഗ്ഗങ്ങളില്ല. അതുകൊണ്ടു മതവിശ്വാസത്തെ സുരക്ഷിതമായി നിലനിർത്തുന്നതിനു കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വരുത്തി വായിക്കുക. പ്രത്യേകിച്ചും ഭൗതികത്വത്തിൻെറയും നിരീശ്വരത്വത്തിൻെറയും വിഷവായുക്കൾ അന്തരീക്ഷത്തിൽ അനുനിമിഷം പരത്തിക്കൊണ്ടു കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾ നാലുപാടും പറന്നുനടക്കുമ്പോൾ കത്തോലിക്കാപ്രസിദ്ധീകരണങ്ങളെ ആശ്രയിക്കാതെയും പ്രോത്സാഹിപ്പിക്കാതെയും നമുക്കു രക്ഷയില്ല.

ആരോഗ്യപംക്തി

# എട്ടുകാലിവിഷം

ഭക്ഷണശാലകളിലും വീടുകളിലെ പാചകമുറികളിലും കടന്നുകൂടി ആപത്തു വരുത്തിവെക്കുന്ന ഒരു മഹാശത്രുവാണീ ജന്തു. ഇതു് ഇല്ലാത്ത സ്ഥലങ്ങൾ ഇല്ലെന്നുതന്നെ പറയാം. അത്രയ്ക്കു സർവ്വസാധാരണമാണിതു്. എന്നാൽ ഒരു എട്ടുകാലിയെ ഭക്ഷണപദാർത്ഥത്തിൽ കണ്ടെത്തിയാൽപോലും, വ്യാപാരികൾ ആ ഭക്ഷണപദാർത്ഥം ഉപേക്ഷിക്കാറില്ല. അതുപോലെതന്നെ പാചകമുറിയിലെ ഭൃത്യന്മാരും. ഭക്ഷണം പാകംചെയ്യുന്നതിനിടെ എട്ടുകാലി കിടന്നു പാകപ്പെട്ട ഭക്ഷണസാധനം ഉപയോഗിപ്പിക്കുവാൻ പല ഭൃത്യന്മാരുടേയും സാംസ്കാരികബോധം അനുവദിക്കപ്പെട്ടിട്ടുള്ള ചരിത്രമുണ്ടു്. മാത്രമല്ല അവർ അവരുടെ കൃത്യവിലോപത്തേയും അനന്തരഫലങ്ങളേയും ഭയപ്പെട്ടു് ഇത്തരം കാര്യങ്ങൾ മറച്ചുവെക്കും. പാലും മററാഹാരപദാർത്ഥങ്ങളും ഇരുന്നിരിക്കുന്ന അവസരത്തിൽ എട്ടുകാലികൾ അതിൽ വീണു ജീർണ്ണിക്കുന്നു. ഇങ്ങനെയുള്ള ആഹാരങ്ങൾ മനുഷ്യൻ ഉപയോഗിക്കുന്നതു നിമിത്തം ഗുരുതരമായ പല രോഗങ്ങൾക്കും ഇടനൽകുന്നു. വിഷപ്പാമ്പുകളുടെ കടിയേററാൽ മിക്കവാറും ഉടനെ മരണത്തിനടിപെട്ടുപോകുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു വിധത്തിൽ അതു ആശ്വാസപ്രദമാണു്. കാരണം ഒരു എട്ടുകാലിയുടെ കടിയേൽക്കുന്നതുകൊണ്ടു് (വിഷമുള്ള എട്ടുകാലി) പല രോഗങ്ങൾക്കും അടിപെട്ടു് മനുഷ്യൻ ഇഞ്ചിഞ്ചായി മരിക്കുകയാണു ചെയ്യുന്നതു്. കഷ്ടവും ശല്യമുള്ളതുമായ രോഗങ്ങളും വരുത്തിവെക്കുന്ന ഈ ജന്തുവിൽനിന്നും ശ്രദ്ധാപൂർവ്വം രക്ഷനേടേണ്ടിയിരിക്കുന്നു. എന്നാൽ എട്ടുകാലികളിൽ ചിലതിനു വിഷമില്ലെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. പക്ഷെ അവയെ തിരിച്ചറിയാൻ വിഷമമാണു്. ചിലയിനം എട്ടുകാലികളുടെ കടിയേററാൽ 24 മണിക്കൂർ വേദനയും ശരീരം കഴപ്പും അനുഭവപ്പെടാറുണ്ടു്. ഈ ജന്തുവിന്റെ കടിയാൽ മാത്രം ഇത്ര ദുസ്സഹമായ അനുഭവമുണ്ടാകുന്നെങ്കിൽ, അതു് ആഹാരത്തിൽ കടന്നുകൂടുകയോ, ആഹാരപദാർത്ഥങ്ങളിൽ വിസർജ്ജിക്കുകയോ ചെയ്താലോ? ഈ അപകടത്തിൽനിന്നും രക്ഷനേടാൻ ജനങ്ങളുടെ ശ്രദ്ധ ഒന്നുമാത്രമേ പ്രയോജനപ്പെടുകയുള്ളൂ. ഡി. ഡി. ററി. യും മററും വീടുകളിലും പരിസരത്തും തളിക്കുക, ഡസ്ററർ ഉപയോഗിച്ചു് വീടു് കഴുകുക, തുടങ്ങിയ പ്രവൃത്തികൾ ഇവയെ നശിപ്പിക്കാനും, ഇവയുടെ സംഹാരങ്ങൾ ഒഴിവാക്കാനും സഹായകമാണു്. ചിലതരം വല കെട്ടുന്നതും മററും ചെറുപ്രാണികളെ ഭക്ഷിക്കാൻ വേണ്ടിയാണു്. ഡി. ഡി. ററി. യും, ഡറോളും ഉപയോഗിക്കുമ്പോൾ ചെറുപ്രാണികൾ മിക്കവാറും നശിക്കുന്നതിനാലും മററും ഇവയുടെ സമ്പർക്കം സാരമായി കുറയും. ഇങ്ങനെ നമ്മുടെ സൂക്ഷ്മമായ നിരീക്ഷണംകൊണ്ടു മാത്രമേ ഈ ജന്തുവിന്റെ വിഷംശക്തി വർജ്ജിക്കാൻ സാധിക്കും.

—കേരളദീപം—

(10-ാംപേജു് തുടർച്ച)

വേറൊരു വെള്ളിയുപകരണം എനിക്കു തന്നതോർക്കുന്നുണ്ടോ? അത്ര നല്ല സമ്മാനമായിരുന്നില്ല."

തിരുകർമ്മങ്ങൾക്കുശേഷം സുചിതകഥയെന്താണെന്നു എല്ലാവരും അന്വേഷിച്ചുതുടങ്ങി ഒടുവിൽ സംഭവം പുറത്തായി. 50 കൊല്ലം മുമ്പു ജൂബിലിവർഷപ്രഖ്യാപിക്കപ്പെട്ട അവസരത്തിൽ മാപ്പാപ്പായും കർദ്ദിനാളും ഇററലിയിലെ ഓഡിമോ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന 15 വയസ്സുകാരായ വിദ്യാർത്ഥികളായിരുന്നു. വിശുദ്ധ വസ്തുക്കൾക്കൊടനം സംബന്ധിച്ചുള്ള ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനു സെമിനാരിക്കാരെല്ലാം പ്രദക്ഷിണമായിട്ടാണു വന്നിരുന്നതു്. പ്രദക്ഷിണത്തിൽ വെള്ളിത്തിരിക്കാലുകൾ എടുത്തിരുന്നതു ഈ രണ്ടു ചങ്ങാതിമാരുമായിരുന്നു. വഴിക്കുവച്ചു വികൃതികൾ രണ്ടുപേരും തമ്മിൽ പിണങ്ങി തിരിക്കാലുകൾകൊണ്ടടിയായി. മാറുള്ളവർ വന്നു ഇവരെ പിടിച്ചുമാററുന്നതിനുമുമ്പു കാസ്സില്ലിയോൻ കുട്ടിക്കാരനെ അടിച്ചുവീഴിച്ചു. ഈ പൂർവ്വസ്മരണയാണു് കുട്ടുകാരൻ ഇപ്പോൾ അത്രസന്ദർഭം വന്നപ്പോൾ സൂചിപ്പിച്ചുപോയതും പെട്ടെന്നങ്ങു പറഞ്ഞുപോയതും!

## ഇടവകവാർത്തകൾ

എറണാകുളം—സ്ഥലം സെൻറു് ഫ്രാൻസിസ് ഇടവകയിലെ അസ്സീസി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിവന്ന പ്രസംഗപരമ്പരയുടെ രണ്ടാമത്തെ പ്രസംഗം ഇക്കഴിഞ്ഞ 21-ാംനു ഞായറാഴ്ച വൈകുന്നേരം 5-30 നു് നടത്തപ്പെട്ടു. ശ്രീ ആൽഫി ജോസഫ് ബി. എ. സദസ്സിനു് സ്വാഗതമാശംസിച്ചു അനന്തരം സാഹിത്യവും കലകളും എന്ന വിഷയത്തെ പുരസ്കരിച്ചു് ശ്രീ കെ. എം. തരകൻ എം. എ. അവർകൾ സുദീർഘവും വിജ്ഞാനപ്രദവുമായ ഒരു പ്രസംഗം ചെയ്തു. ശ്രീ എം. എസ്സ്. ജോണിന്റെ കൃതജ്ഞതാപ്രകാശനത്തിനുശേഷം ബേബി പത്മിനിയുടെ നൃത്തവും "ഒരു നാടൻ കല്യാണം" എന്ന പ്രഹസനവും അഭിനയിക്കപ്പെട്ടു.

പ്രസ്തുത പരമ്പരയിലെ അവസാന പ്രസംഗം ഫെബ്രുവരി 28 ാംനു ഞായറാഴ്ച നടത്തപ്പെട്ടു. സമാപനയോഗത്തിൽ ശ്രീ കെ പി. ജോസഫ് സ്വാഗതമാശംസിച്ചു. ശ്രീ പോൾ മാൻവെട്ടം ബി. എ. ബി. എൽ. ചെയ്ത സുദീർഘമായ പ്രസംഗത്തിൽ ഇന്നത്തെ അസഭ്യസാഹിത്യഗ്രന്ഥങ്ങൾ സാഹിത്യലോകത്തെ പൊതുവെയും യുവലോകത്തെ പ്രത്യേകിച്ചും അധഃപതിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും സത്സാഹിത്യഗ്രന്ഥങ്ങൾക്കു് വേണ്ട പ്രോത്സാഹനം പൊതുജനങ്ങളിൽനിന്നു ലഭിക്കാത്തതാണു് അശ്ലീലസാഹിത്യഗ്രന്ഥങ്ങളുടെ പ്രചരണത്തിന്റെ കാരണമെന്നും, സാഹിത്യഗ്രന്ഥങ്ങൾക്കു് പണ്ടു് കലാപരമായ ഒരു പശ്ചാത്തലമുണ്ടായിരുന്നുവെന്നും ഇന്നു് കേവലം "ബിസിനസ്സാ"യി തരംതാഴുവാൻ അനുവദിക്കുന്നതു് സാഹിത്യകലയോടു ചെയ്യുന്ന കടുത്ത അനീതിയാണെന്നും സമർത്ഥിച്ചു ശ്രീ എം. എസ്സ് ജോൺ കൃതജ്ഞത പ്രകടിപ്പിച്ചു യോഗാനന്തരം "യുദ്ധത്തിന്റെ പിന്നിൽ" എന്ന ഒരു ഏകാങ്കം ക്ലബ്ബാംഗങ്ങൾ തന്മയത്വമായി അഭിനയിക്കുകയുണ്ടായി വളരെയധികം സൽസാഹിത്യഗ്രന്ഥങ്ങളുടെ പ്രദർശനവും വില്പനയും പതിവുപോലെ ഈ ദിവസങ്ങളിലും ഉണ്ടായിരുന്നു.

ഇരുസ്സു്എളേരി— തോമാപുരം ഹയർ എലിമെൻററി സ്കൂളിന്റെ വാർഷികസമ്മേളനവും രക്ഷാകർത്തൃദിനവും 1954 ഫെബ്രുവരി 21-ാംനു പകൽ 2-30 നു് ശ്രീ കെ. കെ. ഗോപാലൻ നമ്പ്യാർ ബി. എ. ബി. ടി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു ശ്രീ കെ. എ. അഗസ്റ്റിൻ കുരിയംചിറ്റപ്പുഴ ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ന്യൂനതകളേയും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ടതിനെയുംപററി പ്രസംഗിച്ചു. രക്ഷാകർത്താക്കളുടെ പ്രതിനിധിയായി ശ്രീ അഗസ്റ്റിൻ കല്ലറയ്ക്കൽ അവർകളും ഒരു പ്രസംഗംചെയ്തു വിവിധമത്സരങ്ങളിൽ വിജയികളായവർക്കു് സമ്മാനദാനവും ഉണ്ടായിരുന്നു. കുട്ടികളുടെ വിവിധ കലാപ്രകടനങ്ങൾ യോഗത്തിന്റെ മോടി വർദ്ധിപ്പിച്ചു "ഉത്തമപുത്രൻ" എന്ന പ്രഹസനം വളരെ തന്മയത്വത്തോടുകൂടി വിദ്യാർത്ഥികൾ അഭിനയിച്ചു

മട്ടവീറ—നേരത്തെതന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നതനുസരിച്ചു് മട്ടവീറ മഹാ. പള്ളിയങ്കണത്തിലുള്ള ഗ്രോട്ടോയിൽ ഫെ 5-ാംനു വെള്ളിയാഴ്ചമുതൽ 13-ാം തിയതിവരെ ജൂബിലിയാഘോഷങ്ങൾക്കു് ഒരുക്കമായുള്ള നവനാൾ പരിപാടി നടത്തി. സമാപനദിനമായ 14-ാംനു ഞായറാഴ്ച രാവിലെ ആഘോഷമായ പാട്ടുപൂജയും പൊതുദിവ്യകാരുണ്യസ്വീകരണവും ഗ്രോട്ടോയിൽവച്ചു നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞു് മൂന്നുമണിക്കു് ഈ ഫൊറോനായിലുൾപ്പെട്ട പള്ളികളിലെ ബാലികാബാലന്മാരായ സൊഡാലിററി അംഗങ്ങൾ ബാഡ്ജു ധരിച്ചും, അമലോത്ഭവകന്യകയുടെ കൊടികൾ വഹിച്ചും ഇടയ്ക്കിടെ ഗാനാലാപങ്ങളോടുകൂടി ജപമാല എത്തിച്ചും ഭക്തജനങ്ങളുമായി ഗ്രോട്ടോയിൽ വന്നുചേർന്നു. പള്ളിയങ്കണം സൊഡാലിററിയംഗങ്ങളെക്കൊണ്ടും വിവിധ ഇടവകകളിൽനിന്നും വന്നുചേർന്ന മററു മരിയഭക്തരെക്കൊണ്ടും നിറഞ്ഞിരുന്നു.

മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതും, പരി. കന്യക ലൂർദിൽ വി. ബെർണ്ണദീത്താസ്സു് പ്രത്യക്ഷപ്പെട്ടതുമായ ചരിത്രസംഭവങ്ങളേയും ലൂർദിൽ വച്ചു നടന്നതും താൻ ദൃക്സാക്ഷിയാകാനിടയായതുമായ ചില അത്ഭുതസംഭവങ്ങളേയും അധികരിച്ചു് വെരി റവ. ഡോക്ടർ ജെ. പി. കാപ്പൻ പ്രസംഗിച്ചു.

മരിയസഖ്യാംഗങ്ങളുടെ കൂട്ടമായ കുമ്പസാരശേഷം ബ്രദർ പി. സി. അബ്രഹാം "അമലോത്ഭവനാഥയും മിഷൻ പ്രവർത്തനവും" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രഭാഷണം നടത്തി. അനന്തരം വി. കുർബാന ഗ്രോട്ടോയിൽ പരസ്യമായി എഴുന്നള്ളിച്ചുവച്ചു് അമലോത്ഭവനാഥയ്ക്കു് ഏവരേയും പ്രതിഷ്ഠിച്ചു. വി. കുർബാനയുടെ വാഴ്വോടുകൂടി ചടങ്ങുകൾ പര്യവസാനിച്ചു.

എൽത്തുരുത്തു്—ഇവിടത്തെ ഹൈസ്കൂളിൽനിന്നു് ഈക്കൊല്ലം എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു പോകുന്ന കുട്ടികൾ പാവപ്പെട്ടവരുടെ ആശീസ്സുകളും പ്രാർത്ഥനയും ലഭിക്കുന്നതിനു് മാതൃകാപരമായ ഒരു സൽകൃത്യം നിർവഹിച്ചിരിക്കുന്നു. അവർ പത്തുപറ അരിയാണ്ടി സാധുക്കൾക്കു വിതരണംചെയ്തു. പ്രതിവർഷം നടത്താറുള്ള സോഷ്യൽ ചിലവിൽ മിച്ചിച്ചാണു് ഇതിനുള്ള തുകയുണ്ടാക്കിയതു്.

ശൂരനാട്ടു:— സ്ഥലത്തെ സീറിയൻ കത്തോലിക്കാദേവാലയത്തിൽവച്ചു 14 പേർ സത്യപ്രതിജ്ഞചെയ്തു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു ശൂരനാട്ടു സെൻറു് മേരീസ് എം. പി സ്കൂളിലെ അദ്ധ്യാപികമാരായ മിസ്സിസ് ശോശാമ്മയും ഇക്കൂട്ടത്തിൽപ്പെടുന്നു. റവ ഫാദർ കുരിയാക്കോസ് തളിയത്തു് അവർകളാണു് അവരെ സത്യസഭയിലേക്കു സ്വീകരിച്ചതു്. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ സ്ഥലവാസികളായ വളരെപ്പേരെ ദൈവാനുഗ്രഹത്താൽ മാതൃസഭയിലേക്കു വഴിതെളിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മാരാരിക്കുളം:— ആലപ്പുഴമെത്രാൻ മോറാ റവ. ഡോക്ടർ മൈക്കിൾ ആറാട്ടുകുളം തിരുമേനിക്കു് സ്വാഗതവാദ്യങ്ങളോടു വകയായി ഫെബ്രുവരിയിൽ വമ്പിച്ച ഒരു സ്വീകരണം നൽകപ്പെട്ടു. സ്വീകരണത്തോടനുബന്ധിച്ചു് നടന്ന പൊതുയോഗത്തിൽവെച്ചു തിരുമേനിക്കു ഒരു മംഗളപത്രവും, പണക്കിഴിയും സമർപ്പിക്കപ്പെട്ടു പൊതുയോഗത്തിലും, ഇന്നു നടന്ന സൽക്കാരത്തിലും അനവധി വൈദികരും പ്രമുഖവ്യക്തികളും സംബന്ധിക്കുകയുണ്ടായി. തിരുമേനിയുൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ ഒരു ഗ്രൂപ്പുഫോട്ടോയും ഉണ്ടായിരുന്നു.

## ആവശ്യമുണ്ടു്

"സത്യദീപ"ത്തിന്റെ ചേനപ്പാടി ഏജൻസി ഏറെറടുത്തു നടത്തുവാൻ ആളെ ആവശ്യമുണ്ടു്. ഏജൻസിവ്യവസ്ഥകൾക്കു് എഴുതി ചോദിക്കുക.

മാനേജർ, സത്യദീപം

അരുവിത്തുറ:— സ്ഥലം സെന്തോമസ് മിഷൻലീഗിന്റെ ആറാമതു വാർഷികം ഫെബ്രുവരി 21-ാംതിയതി ഞായറാഴ്ച പകൽ മൂന്നുമണിക്കു് പാലാരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കു് മൊറൊറു റവ. മോൺ. സെബാസ്ത്യൻ വള്ളോപ്പിള്ളി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സമഘോഷം കൊണ്ടാടപ്പെടുകയുണ്ടായി. പുതിയ രൂപതയ്ക്കു രൂപവും ഭദ്രതയും കൈവരുത്തുവാൻ നാട്ടുകാരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും പ്രേഷിതവേലയുടെ നാനാവശങ്ങളെ പ്രകീർത്തിച്ചുകൊണ്ടും അദ്ദേഹം പ്രസംഗിച്ചു

പ്രഫസർ വി. ജെ. മത്തായി എം. എ. അവർകളുടെ പ്രസംഗാനന്തരം ശ്രീ കൈമാപറമ്പൻ രക്തകാന്തി ഉണ്ണാളിനി എന്നി കഥകളെ ആസ്പദമാക്കി നടത്തിയ കഥാപ്രസംഗം വളരെ വിജയപ്രദമായിരുന്നു. റിപ്പോർട്ടുവർഷത്തിൽ ആകെ 3148 ക. പ്രേഷിതപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ ലീഗിനു കഴിഞ്ഞിട്ടുണ്ടു്.

കീഴൂർ:—കീഴൂർ ഉണ്ണിമിശിഹാദേവാലയത്തിൽ കപ്പുച്ചിൻ വൈദികരാൽ നടത്തപ്പെട്ട ധ്യാനത്തോടനുബന്ധിച്ചു റവ. ഫാദർ ലിയോ ഒ. എഫ. എം. സത്യാരാധനാസഖ്യത്തിന്റെ ഒരു ശാഖ സ്ഥാപിച്ചിരിക്കുന്നു.

എൽത്തുരുത്തു്:— സ്ഥലം ബോർഡിംഗിൽ മരിയൻ ജൂബിലി പ്രമാണിച്ചു് റവ. ഫാ. ഡിസ്മാസ് ററി. ഒ. സി. ഡി. എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു മീററിംഗു നടത്തി യോഗത്തിൽ മി. പി. ലൂയിസു് ബി. എ. അവസരോചിതമായി പ്രസംഗിച്ചു.

കോയമ്പത്തൂർ: — സ്ഥലത്തെ കേരളകത്തോലിക്കാ അസോസിയേഷന്റെ 1-ാംവാർഷികം ഫെബ്രുവരി 21-ാംനു ഞായറാഴ്ച വൈകുന്നേരം 6 മണിക്കു് വിശുദ്ധ മിഖായേൽ ദേവാലയത്തിൽവക "രാജ്ഞി" മെമ്മോറിയൽ ഹാളിൽവച്ചു് എ പെ പെ. ബഹു: കോയമ്പത്തൂർ രൂപതാമെത്രാൻ ഡോക്ടർ എ. ശരമുത്തു തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സമാഘോഷം കൊണ്ടാടപ്പെട്ടു. തദവസരത്തിൽ ശ്രീ കെ. പി. ഉമ്മിസ് ബി. ഒ എൽ., റവ. ഫാദർ ബേസിൽ, ഒ. സി ഡി. എ മുതലായവരുടെ സാരഗർഭമായ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. അദ്ധ്യക്ഷൻ തിരുമേനി കേരളകത്തോലിക്കാ അസോസിയേഷനു് സർവ്വവിധ മംഗളങ്ങളും ആശംസിച്ചു സമ്മേളനത്തെ അനുഗ്രഹിച്ചു. അസോസിയേഷൻ പ്രസിഡണ്ടു് നന്ദിപ്രകടിപ്പിച്ചു. കുട്ടികളുടെ "പാപ്പാ [illegible]" ... ശേഷം കത്തോലിക്കാപത്രപ്രചരണാർത്ഥം സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

## വിനോദവീഥി



ഭർത്താവു:- "ഞങ്ങളുടെ കോറിപ്പോയ ബസ്സു മറിഞ്ഞു എനിക്കു നല്ലൊന്നു പരുക്കുപററി."

ഭാര്യ:- "ശ്ശോ അതിനു് നിങ്ങളെന്റെ നേര്യതിങ്ങനെ കുടുക്കിക്കളഞ്ഞതെന്തിനാ!"

* * *

ചെക്കോസ്ലോവാക്യയിൽ ഒരു തിരഞ്ഞെടുപ്പു നടക്കുന്ന അവസരത്തിൽ ഒരു ഫാക്ടറിയിലെ തൊഴിലാളികളെ എല്ലാം നിരയായി നിറുത്തി ബാലററു സ്ലിപ്പുകൾ ഒട്ടിച്ച കൂടുകളിലാക്കി അവർക്കു കൊടുത്തു ഒരു തൊഴിലാളി കൂടു തുറന്നു സ്ലിപ്പു പരിശോധിക്കുന്നതു കണ്ടു പോലീസുദ്യോഗസ്ഥൻ:- "എടോ താനെന്താണു് ചെയ്യുന്നതു?"

തൊഴിലാളി:- "ഞാൻ ആർക്കാണു് വോട്ടുചെയ്യുന്നതെന്നു നോക്കിയതാണു്."

ഉദ്യോഗസ്ഥൻ:- "കഴുത, നിനക്കറിഞ്ഞുകൂടെ, ഇതു രഹസ്യവോട്ടിംഗാണെന്നു്."

* * *

വിധവ:- "എന്റെ ഭർത്താവിന്റെ ഒരു മരണവാർത്ത നിങ്ങളുടെ പത്രത്തിൽ ചേർക്കണം. ചാർജ്ജു എന്താകും?"

ക്ലാർക്കു്:- "ഒരിഞ്ചിനു് എട്ടണയാണു് ചാർജ്ജു്."

വിധവ:- "അത്രയധികം മുടക്കാൻ എന്റെ കൈവശം പണമുണ്ടാവുകയില്ല എന്റെ ഭർത്താവു ശരിക്കു ആറടി ഉയരമുള്ള ആളായിരുന്നു!"

* * *

ക്ലോക്കുവ്യാപാരി:- "ഇതു നല്ല ഒരു ക്ലോക്കാണു്. ചാവി കൊടുക്കാതെ അതു ആഴ്ചയിൽ ഏഴുദിവസവും നടക്കും."

ഗ്രാമീണൻ:- "അപ്പോൾ ചാവികൊടുത്താൽ എത്ര ദിവസം നടക്കും?"

# കോൾപിംഗ്

## "ജനങ്ങളുടെ പുരോഹിതൻ"

(ആന്റണി അക്കര ബി. ഏ.)

കമ്മ്യൂണിസ്റ്റുകാരുടെ ആദ്യത്തെ പൊതുയോഗം കൂടിയിരിക്കുകയാണ്. കുഖ്യാത കാറൽ മാർക്സാണ് പ്രധാന പ്രസംഗകൻ. ജർമ്മനിയിലെ കൊളോൺ നഗരത്തിൽ 1849 മേയ്മാസത്തിലാണ് അതു കൂടിയത്. ആ യോഗത്തിൽവെച്ചാണ് കുപ്രസിദ്ധമായ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ മാർക്സ് ലോകത്തോട് പ്രഖ്യാപിച്ചത്.

ഒരു വിളിപ്പാടകലെ മറ്റൊരു യോഗവും കൂടിയിട്ടുണ്ട്, തൊഴിലാളികളുടേതുതന്നെ. അതു വിളിച്ചുകൂട്ടിയിരിക്കുന്നതോ, ഒരു കത്തോലിക്കാ വൈദികൻ! കൊളോൺ കത്തീഡ്രൽ പള്ളിയിലെ മുപ്പത്തഞ്ചുകാരൻ അസ്തേന്തിയച്ചൻ! ലോകപ്രസിദ്ധനായ എമ്മാനുവൽ കെറ്റലറുടെ സഹപാഠിയും, വന്ദ്യനായ ഡോൺബോസ്കോയുടെ സമകാലികനും, ജർമ്മനിയുടെ ഡോൺബോസ്കോ എന്നറിയപ്പെടുന്നവനുമായ അഡോൾഫ് കോൾപിംഗ് ആണ് അദ്ദേഹം.

രണ്ടു യോഗങ്ങളും രണ്ടുപേരും നയിച്ച പ്രസ്ഥാനങ്ങളുടെ-തികഞ്ഞ പ്രതീകങ്ങളായിരുന്നു. മാർക്സിനെക്കേൾക്കാൻ ഒരു വമ്പിച്ച ജനക്കൂട്ടം തിങ്ങിക്കൂടി. കോൾപിംഗിനെക്കേൾക്കാൻ ഏഴ് അസംഘടിതവ്യക്തികളും. വർഗ്ഗസമരത്തിന്റെ ചോരയും കണ്ണീരും നിറഞ്ഞ നദിയിലൂടെ തൊഴിലാളികളുടെ ഏകാധിപത്യമെന്ന പറയപ്പെടുന്ന ദുഷിതമഹാസമുദ്രത്തിലേക്കാണ് മാർക്സിന്റെ പ്രയാണം. വ്യക്തികളിൽ ഹൃദയങ്ങളുടെ ഒരു സമൂലപരിവർത്തനമാണ് കോൾപിംഗ് ലക്ഷ്യം വെച്ചത്. മാർക്സ് സ്വീകരിച്ച വിഹ്നം അരിവാളും ചുറ്റികയുമായിരുന്നു; കോൾപിംഗിന്റേതു കുരിശും ചുറ്റികയും. ഒറ്റനോട്ടത്തിൽ ഈ അസ്തേന്തിയച്ചന്റെ പരിശ്രമം ബുദ്ധിശൂന്യതയുടെ പാരമ്യമാണെന്ന് പലരും വിചാരിച്ചു. എന്നാൽ അദ്ദേഹവും ആ ഏഴുപേരും വിചാരിച്ചത് ദൈവത്തിനുവേണ്ടിയുള്ള ബുദ്ധിശൂന്യത മനുഷ്യരുടെ ബുദ്ധിപൂർണ്ണതയെക്കാൾ അധികം ശ്രേഷ്ഠമാണെന്നാണ്.

അന്നു ജർമ്മനി ഒരു നിർണ്ണായകസന്ധിയിലെത്തിയിരുന്നു. ജർമ്മൻ ജനത നെപ്പോളിയനെ തുരത്തിയോടിച്ചിട്ട് അധികകാലമായിരുന്നില്ല. അനാസൂത്രിതമായ വ്യവസായീകരണം രാജ്യത്തിന്റെ പഴക്കംചെന്ന സാമൂഹ്യഘടനയെ തകർക്കാൻ തുടക്കംകൂട്ടി. ചെറുകിട വ്യവസായങ്ങൾ കൂണുപോലെ പൊട്ടിമുളച്ചു, കൂണുപോലെത്തന്നെ നശിച്ചു. ഇടത്തരക്കാർ നിനച്ചിരിയാതെ പാപ്പരായി. ആയിരക്കണക്കിന് കുടുംബങ്ങൾ നിരാശയുടെ ഗർത്തങ്ങൾ കണ്ടു. അസംഘടിതമായ തൊഴിലാളിലോകം അമ്പരന്നു. നിർബന്ധിതവേല, അസ്ഥിരമായ കൂലി, തൊഴിൽസമയത്തിന്റെ അനിശ്ചിതത്വം, തൊഴിലില്ലായ്മ ഇങ്ങനെ ഒട്ടനവധി സാമൂഹ്യദൂഷ്യങ്ങൾ വരുത്തിയ കഷ്ടപ്പാടുകളുടെ കാഹളധ്വനി മുഴക്കി.

ഈ ദുരിതങ്ങൾ അഡോൾഫ് കോൾപിംഗിന് തീരാദുഃഖമുണ്ടാക്കി. വിശപ്പും ദാരിദ്ര്യവും കഷ്ടപ്പാടും അദ്ദേഹംതന്നെ വളരെനാൾ അനുഭവിച്ചിട്ടുണ്ട്. ഭാരിച്ച കുടുംബച്ചിലവിന്റെ രണ്ടുതലയും മുട്ടിക്കാൻ ഞെരുങ്ങുന്ന ഒരു ആട്ടിടയന്റെ പതിമൂന്നുമക്കളിൽ ഒടുവിലത്തേതായിട്ടാണ് അഡോൾഫ് ജനിച്ചതുതന്നെ. പതിനാലാംവയസ്സിൽ അഡോൾഫിന് ഒരു ചെരുപ്പുകുത്തിയായി ഉപജീവനം തേടേണ്ടിവന്നു. 10 കൊല്ലം ഈ ജോലിയിൽ വ്യാപൃതനായിട്ടും മേൽഗതിക്ക് ഒരു മാർഗ്ഗവും ഉണ്ടാകപ്പെട്ടില്ല. എന്നിട്ടും വിദ്യാഭ്യാസത്തിനുള്ള ആഗ്രഹം ഈ യുവാവിൽ അസ്തമിച്ചില്ല. മനസ്സിന്റെ അടിത്തട്ടിൽ മറ്റൊരു തീവ്രാഭിലാഷവും അഡോൾഫ് സൂക്ഷിച്ചിരുന്നു. ഒരു പുരോഹിതനാവുക. അങ്ങനെയിരിക്കെ 24-ാംവയസ്സിൽ, ഭാഗ്യവശാൽ, അഡോൾഫിന് കൊളോൺ നഗരത്തിൽ ഒരു ജോലികിട്ടി, ചെരുപ്പു നന്നാക്കൽതന്നെ. പകൽ ജോലിചെയ്യാനും, രാത്രി എഴുത്തും വായനയും പഠിക്കാനും അവിടെ സൗകര്യം ലഭിച്ചു. അങ്ങനെ മിക്ക യുവാക്കന്മാരും വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന പ്രായത്തിൽ അഡോൾഫ് വിദ്യാഭ്യാസം ആരംഭിച്ചു.

രണ്ടു സ്ത്രീകളാണ് പുതിയൊരു ജീവിതപഥം വെട്ടിത്തുറന്നതിൽ അഡോൾഫിനെ സഹായിച്ചത്. അദ്ദേഹത്തിന്റെ ഭക്തയായ അമ്മയാണ് ഒരാൾ. കുരിശടയാളം വരയ്ക്കാതെ ഒരിക്കലും അപ്പം മുറിച്ചിട്ടില്ലാത്ത ആ അമ്മയാണ് അദ്ദേഹത്തിൽ ക്രിസ്തുവിന്റെ കൊയ്ത്തുകാരനാകാനുള്ള അഭിവാഞ്ഛ അങ്കുരിപ്പിച്ചത്. അഡോൾഫിന് ഉപരിവിദ്യാഭ്യാസത്തിനും മറ്റുംവേണ്ട പണസഹായം ചെയ്ത ധനികയും മധ്യവയസ്കയുമായ സ്ത്രീയാണ് രണ്ടാമത്തെയാൾ. തികച്ചും യദൃച്ഛികമായിട്ടാണ് ഈ സ്ത്രീക്ക് അഡോൾഫിൽ താല്പര്യം ജനിച്ചത്. മസൂരിബാധിച്ച ഒരു സ്നേഹിതനെ അഡോൾഫ് ശുശ്രൂഷിച്ചു സുഖപ്പെടുത്തിയത് ഈ സ്ത്രീ കേട്ടറിഞ്ഞു. അഡോൾഫ് പ്രദർശിപ്പിച്ച ത്യാഗമനോഭാവം അവൾക്ക് വളരെ പിടിച്ചു. മറ്റൊരാളെ ശുശ്രൂഷിക്കുവാൻ അവർ അഡോൾഫിനോട് ആവശ്യപ്പെട്ടു. അദ്ദേഹം അതു സസന്തോഷം നിർവ്വഹിക്കുകയും ചെയ്തു. അതിനുശേഷമാണ് അവർ അഡോൾഫിന്റെ ഉപരിവിദ്യാഭ്യാസത്തിനുവേണ്ട സഹായങ്ങൾ നൽകാൻ തുടങ്ങിയത്. മ്യൂനിച്ചിലെയും ബോണിലെയും സർവ്വകലാശാലകളിൽ ചേർന്ന് അദ്ദേഹം ഉപരിവിദ്യ അഭ്യസിച്ചു. ഈ കാലത്താണ് കെറ്റലർ മെത്രാന്റെ സഹപാഠിയാകാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായത്. പിന്നീട് അദ്ദേഹം സെമിനാരിയിൽ ചേർന്ന് യഥാകാലം പട്ടമേറ്റു. പഠിപ്പു തുടരണമെന്ന് അദ്ദേഹത്തിനാഗ്രഹമുണ്ടായിരുന്നെങ്കിലും മെത്രാൻ അദ്ദേഹത്തെ എൽബർഫിൽഡ് ഇടവകയിലേക്ക് നിയമിക്കുകയാണുണ്ടായത്.

അദ്ദേഹം എത്തുമ്പോഴേക്കും ജോൺ ബ്രൂവർ എന്നൊരധ്യാപകൻ അവിടെ കടുകുമണിയൊന്നു നട്ടുകഴിഞ്ഞിരുന്നു! തൊഴിലെടുക്കുന്ന യുവജനങ്ങൾക്കും മറ്റും ഒത്തുചേരാനും വിനോദിക്കുവാനും ഒരു സ്ഥലമുണ്ടാകേണ്ടതിന്റെ ആവശ്യകത നാമെല്ലാം സമീപകാലത്താണ് മനസ്സിലാക്കുന്നത്. അവിടവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പാരിഷ് ഹാളുകൾ അതിന്റെ ലക്ഷണമാണല്ലോ. ബ്രൂവർ 1846-ൽതന്നെ അതു മനസ്സിലാക്കി. ജോസഫ് തീൻ എന്നൊരാശാരിപ്പണിക്കാരൻ വലിയൊരു പ്രശ്നവുമായി ബ്രൂവറെ സമീപിച്ചു. ഒഴിവുസമയങ്ങളിൽ എവിടെ പോകും? പ്രോട്ടസ്റ്റന്റ്-ലൂതറൻ കേന്ദ്രങ്ങൾ, ഹോട്ടലുകൾ, കള്ളുഷാപ്പുകൾ എന്നിങ്ങനെ പോകാൻ സ്ഥലങ്ങളേറെയുണ്ട്. അവ കത്തോലിക്കരുടെ മതപഠനങ്ങൾക്കോ, സന്മാർഗ്ഗനിഷ്ഠകൾക്കോ, ശുചിത്വബോധത്തിനോ യോജിച്ചതായി അയാൾ വിചാരിച്ചില്ല. ബ്രൂവറുടെ പക്കൽ ഒരു "റെഡിമെയ്ഡ്" നിവാരണമാർഗ്ഗം ഉണ്ടായിരുന്നുമില്ല. ഒന്നു കണ്ടുപിടിക്കുവാൻതന്നെ അദ്ദേഹം തീർച്ചയാക്കി. ജോസഫ് തീനിന്റെ സ്നേഹിതന്മാരെയെല്ലാം കൂട്ടിച്ചേർത്ത് ഒരു യുവഗായകസംഘം രൂപീകരിക്കപ്പെട്ടു. ആദ്യദശകളിൽ ഇവർ സംഗീതാഭ്യസനത്തിൽമാത്രം മുഴുകിക്കഴിഞ്ഞു. കഴിവും സൗകര്യവും അംഗസംഖ്യയും വർദ്ധിച്ചതോടെ വിനോദങ്ങളും വിനോദയാത്രകളും, പ്രസംഗങ്ങളും പ്രസംഗയോഗങ്ങളും സംഘത്തിന്റെ പ്രവർത്തനസീമയ്ക്കുള്ളിലായി. വേണമെന്നുള്ളവരെ എഴുത്തും വായനയും പഠിപ്പിക്കാനും ബ്രൂവർ തന്റെ ഒഴിവുസമയം വിനിയോഗിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങൾ ഒരു വിജയമായി അനുഭവപ്പെട്ടു. എങ്കിലും ബ്രൂവർ അതു കൂടുതൽ സംഘടിതവും, സുസ്ഥിരവും, ലോകവ്യാപകവുമായ ഒരു മഹാപ്രസ്ഥാനമാക്കാൻ സാധിക്കണേയെന്ന് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ബ്രൂവറുടെ പ്രാർത്ഥന കേൾക്കപ്പെട്ടു. അഡോൾഫ് കോൾപിംഗ് എൽബർഫിൽഡ് ഇടവകയിലേക്ക് അക്കാലത്ത് നിയമിച്ചയക്കപ്പെട്ടു. ബ്രൂവർക്കും ബ്രൂവറുടെ സംഘത്തിനും പറ്റിയ ഒരു നേതാവിനെ കിട്ടി. എൽബർഫിൽഡ് ഗ്രൂപ്പ് കോൾപിംഗിന്റെ പരീക്ഷണശാലയായിത്തീർന്നു.

മാർക്സിനെപ്പോലെ ഒരു തത്വവാദിയോ, രാഷ്ട്രതന്ത്രജ്ഞനോ, സമുദായപരിഷ്കർത്താവോ അല്ലായിരുന്നു കോൾപിംഗ്. ക്രിസ്തുവിലുള്ള വിശ്വാസവും, ക്രിസ്തുവിനെപ്രതിയുള്ള സ്നേഹവുമായിരുന്നു അദ്ദേഹത്തിന്റെ സുപ്രധാനമായ ഗുണങ്ങൾ. ജീവിതാനുഭവങ്ങളിൽനിന്ന് അദ്ദേഹമെടുക്കുന്ന നിഗമനങ്ങൾ ഇവയാണ്: "മനുഷ്യരുടെ ഭാഗധേയങ്ങൾ വിവാഹത്തിന്റെ ദിവ്യമഹത്വത്തെ ആശ്രയിച്ചിരിക്കുന്നു. പൊതുയോഗങ്ങളിലോ ചന്തസ്ഥലങ്ങളിലോ അല്ല മനുഷ്യസ്വഭാവം രൂപപ്പെടുന്നത്. സ്വഭാവത്തിന്റെ മാറ്റ് വെളിപ്പെടുത്തുന്ന പരീക്ഷണശാലകൾ മാത്രമാണ് അവ. സ്വഭാവങ്ങൾ യഥാർത്ഥത്തിൽ രൂപപ്പെടുന്നത് മറ്റൊരിടത്താണ് — കുടുംബത്തിൽ. കുടുംബത്തെ ആശ്രയിച്ചിരിക്കുന്നു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയും ശിക്ഷയും. അതാണ് സമുദായസ്പർശിയായ മറ്റു പ്രമാണങ്ങൾക്കുമുമ്പ് ദൈവം നാലാംപ്രമാണം നൽകിയത്. നല്ല വിത്തുകളെ നന്നായി വളർത്താൻ കുടുംബജീവിതം പശ്ചാത്തലമല്ലെങ്കിൽ എല്ലാ ഉദ്യമങ്ങളും പരാജയമടയുകതന്നെചെയ്യും. എത്ര ലോകോത്തരമായ ഭരണഘടനയും ഉണ്ടാക്കിക്കൊള്ളൂ, എത്ര വളരെ നിയമങ്ങളും എഴുതിച്ചേർത്തുകൊള്ളൂ, കുടുംബജീവിതം അപകടത്തിലാണെങ്കിൽ സർവ്വവും അപകടത്തിലേക്കാണ്." ഇതാണ് കോൾപിംഗിന്റെ തത്വസംഹിതയുടെ രത്നച്ചുരുക്കം.

കോൾപിംഗിന്റെ നേതൃത്വത്തിൽ എൽബർഫിൽഡ് സംഘം അനുദിനം വളർന്നു. ഒരൊറ്റക്കൊല്ലംകൊണ്ട് അംഗസംഖ്യ 30-ൽ നിന്ന് 250 ആയി. തന്റെ പ്രവർത്തനം ജർമ്മനിയുടെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണെന്ന് അദ്ദേഹത്തിനു തോന്നി. കാരണം, ദൂരവ്യാപകമായ സമുദായപരിവർത്തനങ്ങൾ നിറഞ്ഞ ഒരു യുഗപ്രഭാതം വന്നടുക്കുകയായിരുന്നു. സമുദായശരീരത്തിൽ അടിസ്ഥാനപരമായ അഴിച്ചുപണിയൽ നടക്കേണ്ടിയിരുന്നു. ലോകത്തെയാകെ ഇളക്കിമറിച്ച വ്യവസായവിപ്ലവം ജർമ്മനിയിൽ അത്യാസന്നമായി തീരുന്നുണ്ട്. അതിനെ അഭിമുഖീകരിക്കേണ്ടിയിരുന്നു.

അങ്ങനെയാണ് സ്വന്തം അപേക്ഷയനുസരിച്ച് കോൾപിംഗ് 1849 മാർച്ചിൽ കൊളോൺ കത്തീഡ്രലിലേക്ക് മാറ്റപ്പെട്ടതും, കാറൽ മാർക്സിനോടൊപ്പം ആ തൊഴിലാളിയോഗം നടത്തിയതും, "ജെസല്ലൻ-വെറയ്ൻ" എന്നൊരു തൊഴിലാളിസംഘടന രൂപീകരിച്ചതും. ആദ്യയോഗത്തിൽ ഹാജരായിരുന്ന ആ ഏഴ് പ്രാരംഭപ്രവർത്തകർ ഓരോരുത്തരും ശതക്കണക്കിന് മറ്റാളുകളെ ആകർഷിച്ചു. ചതുരനായ ഒരു പ്രസംഗകനും വിദഗ്ദ്ധനായ ഒരെഴുത്തുകാരനും ക്ഷീണമേശാത്ത ഒരു സംഘടനാവിദഗ്ദ്ധനുമായിരുന്ന കോൾപിംഗ് കൊളോണിൽ വെച്ചുപിടിപ്പിച്ച ആ കൊച്ചുചെടിയെ ജർമ്മനിയൊട്ടുക്കും ലോകത്തിന്റെ മറ്റുഭാഗങ്ങളിലേക്കും പന്തലിച്ചുനില്ക്കുന്ന ഒരു മഹാവൃക്ഷമാക്കിത്തീർത്തു.

18 വയസ്സ് കഴിഞ്ഞ യുവാക്കൾക്കേ "ജെസല്ലൻ വെറയ്ൻ"ൽ അംഗങ്ങളാകാവൂ. വിവാഹത്തോടെ അംഗത്വം അവസാനിക്കുകയും ചെയ്യും. ജീവിതത്തിന്റെ അല്ലൽനിറഞ്ഞ പാതയിലേക്ക് കാൽവയ്ക്കുന്ന തരുണന്മാരെ മതതത്വങ്ങളിൽ അടിയുറച്ചുള്ള ജീവിതം പരിശീലിപ്പിച്ചാൽമതി, അവർ നേതൃത്വം വഹിക്കുന്ന ഭാവികുടുംബങ്ങൾ തിരുക്കുടുംബത്തിന്റെ പതിപ്പുകളായിക്കൊള്ളും. ഈ അടിസ്ഥാനത്തിൽ ആസൂത്രിതമായ കുടുംബജീവിതമാണ് "വെറയ്ൻ"കളിൽ ഉണ്ടായിരുന്നത്. ഓരോ വലിയ കെട്ടിടത്തിലാണ് ഓരോ "വെറയ്ൻ"ഉം ആരംഭിക്കുക. ആ കെട്ടിടങ്ങൾ തെരുവുകളിൽ തെണ്ടിനടന്ന്, വഴിപിഴച്ച സന്തോഷങ്ങളിൽ മുഴുകിക്കഴിയുന്ന ചെറുപ്പക്കാർക്ക് ഗൃഹമായിത്തീർന്നു. അതു അവരുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനമായിത്തീർന്നു. തങ്ങളുടെ തരക്കാരുമായി കഴിയാനും, അറിവ് വർദ്ധിപ്പിക്കുവാനും, പുതിയൊരു ജീവിതം ആരംഭിക്കുവാനും വേണ്ട പരിതസ്ഥിതികൾ അവർക്കവിടെ ലഭിക്കുന്നു. മനുഷ്യൻ സ്വതവേ ചീത്തയൊന്നുമല്ലെന്നും, നല്ല ചുറ്റുപാടുകൾ നല്ലവരെ സൃഷ്ടിക്കുമെന്നും ആണ് ഇറ്റലിയിലെ ഡോൺബോസ്കോ, "ബോയ്സ് ടൗണി"ലെ ഫാദർ ഫ്ളാനഗൻ, ക്രിസ്റ്റോഫർ പ്രസ്ഥാനത്തിലെ ജയിംസ് കെല്ലർ എന്നിവരോടൊപ്പം കോൾപിംഗും വിശ്വസിച്ചത്.

ദൈവപരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസമാണ് കോൾപിങ്ങിനെ എപ്പോഴും നയിച്ചുകൊണ്ടിരുന്നിട്ടുള്ളത്. "ഭാവിയുടെ ഗർഭത്തിൽ എന്തിരിക്കുന്നുവെന്നതിനെപ്പറ്റി ഒരിക്കലും ഭയപ്പെടാതിരിക്കുക. ആകാശം ഇടിഞ്ഞുപൊളിഞ്ഞു വീഴാനൊന്നും പോകുന്നില്ല. ദൈവം എപ്പോഴും പ്രപഞ്ചത്തെ പരിപാലിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവകരങ്ങളിൽ നമ്മെത്തന്നെ ഭരമേല്പിക്കുന്നതാണ് പരമമായ വിവേകം." ആശങ്ക പ്രകടിപ്പിക്കുന്ന സഹപ്രവർത്തകർക്ക് അദ്ദേഹം നൽകുന്ന ഉപദേശം ഇതായിരുന്നു. വാക്കുകൾ ഒന്ന്, പ്രവൃത്തി വേറൊന്ന് എന്ന സമ്പ്രദായം കോൾപിങ്ങിന് അപരിചിതമായിരുന്നു. അദ്ദേഹം വാക്കുകൾക്കനുസരിച്ച് ജീവിച്ചു. കൊളോണിലെ "ജെസല്ല


പ്രതിമാസ ഗ്രന്ഥക്ലബ്ബ്
എറണാകുളം
പതിമൂന്ന് "ചെറുകഥകൾ"
ടീസാറാങ്ങ് ഗ്രന്ഥാവലി
ഏഴകളുടെ തോഴർ
വില 8ണ.
(190—pp)
തപാൽക്കൂലി പുറമെ.


(4-ാം പേജ് തുടർച്ച)

യും തങ്ങളുടെയും ആത്മവിശുദ്ധീകരണം സാധിക്കുന്നതിൽനിന്നുള്ള — അതേ ജീവിതലക്ഷ്യത്തിലേക്ക് അവരേയും തങ്ങളെത്തന്നെയും നയിക്കുന്നതിൽനിന്നുള്ള — സാക്ഷാൽ ആനന്ദമത്രയാണവർ ലക്ഷ്യമാക്കിയത്.

അന്ന് ആ പ്രഥമ കോൺഫറൻസ് യോഗത്തിൽ സ്വീകരിച്ചു തുടർന്നവർ അനുഷ്ഠിച്ചതുമായ വിശ്വാസത്തിന്റെയും പരസ്നേഹത്തിന്റെയും ആദർശരൂപികളും നടപടിക്രമങ്ങളും ഈ കഴിഞ്ഞ നൂറുവത്സരക്കാലവും ഈ സഖ്യത്തിൽ അനുഷ്ഠിക്കപ്പെട്ടുപോരുന്നു എന്നും ലോകമൊട്ടാകെയിലുമുള്ള കോൺഫറൻസുകൾ തദനുസരണം നടത്തപ്പെടുന്നു എന്നും പ്രസിദ്ധ ചരിത്രകാരനായ ആൽബർട്ടു ഫൊക്കോൾട്ട് 1933-ൽ സഖ്യത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Foucault's Historie P. 20-21)-

ഈ വിധമാണോ കേരളത്തിലെ കോൺഫറൻസുകൾ നടത്തപ്പെടുന്നതെന്ന് — ഇതിന്റെ സ്ഥാപകർ വിഭാവനം ചെയ്ത രീതിയിലുള്ളതാണോ തങ്ങളുടെ കോൺഫറൻസെന്ന് — അവർ സ്വീകരിച്ചനുഷ്ഠിച്ചുവന്ന ആദർശരൂപികളും നടപടികളും എങ്ങനെ തങ്ങൾ ആദരിച്ചനുവർത്തിക്കുന്നു എന്ന് — "നിങ്ങളുടെ വിശ്വാസത്തിനനുസരണമാണോ നിങ്ങൾ ജീവിക്കുന്നത്?" എന്ന ചോദ്യത്തിനു എപ്രകാരമാണു തങ്ങൾ ഉത്തരംകൊടുക്കുന്നതെന്ന് കേരളത്തിലെ സെ. വി. ഡി. പോൾ സഖ്യാംഗങ്ങൾ — സഖ്യത്തിന്റെ സ്ഥാപകരുടെ അവകാശികളും കേരളത്തിലെ പിൻഗാമികളുമായിത്തീർന്നിരിക്കുന്നവർ — ഇത്തരുണത്തിൽ ഒരാത്മപരിശോധന ചെയ്യുന്നതു വളരെ നന്നായിരിക്കും. ഇതിനു നമ്മുടെ മധ്യസ്ഥർ എല്ലാവരേയും പ്രേരിപ്പിക്കുമാറാകട്ടെ.

ൻ-വെറെയ്ൻ" കെട്ടിടത്തിൽ ഒരു ചെറിയ മുറി വാടകയ്ക്കെടുത്ത് അദ്ദേഹം താമസിച്ചു. അവിടെ പാർക്കുന്ന തൊഴിലാളി സഹോദരങ്ങളുടെ ഭക്ഷണം തന്നെ ഭുജിച്ച് അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്ന്, അവരിൽ ഒരാളായി ജീവിച്ചു. സംഘത്തെ നയിക്കുന്ന പുരോഹിതന്മാർ ഇന്നും ഈ ജീവിതരീതിതന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്.

പരിമിതകാലത്തിനുള്ളിൽ "വെറെയ്ൻ"കൾ ജർമ്മനിയിലാകെ വ്യാപിച്ചു. പിന്നീട് അത് ആസ്ത്രിയ, ചെക്കോസ്ലോവാക്കിയ, സ്വിറ്റ്സർലണ്ട്, സ്വീഡൻ എന്നിവിടങ്ങളിലേക്കും താമസിയാതെ ബ്രിട്ടൻ, ഇറ്റലി, സ്പെയിൻ, ഹോളണ്ട്, ബൽജിയം എന്നീ രാജ്യങ്ങളിലേക്കും പടർന്നു. സമീപകാലത്താണ് അമേരിക്ക, കാനഡ, ബ്രസീൽ, ആർജൻറീന എന്നിവിടങ്ങളിൽ ഒട്ടനവധി "വെറെയ്ൻ"കൾ സ്ഥാപിതമായത്. 1924-ൽ ജർമ്മനിയിൽമാത്രം 1440 ശാഖകളിലായി 2,16,050 അംഗങ്ങളുണ്ടായിരുന്നു. ജർമ്മനിക്കു പുറത്ത് ഇപ്പോൾ 851 ശാഖകളിലായി 1,25,365 അംഗങ്ങളുണ്ട്. രണ്ടാം ലോകമഹായുദ്ധാനന്തരം ജർമ്മനിയിൽ അമേരിക്കൻസഹായത്തോടെ 345 പുതിയ ശാഖകൾ തുറക്കുകയുണ്ടായി. ഇവയ്ക്കെല്ലാം പുറമെ സംഘങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന 400 സദ്യമന്ദിരങ്ങളിലായി 22,000 അവശർക്ക് സുഖമായി കഴിയുന്നതിനുള്ള സൗകര്യങ്ങൾ വേറെയുമുണ്ട്.

ജീവിതസായാഹ്നത്തിൽ വളരെയേറെ ബഹുമതികൾ അദ്ദേഹത്തിൻറമേൽ ചൊരിയപ്പെടുകയുണ്ടായി. അന്നത്തെ പരിശുദ്ധപിതാവ് അദ്ദേഹത്തെ "പേപ്പൽ ചേമ്പർലെയിൻ" ആക്കി. ഇന്ന് പത്രോസിൻറ സിംഹാസനത്തിൽ വാണരുളുന്ന പീയൂസ് പന്ത്രണ്ടാമൻ അന്ന് അദ്ദേഹത്തിന് "ജനങ്ങളുടെ പുരോഹിതൻ" എന്ന ബിരുദമാണ് നൽകിയത്. അഭിനന്ദനങ്ങളോടും ബഹുമതികളോടും വലിയ പ്രതിപത്തിയില്ലാത്ത ആളായിരുന്നു കോൾപിങ്ങ്.

"എൻറ ശ്രമങ്ങളിൽ വിലമതിക്കാവുന്ന വല്ലതുമുണ്ടെങ്കിൽ നാം സകലത്തിൻറയും ദാതാവായ ദൈവത്തോട് നന്ദിപറയുക" എന്നൊരു മനോഭാവമാണ് ക്രിസ്തുവിൻറ മുന്തിരിത്തോട്ടത്തിലെ ഈ വിനീതവേലക്കാരനുണ്ടായിരുന്നത്. 1859-ൽ കൂടിയ ജർമ്മൻ കത്തോലിക്കരുടെ മഹാസമ്മേളനത്തിൽ കോൾപിങ്ങിനെ അഭിനന്ദിക്കുന്ന ഒരു പ്രമേയം പാസ്സാക്കാൻ ഒരുക്കങ്ങൾ ചെയ്തിരുന്നു. ജയ്‌വിളികൾക്കിടയിൽ അദ്ദേഹം എഴുന്നേററുനിന്ന് കുറച്ചൊരു കോപത്തോടെ പ്രഖ്യാപിച്ചു: "ശ്വാസകോശങ്ങൾ കേടുവരുത്തിയിട്ട് കാര്യമൊന്നുമില്ല. എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ, ഓരോ ആകാശങ്ങളിലിരിക്കുന്ന ജപം ചൊല്ലുക. അതിനു നിങ്ങൾ ഒരുക്കമാണോ?" ജനക്കൂട്ടം നിശ്ശബ്ദമായി. യോഗം പിന്നീട് തുടരാമെന്നുവച്ചു, കൂടിയിരുന്നവരെല്ലാം പിരിഞ്ഞുപോയി പള്ളിയിൽ ചെന്ന് കോൾപിങ്ങിനുവേണ്ടി പ്രാർത്ഥിച്ചു.

1863-ൽ ഒടുവിലത്തെ വിദേശയാത്രകഴിഞ്ഞ് മടങ്ങിയെത്തിയതുമുതൽ അദ്ദേഹത്തിനു സുഖമില്ലാതായി. എന്നിട്ടും പ്രവർത്തനങ്ങൾക്കു കുറവുവരുത്താൻ അദ്ദേഹം കൂട്ടാക്കിയില്ല. ഈ നിലയ്ക്കു പോയാൽ അഞ്ചേയാറോ മാസംകൂടി മാത്രമേ ജീവിക്കാനാവൂ എന്നു ഡോക്ടർമാർ മുന്നറിയിപ്പുനൽകി. എന്നിട്ടും "ദൈവചിത്തം അങ്ങനെയെങ്കിൽ അങ്ങനെ നടക്കട്ടെ" എന്ന് സമാധാനിക്കയാണ് അദ്ദേഹം ചെയ്തത്. 1865 അവസാനമായപ്പോഴേക്കും അദ്ദേഹം തീരെ അവശനായി. ഡിസംബർ 4-ാംതിയതി രോഗം വളരെ കലശലായി. ശയ്യക്കരികെ അദ്ദേഹത്തിൻറ ഒരു ജ്യേഷ്ഠസഹോദരൻ നിന്നിരുന്നു. തൻറ മരക്കുരിശ് ജ്യേഷ്ഠൻറ പക്കൽ കൊടുത്ത് അദ്ദേഹം പറഞ്ഞു:

"ഇതു മുറുകെ പിടിച്ചോളൂ. നിങ്ങളുടെ ആയുധം ഇതായിരിക്കട്ടെ."

അദ്ദേഹത്തിൻറ അവസാനവാക്കുകളായിരുന്നു അവ. അന്നുതന്നെ അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

കൊളോണിലുള്ള അദ്ദേഹത്തിൻറ ശവകുടീരം രണ്ടാം ലോകമഹായുദ്ധത്തിൽ നശിപ്പിക്കപ്പെടുന്നതുവരെ ജർമ്മനിയിൽനിന്നും വിദേശങ്ങളിൽനിന്നും ആയിരക്കണക്കിനാളുകൾ അവിടേക്കു തീർത്ഥയാത്ര നടത്തിയിരുന്നു. അദ്ദേഹത്തിൻറ മാദ്ധ്യസ്ഥത്തിനപേക്ഷിച്ചു ഒട്ടുവളരെപ്പേർക്ക് അത്ഭുതസ്വഭാവമുള്ള അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്. ഈ അത്ഭുതസംഭവങ്ങളുടെ അനുസ്യൂതമായ പ്രേരകശക്തിമൂലമാണ് അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യാനുള്ള ശ്രമങ്ങൾ 15കൊല്ലം മുമ്പുതന്നെ ആരംഭിച്ചിട്ടുള്ളത്. സഭാമാതാവിൻറ മഹാനായ ഈ പുത്രനിലേക്ക് ലോകശ്രദ്ധ സമീപകാലത്തുതന്നെ കേന്ദ്രീകരിക്കപ്പെടട്ടെ എന്നാണ് അദ്ദേഹത്തിൻറ ലോകവ്യാപകമായ മഹാകുടുംബത്തിലെ ലക്ഷക്കണക്കിനംഗങ്ങൾ എന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്.

# കമ്മ്യൂണിസത്തെ അമേരിക്കൻ ഹയരാർക്കി അപലപിക്കുന്നു

കമ്മ്യൂണിസ്റ്റ് മേധാവിത്വം നടമാടുന്ന രാജ്യങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരായി നടത്തപ്പെടുന്ന ഏററം ക്രൂരവും രക്തപങ്കിലവുമായ മർദ്ദനനടപടികളെ അമേരിക്കൻ ഐക്യനാടുകളിലെ കത്തോലിക്കാ മെത്രാന്മാരുടെ സംയുക്തവാർഷികകോൺഫറൻസ് അതിശക്തിയായ ഭാഷയിൽ അപലപിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിനെതിരായുള്ള പ്രവർത്തനം, ക്രിസ്തുവിനെ ഏററം അധികം വെറുക്കുന്ന ഒരു ഭീകരഗണത്തോടുള്ള സമരമായതുകൊണ്ട് അതൊരു "കുരിശുയുദ്ധ"മായി പരിഗണിക്കപ്പെടണമെന്നും, സ്വതന്ത്രലോകം ഒന്നുചേർന്ന് കമ്മ്യൂണിസത്തെ എതിർക്കണമെന്നും കോൺഫറൻസ് വിശദമാക്കുന്നു. കമ്മ്യൂണിസത്തോടുള്ള സമരം മതപരിധികളെ ഉല്ലംഘിക്കുന്നതാണെന്നുള്ള അഭിപ്രായഗതിയെ ഒരു പ്രത്യേക പ്രസ്താവനയിൽ അവർ ഖണ്ഡിക്കുകയും എതിരാളികളെ ശക്തിയുക്തം വെല്ലുവിളിക്കുകയും ചെയ്തിരിക്കുന്നു.

"യൂറോപ്പിലോ ഏഷ്യയിലോ, കമ്മ്യൂണിസം അതിൻറ കരിനിഴൽ പരത്തിയിട്ടുള്ള ഏതെങ്കിലും ഒരു രാജ്യത്തിലേക്കു നിങ്ങളുടെ കണ്ണുകളെ നിങ്ങൾ തിരിക്കുക. മെത്രാന്മാരും, വൈദികരും, സന്യാസികളും, വിശ്വാസികളും രക്ഷയുടെ ചിഹ്നമായ ക്രിസ്തുവിൻറ കുരിശിനു ചുററും അണിനിരന്നിരിക്കുന്ന സുശക്തമായ ഒരു സൈന്യവ്യൂഹത്തെ അവിടെ നിങ്ങൾക്കു കാണുവാൻ സാധിക്കും. ഇവരാണ് ആധുനികകാലത്തിലെ വേദസാക്ഷികളും വിശുദ്ധന്മാരും. ഇതത്രെ ലോകത്തെ ആവരണം ചെയ്യുന്ന അന്ധകാരമദ്ധ്യത്തിൽ മങ്ങാത്ത പ്രകാശമായി ശോഭിക്കുന്നത്.

"സ്വാതന്ത്ര്യലോകത്തിൽ ജീവിക്കുന്ന നാം ഇനിയും ഒരു ശീതസമരത്തെപ്പററി പ്രഭാഷിക്കുന്നു; എന്നാൽ ലോകചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററം ഉഗ്രവും ക്രൂരവുമായ പീഡനം നിരായുധരായ സ്ത്രീപുരുഷഗണങ്ങൾ സഹിച്ചുകൊണ്ടിരിക്കുന്നു!"

പ്രസ്തുത രാജ്യങ്ങളിൽ എപ്രകാരം വൈദികർ അകാരണമായി അറസ്റ്റു ചെയ്യപ്പെടുകയും, മാനഭംഗപ്പെടുത്തപ്പെടുകയും, ശിക്ഷിക്കപ്പെടുകയും, കൊല്ലപ്പെടുകയും ചെയ്യുന്നു എന്നും, രോഗികളും അശരണരുമായ സന്യാസിനികൾ അവരുടെ മഠങ്ങളിൽനിന്ന് എങ്ങനെ വലിച്ചിഴയ്ക്കപ്പെടുന്നു എന്നും നിർബന്ധവേലസ്ഥലങ്ങളിലും കാരാഗൃഹങ്ങളിലും ഇഞ്ചിഞ്ചായി മരിക്കുന്നതിനു വിധിക്കപ്പെടുന്നു എന്നും, ക്രിസ്തീയമാതാക്കളുടെ മാറിൽ പററിപ്പിടിച്ചിരിക്കുന്ന പിഞ്ചുപൈതങ്ങളെ ബലാൽക്കാരമായി പിടിച്ചുപറിച്ചെടുത്തു എങ്ങനെ അവർ നിരീശ്വരന്മാരായ ആരാച്ചാരന്മാർക്കു കൈയേല്പിക്കുന്നു എന്നും വിശദമായി അവർ വിശകലനം ചെയ്തു കാണിച്ചശേഷം, "ഈ ദൈവത്തിലും അവിടുത്തെ ക്രിസ്തുവിലും വിശ്വസിക്കുന്നവരും, ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യബോധം അവകാശപ്പെടുന്നവരുമായ എല്ലാം ജനതയ്ക്കുമെതിരായിട്ടുള്ള ഒരു സമരമാണ്" എന്നവർ പ്രഖ്യാപിക്കുന്നു.

"ഇന്നത്തെ ദുർഘടസന്ധി സർവ്വപ്രധാനമായി മതത്തിൻറ ദുർഘടസന്ധിയാണെന്നും, കമ്മ്യൂണിസ്റ്റായ അവഹേളകൻ ദൈവവിരോധിയാണെന്നും, അയാളുടെ പ്രത്യക്ഷവും പരമവുമായ ലക്ഷ്യം ക്രിസ്തുമതത്തെ നശിപ്പിക്കുക എന്നതാണെന്നും സ്വതന്ത്രരാജ്യങ്ങളിലെ ജനവിഭാഗം ഇനി എന്നാണ് മനസ്സിലാക്കുക?" എന്ന് അവർ ചോദിക്കുന്നു.

"മാർക്സ് മുതൽ മലങ്കോവുവരെയുള്ള കമ്മ്യൂണിസ്റ്റുകളെല്ലാം ക്രിസ്തു ഇരുത്തപ്പെടേണ്ട ഒരു ശത്രുവാണെന്നു വ്യക്തമാക്കിയിരിക്കുന്നു." എന്നാൽ അവരുടെ വഞ്ചനാപരമായ പ്രചാരണംമൂലം ഈ വസ്തുത ബഹുജനങ്ങളിൽനിന്നു മറച്ചുവച്ചിരിക്കുന്നു. "സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തപ്പെടുന്ന ഈ പ്രക്ഷോഭണം ക്രിസ്തുവിൻറ ബദ്ധശത്രുക്കൾക്കെതിരായിട്ടുള്ള സമരമാണെന്നും ഇന്നുവരെ ജീവാർപ്പണം ചെയ്തിട്ടുള്ള ക്രിസ്ത്യാനികൾ ശേഷിക്കുന്ന നമുക്കു ജീവിക്കുന്നതിനുവേണ്ടി അപ്രകാരം ചെയ്തിട്ടുള്ളവരാണെന്നും ഗ്രഹിക്കുന്നവർ എത്ര ചുരുക്കമാണെന്നും" അവർ വിലപിക്കുന്നു!

"ഇന്നത്തെ മഹാവിജയികളെന്നു ചരിത്രം ഘോഷിക്കാനിരിക്കുന്ന വേദസാക്ഷികളുടെ ശരിയായ പട്ടിക കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ മാത്രമേ കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. നിർണ്ണായകമായ ഈ സമരസന്ധിയിൽ ഉപചാരപൂർവ്വകമായ നിഷ്പക്ഷതാമൂടുപടത്തിനുള്ളിൽ അഭയംതേടുന്ന ഭീരുക്കളോടു ചരിത്രം സഹിഷ്ണുതകാണിക്കുകയില്ല. നമ്മുടെ വേദസാക്ഷികളുടേയും വിശുദ്ധന്മാരുടേയും മഹത്വത്തെ നിസ്സാരങ്ങളും വെറും ഭാവനാത്മകങ്ങളുമായ അഭിപ്രായവ്യത്യാസങ്ങൾമൂലം ഗോപനം ചെയ്യുന്നതിനു തുനിയുന്ന ഇടുങ്ങിയ മനസ്ഥിതിക്കാരായ കക്ഷികളെപ്പററി എന്താണു പറയുക. ഈ പരീക്ഷണകാലത്തിൻറ മൂർദ്ധന്യത്തിൽ കർത്തവ്യബോധമില്ലാതെ അവസരസേവകരായി മാറുന്ന അവരുടെ ഇടുങ്ങിയ മനസ്ഥിതി കുററാർഹമല്ലാതെ വരുമോ? അവരെ ദൈവത്തിൻറ വിധിത്തീർപ്പിനും അവരുടെ മനസ്സാക്ഷിയുടെ പീഡനങ്ങൾക്കും നമുക്കു കൈവിടുകയും അവർക്കുവേണ്ടി "പിതാവേ. അവർ ചെയ്യുന്നതെന്തെന്നു അവരറിയുന്നില്ല, അവരോടു ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. നിശ്ശബ്ദമാക്കപ്പെട്ട സഭാവിഭാഗങ്ങളിലുൾപ്പെട്ട നമ്മുടെ പീഡിതരായ സഹോദരന്മാർക്കുവേണ്ടി കർത്തവ്യബോധത്തോടുകൂടി നിരന്തരമായും തീക്ഷ്ണമായും നമുക്കു പ്രാർത്ഥിക്കാം."

"ആധുനികലോകത്തിൽ നടമാടുന്ന, ദൈവത്തിനും മനുഷ്യനും വിരുദ്ധമായ ഈ പുതിയ മർദ്ദനത്തിനെതിരായി നമ്മുടെ ഏകയോഗമായ പ്രതിഷേധസ്വരം നമുക്കുയർത്താം. നീതിബോധമുള്ള മാനവമനസ്സാക്ഷികളേയും ലോകശക്തികളുടെ ഭരണകേന്ദ്രങ്ങളേയും ഈ പ്രതിഷേധധ്വനി പിളർക്കട്ടെ."

"പീഡിതരായ പ്രിയപ്പെട്ട സഹോദരരേ, നിങ്ങളുടെ വിശ്വാസം ലോകത്തെ അടിപ്പെടുത്തുന്ന വിജയമാണ്; നിങ്ങളുടെ പീഡകൾ ആധുനികലോകത്തെ സുഖപ്പെടുത്തുന്ന ദിവ്യഔഷധമായി തീരട്ടെ!'

*Just Received*
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

## സംഭവകഥകൾ

### കഴുതയെക്കൊണ്ടുള്ള ഉപയോഗം

ആർസിലെ വികാരി എന്നറിയപ്പെടുന്ന ജോൺ വിയാന്നി പഠനത്തിൽ മരമണ്ടനായിരുന്നു. പക്ഷെ, ഫലിതമയമായി സംസാരിക്കുവാൻ ഒരു പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. സെമിനാരിയിൽവച്ചു വൈദികപട്ടം കൊടുക്കുന്നതിനു മുമ്പായി മെത്രാൻറ പ്രതിനിധി അദ്ദേഹത്തിൻറ ദൈവശാസ്ത്രപരീക്ഷ നടത്തുകയായിരുന്നു. ജോൺ വിയാന്നിയുടെ വിഡ്ഢിത്തങ്ങൾ കേട്ട് ശരികെട്ട് അദ്ദേഹം വിളിച്ചുപറഞ്ഞു:-"ഇതൊരു മഴക്കഴുതയാണ്. ഇതിനെക്കൊണ്ടെന്തിനുകൊള്ളാം?"

വിയാന്നിയുടെ മറുപടി:-"അല്ലയോ, പ്രൊഫസരെ, ഒരു കഴുതയുടെ താടിയെല്ലുമാത്രംകൊണ്ട് സാംസൻ 3000 ഫിലിസ്ത്യരെ കൊന്നൊടുക്കിയെങ്കിൽ ഒരു മുഴുകഴുതയെക്കൊണ്ട് ദൈവത്തിന് എന്തു ചെയ്തുകൂടാ?"

* * *

### മതത്തിനുള്ള തെളിവ്

വിവാഹം കഴിക്കുന്നകാലത്തു ഞാൻ ഒരു കത്തോലിക്കയായിരുന്നില്ല. കത്തോലിക്കനായ ഭർത്താവിൻറ വിശ്വാസത്തെ ഒന്നളന്നുനോക്കണമെന്നു ഞാൻ തീരുമാനിച്ചു. കത്തോലിക്കർ വെള്ളിയാഴ്ച മാംസം വർജ്ജിക്കണമെന്ന് നിയമമുണ്ടല്ലോ. അറിയാത്തമട്ടിൽ ഒരു വെള്ളിയാഴ്ച ഭക്ഷണത്തിന് ഞാൻ നല്ല പൊരിച്ച മാംസം തയ്യാറാക്കിവച്ചു. ഞങ്ങൾ ഭക്ഷണം ആരംഭിച്ചു ശാന്തമായി അദ്ദേഹം എന്നോടുപറഞ്ഞു:- "പ്രിയേ, ഞാൻ പറഞ്ഞിട്ടില്ലേ, വെള്ളിയാഴ്ച ഞാൻ ഇറച്ചി ഉപയോഗിക്കുകയില്ലെന്ന്. നീയതോർമ്മിക്കണേ." പിന്നീടൊരു വെള്ളിയാഴ്ചയും ഞാൻ ഇറച്ചി തയ്യാറാക്കിവച്ചു. ഇത്തവണ അദ്ദേഹത്തിൻറ ആജ്ഞ ദൃഢതരമായിരുന്നു: "വെള്ളിയാഴ്ചദിവസങ്ങൾ നിനക്കോർമ്മിക്കാൻ വിഷമമാണെങ്കിൽ നമ്മുടെ കലണ്ടറിൽ പ്രത്യേകം ഒന്നടയാളപ്പെടുത്തിവെക്കുക." മൂന്നാമതൊരുതവണയും ഈ പരീക്ഷണം ഞാൻ ആവർത്തിച്ചു. അന്നു ഫലം നിർണ്ണായകമായിരുന്നു. പ്ലേററ് അദ്ദേഹത്തിൻറ മുമ്പിൽ വച്ചുകഴിഞ്ഞില്ല; പ്ലേററും പൊരിച്ചമാംസവും എല്ലാം കൂടി എടുത്ത് ജനലിൽക്കൂടി പുറത്തേക്ക് ഒരേറ്. ഇത്ര ധീരമായ ഒരു വിശ്വാസം യഥാർത്ഥമാകാതെ തരമില്ലെന്നു ഞാൻ മനസ്സിലാക്കി. ഇന്നു ഞാൻ കത്തോലിക്കയാണ്.

* * *

### പൂർവ്വസ്മരണകൾ

പന്ത്രണ്ടാം ലിയോ 1823-ൽ മാർപ്പാപ്പായായി. കർദ്ദിനാൾ കസ്റ്റിഗ്ലിയോൻ 1829-ൽ അദ്ദേഹത്തിൻറ പിൻഗാമിയായി 8-ാം പീയൂസ് എന്ന പേരിൽ മാർപ്പാപ്പായായി. 1825-ൽ വിശുദ്ധവത്സരം ഉൽഘാടനം ചെയ്യുന്ന ചടങ്ങുകൾ നടന്നുകൊണ്ടിരിക്കയാണ്. പത്രോസിൻറ ദേവാലയത്തിൻറ വിശുദ്ധവാതിൽ ഇടിച്ചുതുറക്കുന്നതിനുള്ള ഭാഗംവന്നു. കർമ്മങ്ങളിൽ സഹായിച്ചുകൊണ്ടിരുന്ന കർദ്ദിനാൾ കസ്റ്റിഗ്ലിയോൻ പരിശുദ്ധമാർപ്പാപ്പായുടെ കൈയിലേക്കു വാതിൽ തകർക്കുന്നതിനുള്ള വെള്ളി ചുററിക കൊടുത്തു. ഫലിതപ്രിയനായ ലിയോ മാർപ്പാപ്പാ കർദ്ദിനാളിൻറനേരെ തിരിഞ്ഞുകൊണ്ടു പറഞ്ഞു:- "50കൊല്ലം മുമ്പു ഇതേ സാഹചര്യങ്ങളിൽ

(ശേഷം 8-ാംപേജിൽ)

# ടെലെവിഷൻ

ആധുനികകാലത്തെ ശാസ്ത്രീയകണ്ടുപിടുത്തങ്ങളിൽ മനുഷ്യർക്ക് വിജ്ഞാനവും വിനോദവും ഒരേ സമയത്തു പ്രദാനംചെയ്യുന്ന വിലയേറിയ ഉപകരണങ്ങളിൽ ഒന്നു ടെലെവിഷനാണ്. വിദൂരതയിൽ നടക്കുന്ന സംസാരം അടുത്തു കേൾക്കുവാൻ സഹായിക്കുന്ന ശാസ്ത്രീയോപകരണമാണ് റേഡിയോ. വിദൂരത്തിൽ നടക്കുന്ന സംഭവം അടുത്തു കാണുവാൻ സഹായിക്കുന്ന ശാസ്ത്രീയോപകരണമാണ് ടെലെവിഷൻ. കേൾവിക്കും കാഴ്ചയ്ക്കും ഇപ്രകാരം സഹായിക്കുന്ന ഉപകരണങ്ങൾ മനുഷ്യർക്കു വളരെ ഉപയോഗപ്രദമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ കേൾക്കാൻ കൊള്ളാത്ത സംസാരവും കാണാൻ കൊള്ളാത്ത സംഭവവും ഉണ്ടാകാം. അവയുടെ കാര്യത്തിൽ ഈ ഉപകരണങ്ങൾ മനുഷ്യർക്ക് ഉപദ്രവകരങ്ങളായിത്തീരുന്നതാണ്. അങ്ങനെ വരാതിരിക്കുവാൻ ആ ഉപകരണങ്ങളുടെ കൈകാര്യകർത്തൃത്വം വഹിക്കുന്നവർ ശ്രദ്ധിച്ചാൽ അത്തരം ഉപദ്രവങ്ങൾ ഒഴിച്ചുവയ്ക്കുവാൻ കഴിയും. ടെലെവിഷനെപ്പററി നമ്മുടെ പ. പിതാവ് പന്ത്രണ്ടാം പീയൂസ് തിരുമേനി ഈയിടെ ചെയ്ത ഒരു പ്രഭാഷണത്തിൽ ഇക്കാര്യം പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. പ്രസ്തുത ശാസ്ത്രീയോപകരണത്തെ തിരുമേനി വളരെയധികം വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്തു. അതേസമയംതന്നെ മനുഷ്യർക്ക് അതിൽനിന്നു ഗുണമല്ലാതെ ദോഷംവരാൻ ഇടയാകാത്തവണ്ണം അതു ദുരുപയോഗിക്കരുതെന്ന് അവിടുന്നുൽബോധിപ്പിച്ചു.

റേഡിയോവും ടെലെവിഷനും ഏററവും ഗുണകരമായി ഉപയോഗിക്കാവുന്ന വിധങ്ങളിൽ ഒന്നു വിശുദ്ധ കുർബാന എന്ന ദിവ്യബലി പ്രക്ഷേപണം ചെയ്യുകയാണ്. റേഡിയോവിൽക്കൂടി കുർബാനയിലെ പ്രാർത്ഥനകളും പാട്ടുകളും പ്രസംഗങ്ങളും ധാരാളമായി പ്രക്ഷേപണം ചെയ്യുക പതിവായിത്തീർന്നിട്ടുണ്ട്. ടെലെവിഷൻ താരതമ്യേന പുതിയ കണ്ടുപിടുത്തമായതുകൊണ്ടു അതുവഴിയുള്ള കുർബാനയുടെ പ്രക്ഷേപണം ആരംഭിച്ചിട്ടേയുള്ളൂ. ഇംഗ്ലണ്ടിൽ ആദ്യമായി ഒരു പാട്ടുകുർബാന ടെലെവിഷനിൽക്കൂടി പ്രക്ഷേപണം ചെയ്തതു ലീഡ്സ് പട്ടണത്തിൽ സെൻറ് ആൻസ് കത്തീഡ്റലിൽനിന്നാണ്. അവിടത്തെ മെത്രാൻ ഹീനാൻ തിരുമേനി കുർബാന പാടി. ഇംഗ്ലണ്ടിലെങ്ങുമുള്ള 50 ലക്ഷം കാഴ്ചക്കാർക്ക് ആ കുർബാന അടുത്തുനിന്നു കാണുവാൻ ഇടയായി. സാധാരണഗതിയിൽ കുർബാനയ്ക്കു കൂടുന്ന ആൾക്കു പോലും കാണാൻകഴിയാത്ത കുർബാനയിലെ ഭാഗങ്ങളുണ്ടല്ലോ കൂദാശചെയ്യുന്നതും മററും. ഈ കുർബാനയിൽ ആ ഭാഗങ്ങൾക്കൂടി കാഴ്ചക്കാർക്ക് അടുത്തുനിന്നു കാണുവാൻ തക്കവണ്ണം ടെലെവിഷൻ ക്യാമറ അവയെ പ്രത്യക്ഷമാക്കി. കുർബാനയുടെ ഒരു വിശദീകരണവും കാണികൾക്കു നൽകപ്പെട്ടു. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കമ്പനിയാണ് ഈ കുർബാന ടെലെവിഷൻ ചെയ്തതു. അകത്തോലിക്കരായ കാണികളെ പ്രധാനമായി ഉദ്ദേശിച്ച് മെത്രാൻ തിരുമേനി ഒരു പ്രസംഗം നടത്തുകയും ചെയ്തു.

ടെലെവിഷനിൽക്കൂടി കുർബാന കണ്ടെന്നതുകൊണ്ട് ഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും കുർബാന കാണണമെന്നുള്ള കല്പന നിറവേറുകയില്ല. കൂദാശകളുടെ കാര്യത്തിൽ മുമതല വഹിക്കുന്ന റോമിലെ തിരുസംഘം വിധിപ്രസ്താവിച്ചിട്ടുള്ളതു അങ്ങനെയാണ്. ആ വിധിയെ പരാമർശിച്ച് വത്തിക്കാൻ പ്രസ്സ് ഓഫീസ് ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "ടെലെവിഷനിൽക്കൂടി വിശുദ്ധ കുർബാന കാണുന്നതു എത്ര പ്രശംസനീയമാണെങ്കിലും, വിശുദ്ധ ദിവസങ്ങളിൽ കുർബാന കാണണമെന്നുള്ള കാനോൻ നിയമത്തിലെ കല്പന നിറവേററുവാൻ ആ കാഴ്ച മതിയാകുന്നില്ല." ടെലെവിഷൻ മനുഷ്യർക്കു സർവ്വപ്രകാരേണയും ഉപകാരപ്രദമായിത്തീരുവാൻ ഇടവരട്ടേയെന്നു നമുക്കു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!

അങ്ങനെ വർഷാവസാനപരീക്ഷയായി. കുഞ്ഞുങ്ങൾ ഊണും ഉറക്കവുമില്ലാതെ പാഠപുസ്തകങ്ങളിലും നോട്ടുബുക്കുകളിലും മനസ്സിരുത്തിയിരിക്കയായിരിക്കും. ഇടക്കിടയ്ക്ക് അപ്പന്റെയും അമ്മയുടേയും മററു രക്ഷാകർത്താക്കളുടേയും താക്കീതുകളും നിങ്ങൾക്കു കിട്ടുന്നുണ്ടായിരിക്കും. "എടാ തോമാച്ചാ! നീയിക്കൊല്ലം തോററാൽ പിന്നെ ഈ വീട്ടിൽ നിന്നെ കേററത്തില്ല" എന്നും "മോനെ! അന്തോണീ, നീയിക്കൊല്ലം പാസായാലച്ചാച്ചൻ നിനക്കൊരു റിസ്റ്റ്വാച്ചു വാങ്ങിത്തരും" എന്നുമൊക്കെയുള്ള ഭീഷണികളും പ്രോത്സാഹനങ്ങളും എല്ലാം നിങ്ങളിയവസരത്തിൽ കേട്ടെന്നു വന്നേക്കാം.

"എന്തുവന്നാലും ഞാനൊരക്ഷരം പഠിക്കത്തില്ല; പാസാവ്വോം വേണ്ട" എന്നുവച്ചു നടക്കുന്ന കൊച്ചുചക്കിമാരും "പഠിക്കാനും മററും പാററുല്ല. അറിയാമെങ്കിലെഴുതിവെക്കും; ഭാഗ്യമൊണ്ടെങ്കിൽ പാസാവും" എന്നു പറഞ്ഞുനടക്കുന്ന പൗലോസുമാരും നിങ്ങളുടെ കൂട്ടത്തിൽ കാണും.

അങ്ങനെയുള്ള കുട്ടികളെയൊന്നും ജയിച്ചവരുടെ ലിസ്റ്റിൽപെടുത്താൻ സാദ്ധ്യമല്ല. സമയം വ്യർത്ഥം കളയാതെ പരീക്ഷയ്ക്കൊരുങ്ങുക. പഠിപ്പിച്ചിട്ടുള്ള പാഠങ്ങളെല്ലാം മനസ്സിരുത്തി 2 പ്രാവശ്യമെങ്കിലും വായിച്ച് മനസ്സിലാക്കിയിരിക്കണം. വായിക്കുമ്പോൾ കൂട്ടത്തിൽ ഒരു നോട്ടുപുസ്തകവും പെൻസിലും വെച്ചുകൊള്ളൂ. പ്രധാനപ്പെട്ട കാര്യങ്ങൾ അപ്പഴപ്പോഴെഴുതി കുറിച്ചുകൊള്ളുക. രണ്ടു പേജു വായിച്ചാലുടനെ അതു അടച്ചുപിടിച്ച് അതിൽ വായിച്ച കാര്യങ്ങളെന്താക്കെയാണെന്നു ഒന്നോർമ്മിച്ചുനോക്കണം. ഓർമ്മിക്കാനൊക്കുന്നില്ലെങ്കിൽ പിന്നീടും ആ വശങ്ങൾതന്നെ വീണ്ടും വായിക്കൂ. ഇങ്ങനെ പേജുകൾ ഓരോന്നായി പഴയ പാഠങ്ങൾ മുഴുവൻ ആവർത്തനം നടത്തുക.

പദ്യങ്ങൾ പഠിക്കുമ്പോൾ അതിനിടക്കിടേണ്ട കാമ, സെമികോളൻ, പൂർണ്ണവിരാമം മുതലായ അടയാളങ്ങൾ കൂടി നോക്കി മനസ്സിലാക്കിയിരിക്കണം. മാപ്പുകൾ വരയ്ക്കുകയും സ്ഥലങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യേണ്ടി വന്നേക്കാം. അതും വെറും കടലാസിൽ ഓർമ്മിച്ചു വരയ്ക്കാൻ പഠിക്കണം.

കൊല്ലമെവിടെയെന്നു ചോദിച്ചാൽ ലോകത്തിലമ്മെന്നു പറയുന്ന മിടുക്കന്മാരുണ്ട്. ആ മിടുക്കന്മാർക്ക് മാർക്കു കിട്ടുകയില്ല. പരീക്ഷയിൽ സർവ്വവിഡ്ഢിത്തങ്ങളും എഴുതിവെക്കുന്ന "മിടുമിടുക്കരെ"ക്കുറിച്ചു മുമ്പൊരു കത്തിൽ കുഞ്ഞമ്മാവൻ പറഞ്ഞിരുന്നു. "വാരിക്കോരിപ്പിടിച്ചാലൊന്നുമൊന്നും കിട്ടില്ല" എന്ന തത്വം ഓർമ്മിക്കണം. എല്ലാംകൂടി ഒരു രാത്രികൊണ്ടു തലയ്ക്കുള്ളിലാക്കാമെന്നു കരുതി കുറെ കട്ടൻകാപ്പിയും കപ്പപുഴുങ്ങിയതും ഒരു നുള്ളു പൊടിയും രണ്ടു കെട്ടു ബീഡിയും ഒക്കെക്കരുതിവയ്ക്കുന്നതും ആനമഠയന്മാരുടെ ലക്ഷണമാണ്. മിതമായ തോതിൽ പഠിച്ചാൽ മതിയാകും. കൂടുതൽ ഉറക്കമിളച്ചിട്ട് പിറേറന്ന് പരീക്ഷയ്ക്കു പോകുന്നതു കഷ്ടമാണ്. പരീക്ഷാഹാളിൽ പോയിരുന്നു പഠിച്ചതൊന്നും ഓർക്കാതെ ഉറങ്ങാനേ ഉറക്കമിളപ്പ് സഹായിക്കയൊള്ളൂ. പരീക്ഷയ്ക്കു പഠിക്കേണ്ട കുട്ടികൾ എന്നും അതിരാവിലെ എഴുന്നേൽക്കുക. ദിനകൃത്യങ്ങൾ അനുഷ്ഠിച്ചശേഷം സ്വസ്ഥമായ ഒരു സ്ഥലത്തു സുഖമായിരുന്നു പാഠങ്ങൾ ആവർത്തിക്കുക. കരയുന്ന കുഞ്ഞിനെ മടിയിൽ കിടത്തി താരാട്ടികൊണ്ടായിരിക്കും ചില കുട്ടികൾ ഭൂമിശാസ്ത്രം വായിക്കുന്നതു. അതു സുഖമല്ല. ഒന്നും മനസ്സിൽ കേറില്ല. ആ കുട്ടി പരീക്ഷയിൽ തോല്ക്കാനാണ് ഇടവരുക. പുലർകാലത്തിൽ കുന്നിൻചെരുവിൽനിന്നു വരുന്ന തണുത്ത കാററുംകൊണ്ടാകട്ടെ പാരായണം. ആഹാരം കഴിയുന്നത്ര ലഘുവാക്കുകയാണ് പഠനത്തിനു സുഖം. വയർ ടയർപോലെ വീറിയിരുന്നാൽ ഉറക്കംവരും. അതുകൊണ്ട് ഭക്ഷണം കുറച്ചുകഴിച്ചിട്ട് കൂടുതൽ അദ്ധ്വാനിക്കുക. തോൽവികൾ വരുന്നതു് അധികവും വേണ്ടപോലെ ആലോചന ചെലുത്തി പഠിക്കാത്തതുകൊണ്ടു മാത്രമാണ്.

സത്യദീപം വായനക്കാരായ കുഞ്ഞുങ്ങൾ ഇതിനകം അവരുടെ കടമകളും സമയത്തിന്റെ വിലയും അതിനെ ഉപയോഗിക്കേണ്ട രീതിയും എല്ലാം മനസ്സിലാക്കിയിരിക്കുമെന്ന് കുഞ്ഞമ്മാവനുറപ്പുണ്ട്. അവരെല്ലാം പരീക്ഷയെ അതർഹിക്കുന്ന ഗൗരവത്തോടെ വീക്ഷിക്കയും വിജയം കൈവരിക്കയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

എല്ലാം കുഞ്ഞുങ്ങൾക്കും സകല വിജയങ്ങളും കുഞ്ഞമ്മാവൻ ആശംസിച്ചുകൊള്ളുന്നു.

എന്നു് നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ.



സ്വസ്ഥമായ ഒരു സ്ഥലത്തു് സുഖമായിരുന്നു പാഠങ്ങൾ ആവർത്തിക്കുക.

100-ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള
നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം
എന്നീ സിദ്ധൌഷധങ്ങൾ
തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, മണ്ണഞ്ചേരി, തിരുവനന്തപുരം
എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും
ഇരിഞ്ഞാലക്കുട, ആലുവാ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 100-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.
മാസത്തിൽ രണ്ടു് തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന "കാളൻസ് ബുള്ളററിൻ"നിൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി എഴുതിവരുന്നതുകൊണ്ടു് മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, എരുകൽ, അർശസ്സ്, പ്രമേഹം, ശ്വാസ്ട്രബിൾ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ രോഗങ്ങൾകൊണ്ടു് നിരാശപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്കു രോഗവിവരക്കുറിപ്പുകൾ അയക്കുന്നതിനുപകരം "കാളൻസ് ബുള്ളററിൻ" വായിക്കുന്നതു് ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരു ഉറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു് ഒററപ്രതി രണ്ടണവീതം വിലയ്ക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൗജന്യമായി അയക്കുന്നതുമാകുന്നു.
എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- കാളൻ, നെല്ലായി

ആദ്ധ്യാത്മികവീഥി (19)

# കർത്തവ്യാനുഷ്ഠാനം

ദൈവത്തിന്റെ വത്സലമക്കളേ,

പുണ്യപൂർണ്ണത സ്നേഹത്തിലാണ് അടങ്ങിയിരിക്കുന്നതെന്നും സ്നേഹം തന്നെയും ദൈവഹിതം നിറവേററുകയെന്നുള്ളതാണെന്നും ദൈവഹിതം വേദപ്രമാണങ്ങളിൽനിന്നും തിരുസഭയുടെ കല്പനകളിൽനിന്നും മേലധികാരികളുടെ ആജ്ഞകളിൽനിന്നും മററുമാണ് അറിയേണ്ടതെന്നും, അവ മനസ്സിലാക്കുന്നതിനു് ഞായറാഴ്ചതോറും പള്ളിയിൽ നടത്താറുള്ള പ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കേണ്ടതാണെന്നും പറയുകയുണ്ടായി.

പ്രമാണങ്ങൾ പോലെതന്നെ പ്രധാനമാണ് ഓരോരുത്തന്റെയും കർത്തവ്യങ്ങൾ. ഒരു നാഴികമണി ശരിയായി സമയം കാണിക്കുന്നതിനു് അതിനകത്തുള്ള വിവിധഭാഗങ്ങളെല്ലാം അതതിന്റെ ജോലി കൃത്യമായി ചെയ്തുകൊണ്ടിരിക്കണമല്ലോ. ഒരൊററ ചക്രമെങ്കിലും തിരിയാതിരുന്നാൽ മണി നിന്നുപോകും. തിരിയുന്നുണ്ടെങ്കിൽത്തന്നെയും തിരിയേണ്ട ക്രമത്തിനു തിരിയുന്നില്ലെങ്കിൽ സമയം കൃത്യമായി കാണിക്കയില്ല. അങ്ങനെ മണി ഏവർക്കും ഉപയോഗശൂന്യമായിരിക്കും.

മനുഷ്യസമുദായത്തേയും വിവിധ ഭാഗങ്ങളുള്ള ഒരു യന്ത്രത്തോടുപമിക്കാം. ഓരോ മനുഷ്യവ്യക്തിയും ആ യന്ത്രത്തിന്റെ ഓരോ ഭാഗമാണ്. യന്ത്രത്തിന്റെ വിവിധ ഭാഗങ്ങൾക്കു വ്യത്യസ്തങ്ങളായ വിവിധ ജോലികൾ ചെയ്യാനുള്ളതുപോലെ ഓരോ വ്യക്തിക്കും ചില പ്രത്യേക കടമകൾ നിറവേററേണ്ടതായിട്ടുണ്ട്. ഓരോരുത്തനും അവനവന്റെ കടമകൾ ശരിയായി നിറവേററുന്നപക്ഷം സമുദായമാകുന്ന യന്ത്രം അതിന്റെ നിർമ്മാതാവിന്റെ ഹിതാനുസരണം ശരിയായി പ്രവർത്തിച്ചുകൊള്ളും. നേരേമറിച്ചു ഒരൊററ വ്യക്തിയെങ്കിലും തന്റെ കർത്തവ്യം അനുഷ്ഠിക്കാതിരുന്നാൽ സമുദായജീവിതത്തിനു അത്രമാത്രമുള്ള കുഴപ്പമുണ്ടാകും.

> "വിദ്വേഷബഹുലമായി കൊണ്ടു ഛിന്നഭിന്നമായിരിക്കുന്ന ലോകത്തിൽ കുടുംബസമാധാനമാകുന്ന മരുപ്പച്ചകണ്ടെത്തുന്നവൻ ഭാഗ്യവാനാണ്."
>
> —പന്ത്രണ്ടാംപീയൂസ്

ഒരു വേലക്കാരൻ നേരത്തെ ഉണർന്നു ഭക്ഷണം പാകപ്പെടുത്തുന്നില്ലെന്നു വിചാരിക്കുക. സമയത്തിനു ഭക്ഷണം ലഭിക്കാത്തതുകൊണ്ടു കുടുംബത്തലവനു കൃത്യസമയത്തു ഓഫീസിൽ ചെല്ലാൻ സാധിക്കാതെവരും. അയാൾ ചെല്ലാൻ താമസിക്കുന്നു എന്ന കാരണത്താൽ മററു പലർക്കും വളരെ സമയനഷ്ടവും ധനനഷ്ടവും വേറെ പല അസൗകര്യങ്ങളും ഉണ്ടായെന്നുവരാം. ഇതിനെല്ലാം കാരണം ഒരു ഭൃത്യന്റെ അല്പ അലസതമാത്രമാണ്.

മനുഷ്യസമുദായത്തെ സൃഷ്ടിച്ച ദൈവം അതു ശരിയായി മുമ്പോട്ടുപോകണമെന്നു ആഗ്രഹിക്കുന്നതിനാൽ ഓരോ വ്യക്തിയും അവനവന്റെ ജോലി കൃത്യമായി നിർവ്വഹിക്കണമെന്നും കല്പിക്കുന്നുണ്ട്. അതിനാൽ ഈ സംഗതി നാം ഗൗരവമായി മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതു കൊള്ളാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

Reg. M. No. 2293

# Sathya Deepam

Vol. 27 — Ernakulam March 10. 1954 — No. 28

# വിവിധവൃത്താന്തങ്ങൾ

## അമേരി. മിഷനറി ജപ്പാനുവേണ്ടി വാദിക്കുന്നു

ഫാദർ വില്യം കാസ്റ്റ്മിററർ ജപ്പാനിൽ ജോലിചെയ്യുന്ന ഒരു മേരിനോൾ മിഷനറിയാണ്. ജപ്പാനിൽനിന്നു് പ്രസിദ്ധീകരിക്കുന്ന ടോക്യോ ന്യൂസ് ഏജൻസിയുടെ പത്രാധിപത്യവും അദ്ദേഹം വഹിച്ചുകൊണ്ടിരിക്കുന്നു. വർദ്ധമാനമായി വരുന്ന ജാപ്പ് ജനതയ്ക്കുവേണ്ടി അദ്ദേഹം അമേരിക്കയിലെത്തി സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കയാണ്. അദ്ദേഹത്തിന്റെ അപേക്ഷകളുടെ ചുരുക്കമിതാണ്: "എട്ടുകോടിയോളം ജനങ്ങളുള്ള ഒരു രാജ്യമാണ് ജപ്പാൻ. പ്രതിദിനം മൂവായിരവും നാലായിരവുംവീതം അതു് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൃഷിക്കും ദേഹണ്ഡങ്ങൾക്കും അവർക്കു് സ്ഥലം മതിയാകാതെ വന്നിരിക്കുന്നു. അതിനാൽ ഭക്ഷ്യസാധനങ്ങളുടെ പോരായ്മ രൂക്ഷമായി വരുന്നു. തന്നിമിത്തം ജനനനിയന്ത്രണപദ്ധതികളിലേക്കു് അവർ പായുന്നു. അതിലേക്കുള്ള ക്ലിനിക്കുകൾ നാട്ടിലെങ്ങും കാണാനുണ്ട്. അമേരിക്കാ, ബ്രസ്സീൽ മുതലായ രാജ്യങ്ങളിൽ വിസ്തൃതമായ സ്ഥലങ്ങൾ കൃഷിചെയ്യാതെ കിടപ്പുണ്ട്. ബ്രസ്സീലിലെ അമേസ്സൻ തീരപ്രദേശങ്ങൾമാത്രം കൃഷിചെയ്താൽ 10 കോടി ജനങ്ങൾക്കുവേണ്ട ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുമെന്നു പറയപ്പെടുന്നു. ഇത്തരം പ്രദേശങ്ങളിൽ ജപ്പാൻകാർക്കു് കൃഷിക്കു സ്ഥലം നൽകിയാലല്ലാതെ ഈ പ്രശ്നം പരിഹരിക്കപ്പെടുക സാദ്ധ്യമല്ല. ഇങ്ങനെ ഒരു പ്രതിവിധി കണ്ടെത്താത്തപക്ഷം തൃതീയലോകമഹാസമരം അനിവാര്യമായിത്തീരും."

## ജർമ്മൻ വൈദികന്റെ അനുഭവങ്ങൾ

ദൈവവചനസഭാംഗമായ ഫാദർ ഹെയിൻറിച്ച് ഷിമിററ്സ് എന്ന ദേഹം രണ്ടരക്കൊല്ലത്തോളം ചൈനായിലെ കമ്മ്യൂണിസ്റ്റു കാരാഗൃഹങ്ങളിൽ കഴിച്ചുകൂട്ടിയശേഷം ഹോങ്കോങ്ങിൽ എത്തിയിരിക്കുന്നു. 1950-ൽ അദ്ദേഹത്തെ പിടികൂടി 5 മണിക്കൂറുനേരത്തെ വിസ്താരത്തിനുശേഷം മൂന്നുകൊല്ലത്തെ തടവിനു വിധിക്കയാണു ചെയ്തതു്. ക്ഷമാപണം ചെയ്താൽ വിട്ടയക്കാമെന്നറിയിച്ചു. പല ഭീഷണികൾ പ്രയോഗിച്ചിട്ടും അദ്ദേഹം വഴിപ്പെട്ടില്ല. ടീസിനാൽ തടവിൽ വച്ച് അഞ്ഞൂറോളം മണിക്കൂർ അദ്ദേഹത്തെ വിസ്തരിച്ചു. സാമ്രാജ്യചാരനാണെന്നു ഏററു പറയണം. അതായിരുന്നു വിസ്താരത്തിന്റെയെല്ലാം ആന്തരം. അദ്ദേഹം ലവലേശം വഴങ്ങിക്കൊടുത്തില്ല. അനന്തരം കുറേക്കാലം ഏകാന്തതടവിനു് വിധിച്ചു. പിന്നീട്ട് കഠിനവേലകൾക്കു വിധേയനാക്കി. ഈ ശ്രമങ്ങളൊന്നും ഫലപ്പെടാതെ ഒടുവിൽ അദ്ദേഹത്തെ ചൈനായിൽനിന്നു് ബഹിഷ്കരിക്കയാണ് ചെയ്തതു്. 40 വയസ്സുള്ള ഈ ധീരടൻ അവശനായി ഇപ്പോൾ ഹോങ്കോങ്ങിൽ വന്നെത്തിയിരിക്കുന്നു.

## ഇംഗ്ലീഷ് മെത്രാന്മാരുടെ സംയുക്തപ്രതിഷേധം

കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ നടമാടുന്ന രൂക്ഷതരമായ മതമർദ്ദനത്തെ പ്രതിഷേധിച്ചുകൊണ്ടു് ബ്രിട്ടനിലെ കത്തോലിക്കാ മെത്രാന്മാർ ചേർന്നു് ദീർഘമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. അതിന്റെ ആരംഭം ഇങ്ങനെയാണ്: "ഇംഗ്ലണ്ടിലെയും വെയിത്സിലെയും വൈദികാദ്ധ്യക്ഷന്മാരായ ഞങ്ങൾ വെസ്റ്റ്മിനിസ്റ്ററിൽ സമ്മേളിച്ചു്, പോളണ്ടിലെ കാർഡിനൽ [illegible]നെ ഈയിടെ അറസ്റ്റുചെയ്തതിനെയും, ആ നിർഭാഗ്യരാജ്യത്തിൽ മതസ്വാതന്ത്ര്യം നിശ്ശേഷം നിഹനിച്ചിരിക്കുന്നതിനെയും, പൗരസ്ത്യയൂറോപ്പിൽ സഭയുടെനേർക്കു് അഴിച്ചുവിട്ടിരിക്കുന്ന പൈശാചികമായ മർദ്ദനപരിപാടികളെയും കുറിച്ചുള്ള അതിശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊള്ളുന്നു. ബാൾക്കൻ രാജ്യങ്ങളിലും, യൂഗോസ്ലാവിയായിലും, കമ്മ്യൂണിസ്റ്റു ചൈനായിലും നടക്കുന്ന ദാരുണമായ മതപീഡനത്തെയും ഞങ്ങൾ സർവ്വശക്തിയോടുംകൂടി അപലപിക്കുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ നേർക്കു് ഇത്ര സർവ്വവ്യാപകവും, കഠോരതരവുമായ ആക്രമണം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ പരിഗണിക്കുന്നു. കീഴടക്കിയ രാജ്യങ്ങളുടെമേൽ മാർക്സിസ്റ്റ് സിദ്ധാന്തങ്ങൾ അടിച്ചേല്പിക്കുന്നതിനു മതവിശ്വാസത്തെ ഉന്മൂലനാശം ചെയ്യുന്നതു പററിയ ഒരു മാർഗ്ഗമായിട്ടാണു് കമ്മ്യൂണിസ്റ്റു ഭരണമേധാവികൾ കണ്ടുപിടിച്ചിരിക്കുന്നതു ......"

## അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

യൂറോപ്പിലെ ഒരു പർവ്വതാരോഹണസംഘം ഈയിടെ യൂറോപ്യൻ വൻകരയിലെ ഏററം ഉയർന്ന കൊടുമുടിയായ മൗണ്ട് ബ്ലാങ്കിൽ എത്തുകയുണ്ടായി. 15781 അടി ഉയരമാണ് ആ പർവ്വതശിഖരത്തിനുള്ളതു്. അവിടെവച്ചു് ഒരു പാട്ടുകുർബാന അർപ്പിക്കണമെന്നായിരുന്നു അവരുടെ പ്ലാൻ. എന്നാൽ അവർ മുകളിൽ എത്തിയസമയം മണിക്കൂറിൽ 60 മൈലോളം വേഗതയുള്ള ഉഗ്രമായ കാററ് അവിടെ അടിച്ചുകൊണ്ടിരുന്നു. തന്നിമിത്തം ഏതാനും വിനാഴികകൾ മാത്രമേ അവിടെ താമസിക്കാൻ അവർക്കു് കഴിഞ്ഞുള്ളു. എങ്കിലും ഇറങ്ങിപ്പോരും വഴിക്കു് 14277 അടി ഉയരമുള്ള ഒരു സ്ഥാനത്തുവച്ചു് ദിവ്യബലി അർപ്പിക്കപ്പെട്ടു. "സ്വർഗ്ഗത്തോടു് ഇത്ര സമീപിച്ചു്, ലോകത്തിൽ ഒരിടത്തും ഇതേവരെ ദിവ്യപൂജ അർപ്പിക്കപ്പെട്ടിട്ടില്ല." എന്നത്രെ സംഘനേതാവു് പ്രസ്താവിച്ചതു്. അങ്ങനെ അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതിയുണ്ടായി.

## വി. ബർണ്ണദേത്തിന്റെ തിരുശരീരം ലൂർദിലേക്കു്

1858-ലാണല്ലോ ദൈവജനനി ലൂർദിൽ ബെർണ്ണദേത്തിനു പ്രത്യക്ഷയായതു്. 1958-ൽ അതിന്റെ ശതാബ്ദാഘോഷം നടത്താനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടു്. ബെർണ്ണദേത്തു് നേവെഴ്സിലെ കന്യകാമഠത്തിൽച്ചേർന്നു് 12 കൊല്ലം ജീവിച്ചശേഷം 1879-ൽ ഭാഗ്യമരണം പ്രാപിച്ചു 1933-ൽ അമലോത്ഭവത്തിരുനാളിലാണ് അവൾ വിശുദ്ധയെന്നു് നാമകരണം ചെയ്യപ്പെട്ടതു്. നേവെഴ്സിലെ കോൺവെൻറുചാപ്പലിൽ വിശുദ്ധയുടെ തിരുശരീരം ഇപ്പോൾ സംസ്കരിക്കപ്പെട്ടിരിക്കുന്നു. നാമകരണനടപടികൾക്കായി 1909-ലും 1919 ലും കവറിടം തുറന്നപ്പോൾ ശരീരം അക്ഷയമായി കാണപ്പെട്ടു. ലൂർദിലെ ശതാബ്ദാഘോഷങ്ങൾ പ്രമാണിച്ചു് വിശുദ്ധശരീരം ഗ്രോട്ടോയിലേക്കു കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നു.

## ഓർശലത്തെ ഡലഗാപ്പസ്തോലിക്കാ

മെസെംബ്രിയായുടെ ടിററുലർ മെത്രാപ്പോലീത്തായായ മോസ്റ്റ് റവ. സിൽവിയോ ഓഡി തിരുമേനിയെ പലസ്തീനായുടെ ഡലഗാപ്പസ്തോലിക്കായായി നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ജന്മനഗരമായ പിയച്ചേൻസായിൽവച്ചു്, വെനീസ് പാത്രിയർക്കീസായ കർഡിനൽ റോൻകാല്ലി തിരുമനസ്സുകൊണ്ടാണു പുതിയ ഡലഗാത്തിനു മെത്രാൻപട്ടം നൽകിയതു്. രണ്ടാംലോക മഹായുദ്ധകാലത്തു പലസ്തീനായിലെ ഡലഗാത്തിന്റെ സെക്രട്ടറിയായിരുന്നു ഇദ്ദേഹം. അനന്തരം പാരീസിലെ പേപ്പൽനൺഷിയോയുടെ ഓഡിററായും, യൂഗോസ്ലാവിയായിലെ നൺഷിയേച്ചറിൽ ചാർജ്ജ ഡി അഫേഴ്സായും തിരുമേനി ജോലി നോക്കിയിട്ടുണ്ടു്. യൂഗോസ്ലാവിയായുമായി നയബന്ധം അവസാനിപ്പിച്ചാണു് കുറെമുമ്പു് അവിടെനിന്നു പിരിഞ്ഞതു്.

## വി. ലാസറിന്റെ പുതിയ ദേവാലയം

നമ്മുടെ കർത്താവു ലാസറിനെ ഉയിർപ്പിച്ച സ്ഥാനത്തായി ഫ്രാൻസിസ്കൻ സഭക്കാർ മനോഹരമായ ഒരു വലിയ പള്ളി പണികഴിച്ചിരിക്കുന്നു. ആദ്യശതങ്ങളിൽത്തന്നെ അവിടെ ഒരു ദേവാലയം സ്ഥാപിച്ചതാണ്. അതു നശിച്ചതിനോടെ ബിസൻടൈൻ റീത്തുകാർ അവിടെ വേറൊന്നു പണിതീർത്തു. അതും നഷ്ടിഭവിച്ചപ്പോൾ കുരിശുയുദ്ധക്കാർ ഒരു പുതിയ പള്ളി അവിടെ സ്ഥാപിച്ചു. കാലാന്തരത്തിൽ അതും നഷ്ടപ്പെട്ടു. അതിനാൽ നാലാമത്തെ പള്ളിയാണ് അവിടെ ഉയർന്നിരിക്കുന്നതു്. ലാസറിന്റെ കല്ലറയായിരുന്ന സ്ഥലം ഈ പള്ളിയോടു തൊട്ടുസ്ഥിതിചെയ്യുന്നു. അതു ഇന്നും മഹമ്മദീയരുടെ കൈവശമാണ്. ആണ്ടുവട്ടത്തിൽ ചില ദിവസങ്ങളിൽ ഫ്രാൻസിസ്കൻ സന്യാസികൾ തീർത്ഥയാത്രയായി അവിടെച്ചെന്നു് ദിവ്യബലി അർപ്പിച്ചുവന്നിരുന്നു.

## കത്തീഡ്രലിന്റെ സുവർണ്ണജൂബിലി

ലണ്ടനിലെ കത്തോലിക്കാ ഭദ്രാസനദേവാലയമായ വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രൽ സ്ഥാപിച്ചിട്ടു 50 കൊല്ലം തികഞ്ഞതിന്റെ ജൂബിലിമഹം ബ്രിട്ടീഷ് കത്തോലിക്കർ അത്യാഡംബരമായി കൊണ്ടാടിയിരിക്കുന്നു. ഏഴുദിവസത്തെ ഘോഷങ്ങളാണ് നടന്നതു്. പ്രോട്ടസ്റ്റൻറു മതവിപ്ലവാനന്തരം പല ശതകങ്ങൾതന്നെ കടന്നുപോയി. കത്തോലിക്കർക്കു ലണ്ടനിൽ ഒരു മെത്രാസനമില്ലാതെ. ദീർഘകാലത്തെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഒടുവിൽ ഇങ്ങനെയൊന്നു അനുവദിച്ചുകിട്ടി. ഇതെല്ലാംകൊണ്ടും ഇംഗ്ലണ്ടിലെ കത്തോലിക്കരുടെ ഒരു ശക്തികേന്ദ്രമെന്നപോലെയാണ് ഈ കത്തീഡ്രൽ ഇന്നു നിലകൊള്ളുന്നതു്. ആഘോഷങ്ങളുടെ ഉൽഘാടനസമ്മേളനത്തിൽ മോൺസിഞ്ഞോർ റൊണാൾഡ് നോക്സ് പറഞ്ഞു: "ലണ്ടൻനഗരത്തിൽ ചരിത്രപ്രസിദ്ധങ്ങളായ പല ദേവാലയങ്ങളുണ്ടു്. നമ്മുടെ ഈ ആരാധനാകേന്ദ്രം സ്ഥാപിതമായിട്ടു 50 സംവത്സരങ്ങളേ ആയിട്ടുള്ളു. എങ്കിലും ലണ്ടനിലെ പള്ളികളുടെകൂട്ടത്തിൽ മൂന്നാംസ്ഥാനം ഇന്നു നമ്മുടെ ഈ പള്ളിക്കുണ്ടു്. അതിന്റെ ഇന്നത്തെ ഔന്നത്യത്തിനു നമ്മളാരും ഭഗീരഥയത്നങ്ങളൊന്നും ചെയ്തിട്ടില്ല. പിന്നെ എങ്ങനെയാണെന്നു പറയാം. വലിയ വെസ്റ്റ്മിനിസ്റ്റർ ആബിയുണ്ടു്. അതിനെ നഗരവാസികൾ ഒരു പ്രദർശനശാലയായിട്ടേ കരുതുന്നുള്ളു. ബ്രഹ്മാണ്ഡമായ സെൻറ് പോൾസ് പള്ളിയുണ്ടു്. അതു ഒരു സ്മാരകസൗധമായിട്ടേ കരുതപ്പെടുന്നുള്ളു. എന്നാൽ നമ്മുടേതോ? അതു ഒരു പ്രാർത്ഥനയുടെ ഭവനമായിട്ടാണ് അറിയപ്പെടുന്നതു്. പ്രാർത്ഥനാനിരതരായി നിരവധി വിശ്വാസികൾ ഇവിടെ വന്നും പോയും ഇരിക്കുന്നതു എല്ലാവർക്കും കാണാം."

## കർദ്ദി: വിഷിൻസ്കിയെ പീഡിപ്പിക്കുന്നു

പോളണ്ടിലെ പ്രൈമേറ്റായ അത്യുന്നതകർദ്ദിനാൾ വിഷിൻസ്കി അവിടെത്തന്നെ ഏതോ ഒരു സന്യാസമന്ദിരത്തിൽ തടങ്കലിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ അറിവായിരുന്നതു്. എന്നാൽ ഇരുമ്പുമറയുടെ പുറകിൽനിന്നു ഈയിടെ വെളിക്കുവന്ന ഒരു വാർത്തയിൽ കാണുന്നതു് തിരുമേനിയെ ഇപ്പോൾ മോസ്കോയിലുള്ള കുപ്രസിദ്ധമായ ലൂബിയാങ്കാ കാരാഗൃഹത്തിൽ അടച്ചിരിക്കുന്നു എന്നാണ്. തിരുമേനിയോടും കമ്മ്യൂണിസ്റ്റു മർദ്ദനപരിപാടികൾ അനുവർത്തിക്കപ്പെടുന്നുണ്ടെന്നാണു് ഇതിൽനിന്നു [illegible]. കർദ്ദിനാൾ മിൻസെൻറിയോടു ചെയ്തതുപോലെ ഒരു 'കാപട്യസമരം' നടത്തുന്നതിനു തിരുമേനിയെയും [illegible] ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും അനുമാനിക്കാം. കമ്മ്യൂണിസ്റ്റു രീതിയിലുള്ള പരസ്യവിസ്താരത്തിനു പ്രതീകയ പല പീഡനപരിപാടികളിലൂടെ [illegible] ഈ പരിപാടികളെല്ലാം മുഴുകഴിഞ്ഞു കുററസമ്മതത്തിനുള്ള നിലയിൽ എത്തുമ്പോഴാണ് വിസ്താരനാടകാഭിനയത്തിനു തയാറാകുന്നതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

